08
ആഗസ്റ്റ് 2024
വ്യാഴം
1446 സഫർ 04
1199 കർക്കിടകം 24
പേജ് 10
അബുദാബി

ഗൾഫ് ചന്ദ്രിക

ഗൾഫ് ചന്ദ്രിക
https://gulf-chandrika.com/
facebook.com/@gulfchandrika
instagram.com/@gulfchandrika
youtube/@gulfchandrika

കോഴിക്കോട് | കൊച്ചി | കണ്ണൂർ | തിരുവനന്തപുരം | മലപ്പുറം | കോട്ടയം | പാലക്കാട് | അബുദാബി | ദോഹ | ബഹ്റൈൻ | റിയാദ് | ജിദ്ദ | ദമാം
Registered. NO. KL/CT/9/2024-26 | Chandrika Daily | Managing Director: Panakkad Syed Sadikali Shihab Thangal



# 140 കോടി ജനതയുടെ കണ്ണീർ

## ഒളിംപിക്സ് ഫൈനൽ മത്സരത്തിനു തൊട്ടു മുമ്പ് ഗുസ്തി താരം വിനേഷ് ഫോഗട്ടിന് അമിതഭാരം ചൂണ്ടിക്കാട്ടി അയോഗ്യത

പാരീസിൽനിന്ന്
**കമാൽ വരദൂർ**

നൂറ്റിനാൽപ്പത് കോടി ഇന്ത്യൻ ജനതയുടെ സ്വപ്നങ്ങൾ തകർത്ത് പാരീസ് ഒളിംപിക്സ് വേദിയിൽ നിന്ന് രാജ്യത്തെ നടുക്കിയ വാർത്ത. സ്വർണപ്രതീക്ഷ വച്ച ഇന്ത്യൻ വനിതാ ഗുസ്തിതാരം വിനേഷ് ഫോഗട്ടിനെ ഫൈനൽ മത്സരത്തിന് മണിക്കൂറുകൾ മാത്രം മുമ്പ് ഭാരക്കൂടുതൽ ചൂണ്ടിക്കാട്ടി അയോഗ്യയാക്കി. 50 കിലോഗ്രാം ഫ്രീസ്റ്റൈൽ വിഭാഗത്തിൽ ഫൈനൽ മൽസര ദിവസമായ ഇന്നലെ രാവിലെ ഭാരപരിശോധനക്ക് വിധേയയായപ്പോൾ 100 ഗ്രാം അധികഭാരമുണ്ടെന്ന് കണ്ടെത്തിയാണ് അയോഗ്യയാക്കിയത്. ആഗോള കായിക മാമാങ്ക വേദിയിൽ രാജ്യം വലിയ നേട്ടം പ്രതീക്ഷിച്ച ഇനത്തിൽ വിനേഷ് അയോഗ്യയാക്കപ്പെട്ട വാർത്ത നടുക്കത്തോടെയും കണ്ണീരോടെയുമാണ് രാജ്യം ശ്രവിച്ചത്. ഗുസ്തി ഫെഡറേഷൻ പ്രസിഡണ്ടായിരുന്ന ബി.ജെ.പി മുൻ എം.പി ബ്രിജ് ഭൂഷൺ ശരണിനെതിരായ പോരാട്ടത്തിലൂടെ ബി.ജെ.പിയുടെ കണ്ണിലെ കരടായി മാറിയ വിനേഷ് ഫോഗട്ടിന്റെ പുറത്താകലിൽ ഇന്ത്യൻ ഒളിംപിക് അസോസിയേഷനും കായിക മന്ത്രാലയവും സംശയ നിഴലിലാണ്.
ബ്രിജ്ഭൂഷൺ സിംഗ് വനിതാ ഗുസ്തി താരങ്ങളെ ലൈംഗികമായി പീഢിപ്പിക്കുന്നു എന്നാരോപിച്ച് ഡൽഹിയിൽ ഐതിഹാസിക പ്രതിഷേധ സമരം സംഘടിപ്പിച്ചവരിൽ പ്രധാനിയായിരുന്നു വിനേഷ്. പാരീസ് ഒളിംപിക്സ് സംഘത്തിൽ അവരെ ഉൾപ്പെടുത്താതിരിക്കാനും വലിയ ശ്രമങ്ങൾ നടന്നിരുന്നു. ഇഷ്ട വിഭാഗമായ 53 കിലോഗ്രാം ഇനത്തിൽ അവസരം നിഷേധിച്ചതിനെതുടർന്നാണ് 50 കിലോഗ്രാം വിഭാഗത്തിൽ മത്സരിക്കേണ്ടി വന്നത്. ചൊവ്വാഴ്ച്ച നടന്ന ആദ്യറൗണ്ടുകളിൽ ലോക ഒന്നാം നമ്പർ താരത്തെ വരെ അട്ടിമറിച്ച് തകർപ്പൻ പ്രകടനം നടത്തിയാണ് വിനേഷ് ഫൈനലിന് യോഗ്യത നേടിയത്. ചൊവ്വാഴ്ച വൈകീട്ട് നടന്ന സെമി ഫൈനലിനു ശേഷം നടത്തിയ പരിശോധനയിൽ 52 കിലോഗ്രാം ശരീരഭാരം കണ്ടതോടെ കഴിഞ്ഞ രാത്രി മുഴുവൻ ഉറക്കമൊഴിച്ച് വർക്ക്ഔട്ട് ചെയ്ത് ഭാരം കുറക്കാൻ വിനേഷ് ശ്രമിച്ചിരുന്നു. ഇതിനായി ജോഗിങ്, സൈക്ലിങ് അടക്കമുള്ള കഠിന പരിശീലന മുറകളിൽ ഏർപ്പെട്ട താരം, മറ്റൊരു താരവുമായി ഗുസ്തി പിടിച്ചും ശരീര ഭാരം നിയന്ത്രിക്കാൻ ശ്രമം നടത്തി. എന്നാൽ ഇന്നലെ രാവിലെ നടന്ന ഭാരപരിശോധനയിൽ 100 ഗ്രാം അധികമായതോടെ അവസാന 15 മിനുട്ടിൽ മുടി മുറിച്ചും മറ്റും സാധ്യമായ എല്ലാ മാർഗങ്ങളിലൂടെയും ശ്രമിച്ചെങ്കിലും ഫലം ചെയ്തില്ല. ഇതോടെയാണ് 140 കോടിയുടെ സ്വപ്നങ്ങൾ വീണുടഞ്ഞ വേദനയേറിയ തീരുമാനം പുറത്തുവന്നത്. നിർജലീകരണത്തെ തുടർന്ന് വിനേഷ് ആശുപത്രിയിലുമായി.

ഇന്ത്യൻ ഒളിംപിക് അസോസിയേഷൻ രാജ്യാന്തര ഒളിംപിക് കമ്മിറ്റിക്കും രാജ്യാന്തര ഗുസ്തി ഫെഡറേഷനും പരാതി നൽകിയെങ്കിലും കാര്യമുണ്ടായില്ല. അയോഗ്യയാക്കപ്പെട്ട വിനേഷ് മൽസരപട്ടികയിൽ അവസാന സ്ഥാനക്കാരിയായി. വിനേഷിനോട് സെമിയിൽ പരാജയപ്പെട്ട താരത്തിന് ഫൈനൽ ബെർത്ത് നൽകുകയും ചെയ്തു.

ഗൂഢാലോചന ആരോപിച്ച് പ്രതിപക്ഷം പാർലമെന്റും പ്രക്ഷുബ്ധം
10
ഒരുമുഴം മുന്നേ എറിഞ്ഞ് മോദി ആശ്വസിപ്പിച്ച് രാഹുൽ

ഉറങ്ങാതെ വ്യായാമം തോൽപ്പിച്ച് നിയമം ഹൃദയഭേദകം
08



## ദേശീയ ദുരന്തമായി പ്രഖ്യാപിക്കണം രാഹുൽ

ന്യൂഡൽഹി: നിരവധി പേരുടെ ജീവനെടുത്ത ചൂരൽമല ഉരുൾപൊട്ടൽ ദേശീയ ദുരന്തമായി കേന്ദ്ര സർക്കാർ പ്രഖ്യാപിക്കണമെന്ന് പ്രതിപക്ഷ നേതാവ് രാഹുൽഗാന്ധി ലോക്സഭയിൽ ആവശ്യപ്പെട്ടു. ലോക്സഭയുടെ ശൂന്യവേളയിൽ സംസാരിക്കുന്നതിനിടെയാണ് രാഹുൽ ഇക്കാര്യം ആവശ്യപ്പെട്ടത്. വയനാടിനു വേണ്ടി സമഗ്രമായ പുനഃരധിവാസ പാക്കേജും ദുരിതബാധിതകർക്ക് വലിയ തുക നഷ്ടപരിഹാരവും നൽകണമെന്ന് രാഹുൽ ആവശ്യപ്പെട്ടു. "കുറച്ചു ദിവസങ്ങൾക്കു മുമ്പ് ഞാൻ വയനാട് സന്ദർശിച്ചു. ദുരന്തത്തിന്റെ ഫലമായുണ്ടായ വേദനയും ദുരിതവും നേരിട്ട് കണ്ടു. മരണസംഖ്യ 400 കടക്കുമെന്നാണ് റിപ്പോർട്ട്. കർണാടക, തമിഴ്നാട്, തെലുങ്കാന സംസ്ഥാന സർക്കാറുകൾ കേരളത്തിന് നൽകുന്ന സഹായത്തിനും രക്ഷാപ്രവർത്തനങ്ങളിൽ സഹായിച്ച സൈന്യത്തിന്റെ പ്രവർത്തനങ്ങളിലും രാഹുൽ നന്ദി അറിയിച്ചു.

## പ്രധാനമന്ത്രി ശനിയാഴ്ച വയനാട്ടിലേക്ക്

ന്യൂഡൽഹി: ഉരുൾപൊട്ടൽ ദുരന്ത മേഖലകൾ സന്ദർശിക്കുന്നതിനായി പ്രധാനമന്ത്രി നരേന്ദ്രമോദി ശനിയാഴ്ച വയനാട്ടിലെത്തും. പ്രധാനമന്ത്രിയുടെ ഓഫീസ് ആണ് ഇക്കാര്യം അറിയിച്ചത്. ശനിയാഴ്ച ഡൽഹിയിൽ നിന്ന് പ്രത്യേക വിമാനത്തിൽ കണ്ണൂർ വിമാനത്താവളത്തിലെത്തുന്ന മോദി ഇവിടെനിന്ന് ഹെലികോപ്റ്റർ മാർഗമാണ് വയനാട്ടിലെത്തുക. ഉരുൾപൊട്ടൽ മേഖലയിലും ദുരന്തബാധിതരെ പാർപ്പിച്ച ക്യാമ്പുകളിലും പരിക്കേറ്റവർ കഴിയുന്ന ആശുപത്രിയിലും പ്രധാനമന്ത്രി സന്ദർശനം നടത്തുമെന്നാണ് വിവരം.

ദുരന്ത ബാധിതരുടെ പുനരധിവാസം വലിയ വെല്ലുവിളി ഉയർത്തുന്ന പശ്ചാത്തലത്തിൽ പ്രധാനമന്ത്രിയുടെ വരവിനെ പ്രതീക്ഷയോടെയാണ് കേരളം കാണുന്നത്. വയനാടിനായി പ്രത്യേക പാക്കേജ് ഉൾപ്പെടെയുള്ള ആവശ്യങ്ങൾ വയനാട് മുൻ എം.പിയും ലോക്സഭാ പ്രതിപക്ഷ നേതാവുമായ രാഹുൽ ഗാന്ധി പാർലമെന്റിൽ ഉന്നയിച്ചിരുന്നു. ദേശീയ ദുരന്തമായി വയനാട്ടിലെ ഉരുൾപൊട്ടലിനെ പ്രഖ്യാപിക്കണമെന്ന ആവശ്യവും രാഹുൽ ഉന്നയിച്ചിട്ടുണ്ട്. പ്രധാനമന്ത്രിയുടെ സന്ദർശനത്തോടെ അനുകൂല നീക്കം ഉണ്ടാകുമെന്ന പ്രതീക്ഷയിലാണ് കേരളം.

ബെയ്‌ലി പാലത്തിലൂടെ ചൂരൽമലയിലേക്കെത്തി പ്രധാനമന്ത്രി നേരിട്ട് സ്ഥിതി വിലയിരുത്തുമെന്നാണ് വിവരം. കാലാവസ്ഥ പ്രതികൂലമെങ്കിൽ യാത്രാ ഷെഡ്യൂളിൽ മാറ്റം വരാം. ഉദ്യോഗസ്ഥരിൽ നിന്നും ജനപ്രതിനിധികളിൽ നിന്നും പ്രധാനമന്ത്രി വിവരങ്ങൾ ആരായും.

## ദുബൈ പോലീസിന് സ്മാർട്ട് ബോട്ട് സാങ്കേതിക കരാർ ഒപ്പുവച്ചു



ദുബൈ: പോലീസ് സേനയുടെ സ്മാർട്ട് ബോട്ട് പ്രോജക്റ്റ് (ഹദ്ദാദ്) മുന്നോട്ട് കൊണ്ടുപോകുന്ന ശാസ്ത്ര സാങ്കേതിക മേഖലകളിൽ വൈദഗ്ധ്യം കൈമാറ്റം ചെയ്യുന്നതിന് റേഡിയോ ഹോളണ്ട്മിഡിൽ ഈസ്റ്റുമായി ദുബൈ പോലീസ് ധാരണാപത്രം ഒപ്പുവച്ചു. ദുബൈ പോലീസിന് വേണ്ടി ജനറൽ ഡിപ്പാർട്ട്മെന്റ് ഓഫ് ഹ്യൂമൻ റിസോഴ്സ് ഡയറക്ടർ മേജർ ജനറൽ ഡോ. സാലിഹ് അബ്ദുല്ല മുറാദും ദക്ഷിണ യൂറോപ്പ്, മിഡിൽ ഈസ്റ്റ്, ആഫ്രിക്ക ബിസിനസ് ഡയറക്ടർ പാട്രിക് കാംപഗ്നോലി എന്നിവർ റേഡിയോ ഹോളണ്ട് മിഡിൽ ഈസ്റ്റിൽ ധാരണാപത്രത്തിൽ ഒപ്പുവച്ചു. ദുബൈ പോലീസ് സ്മാർട്ട് ബോട്ട് പ്രോജക്റ്റിനായി സ്മാർട്ട് സംവിധാനങ്ങൾ വികസിപ്പിക്കുന്നതിനാണ് ഈ ധാരണാപത്രം. ജലപ്രദേശങ്ങളിലെ സുരക്ഷാ കവറേജ് വർധിപ്പിക്കുകയാണ് പ്രധാന ലക്ഷ്യം. സുരക്ഷാ ബോട്ടുകളുടെ പ്രവർത്തന, പരിപാലന ചെലവുകൾ കുറയ്ക്കുക, ഫീൽഡ് സർവേകളിലൂടെ വേഗത്തിൽ പ്രതികരണവും മെച്ചപ്പെട്ട ഡാറ്റാബേസുകൾക്കും പൊലീസിനെ സഹായിക്കുകയും ലക്ഷ്യമാക്കുന്നു. പ്രകടന നിലവാരം മെച്ചപ്പെടുത്താനും ദുബൈ പോലീസിന്റെ ലക്ഷ്യങ്ങൾ കൈവരിക്കാനും സമൂഹത്തിന്റെ സുരക്ഷയും സുരക്ഷയും ഉറപ്പാക്കാനുമാണ് ഈ ശ്രമങ്ങൾ ലക്ഷ്യമിടുന്നതെന്ന് ഡോ.മുറാദ് പറഞ്ഞു. ദുബൈ പോലീസുമായുള്ള ഈ പങ്കാളിത്തത്തിലൂടെ, ലോകത്തിലെ ഏറ്റവും വലിയ സുരക്ഷാ പദ്ധതികളിലൊന്നിൽ പങ്കെടുക്കാനും ദുബൈ പോലീസിന്റെ ഭാവി കാഴ്ചപ്പാട് സാക്ഷാത്കരിക്കുന്നതിന് സംഭാവന നൽകാനുമാണ് റേഡിയോ ഹോളണ്ട് മിഡിൽ ഈസ്റ്റ് ലക്ഷ്യമിടുന്നതെന്ന് കാമ്പഗ്നോലി പറഞ്ഞു.

## ആൾപാസ് ഇനിയില്ല

തിരുവനന്തപുരം: സ്കൂൾ പരീക്ഷകളിൽ ആൾ പാസ് സംവിധാനത്തിന് വിലങ്ങ് വീഴുന്നു. സബ്ജക്റ്റ് മിനിമം നടപ്പാക്കുന്നതിന് മന്ത്രിസഭായോഗം അംഗീകാരം നൽകി. 2024-25 അക്കാദമിക വർഷം എട്ടാം ക്ലാസ്സിലാണ് ആൾ പാസ് സംവിധാനം ആദ്യം നിർത്തലാക്കുക. അടുത്ത രണ്ടു വർഷങ്ങളിലായി ഒമ്പത്, പത്ത് ക്ലാസുകളിലേക്ക് കൂടി തീരുമാനം വ്യാപിപ്പിക്കും. ഇതോടെ എട്ട്, ഒമ്പത്, പത്ത് ക്ലാസുകളിൽ പരീക്ഷ പാസാകാൻ എല്ലാ വിഷയത്തിനും 30 ശതമാനം മിനിമം മാർക്ക് വേണമെന്ന വ്യവസ്ഥ നിലവിൽ വരും. അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനു വേണ്ടിയാണ് നേരത്തെയുണ്ടായിരുന്ന മിനിമം മാർക്ക് സംവിധാനം തിരിച്ചു കൊണ്ടുവരുന്നത്. സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയുടെ ഗുണമേന്മ വർധിപ്പിക്കുന്നതിനാവശ്യമായ പദ്ധതികളും പ്രവർത്തനങ്ങളും ആസൂത്രണം ചെയ്യുന്നതിനായി മേയ് 26ന് തിരുവനന്തപുരത്ത് സംഘടിപ്പിച്ച എകദിന വിദ്യാഭ്യാസ കോൺക്ലേവിലെ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന്റെ ആദ്യപടിയായാണിത്.

## മുസ്‌ലിംലീഗ് സംസ്ഥാന കമ്മിറ്റി യോഗം ഇന്ന്

കോഴിക്കോട്: വയനാട് പുനരധിവാസ പദ്ധതിയുമായി ബന്ധപ്പെട്ട ചർച്ചകൾക്കായി മുസ്‌ലിംലീഗ് സംസ്ഥാന ഭാരവാഹികൾ, സെക്രട്ടേറിയറ്റ് അംഗങ്ങൾ, പ്രത്യേക ക്ഷണിതാക്കൾ, ജില്ല പ്രസിഡന്റ് ജനറൽ സെക്രട്ടറിമാർ, എം.എൽ.എമാർ എന്നിവരുടെ പ്രത്യേക യോഗം ഇന്ന് രാവിലെ 9.30ന് കോഴിക്കോട് ലീഗ് ഹൗസിൽ ചേരും.

## വഖഫ് നിയമ ഭേദഗതി നീക്കം

# എതിർപ്പുമായി പ്രതിപക്ഷം

ന്യൂഡൽഹി: വഖഫ് കൗൺസിലിന്റെയും വഖഫ് ബോർഡുകളുടേയും അധികാരങ്ങൾ വെട്ടിക്കുറക്കുന്ന വിവാദ ബില്ല് കേന്ദ്ര സർക്കാർ ഇന്ന് പാർലമെന്റിൽ അവതരിപ്പിച്ചേക്കും. അജണ്ടയിൽ ഉൾപ്പെടുത്താതെയാണ് ബിൽ ഇന്ന് ലോക്സഭയിൽ അവതരിപ്പിക്കാൻ ഒരുങ്ങുന്നത്. ബില്ലിന്റെ കരട് ചൊവ്വാഴ്ച വൈകീട്ടോടെ അംഗങ്ങൾക്ക് നൽകി. 1995ലെ വഖഫ് നിയമത്തിൽ 40ഓളം ഭേദഗതികൾ ശുപാർശ ചെയ്യുന്ന പുതിയ ബിൽ, ഒരു ഭൂമി വഖഫ് സ്വത്തായി പ്രഖ്യാപിക്കാനുള്ള വഖഫ് കൗൺസിലിന്റെയും വഖഫ് ബോർഡുകളുടേയും അധികാരം റദ്ദ് ചെയ്യുന്നതുൾപ്പെടെ ഒട്ടേറെ വിവാദ നിർദേശങ്ങൾ അടങ്ങുന്നതാണ്. മാത്രമല്ല, വഖഫ് കൗൺസിലിലും വഖഫ് ബോർഡുകളിലും മുസ്‌ലിംകളല്ലാത്തവരേയും സ്ത്രീകളേയും ഉൾപ്പെടുത്തണമെന്ന നിർദേശവും ബില്ലിലുണ്ട്. ബില്ലിനെ പാർലമെന്റിൽ എതിർക്കുമെന്ന് കോൺഗ്രസ് അടക്കമുള്ള പ്രതിപക്ഷ കക്ഷികൾ ഒന്നടങ്കം വ്യക്തമാക്കി. വഖഫ് ബോർഡുകളെ ദുർബലപ്പെടുത്തനും വഖഫ് സ്വത്തുക്കൾ കൈയടക്കാനുമുള്ള മോദി സർക്കാറിന്റെ ഗൂഢാലോചനയാണ് പുതിയ നീക്കത്തിനു പിന്നിലെന്ന് പ്രതിപക്ഷം ആരോപിച്ചു.

40ഓളം ഭേദഗതികൾ നിർദേശിക്കുന്ന ബില്ലിൽ, ചില ഭേദഗതി നിർദേശങ്ങൾ നിലവിലെ വഖഫ് നിയമത്തിന്റെ ഘടനയെ തന്നെ പൊളിച്ചെഴുതുന്നതാണ്. കൈയേറ്റം അടക്കമുള്ള കാരണങ്ങളാൽ തർക്കം നിലനിൽക്കുന്ന ഭൂമികൾ വഖഫ് സ്വത്തായി പ്രഖ്യാപിക്കാനുള്ള വഖഫ് ബോർഡുകളുടെ അധികാരം റദ്ദ് ചെയ്യുന്നതാണ് ഇതിൽ പ്രധാനം.

ബോർഡ് സി.ഇ.ഒമാരായി മുസ്‌ലിംകളല്ലാത്തവരെ നിയമിക്കാൻ വ്യവസ്ഥ ചെയ്യുന്നതും വഖഫ് ട്രൈബ്യൂണലിന്റെ പരമാധികാരം റദ്ദു ചെയ്യുന്നതും ബില്ലിലുണ്ട്. സർക്കാർ നീക്കത്തിനെതിരെ കടുത്ത എതിർപ്പുമായി പ്രതിപക്ഷ പാർട്ടികളും മുസ്‌ലിം സംഘടനകളും രംഗത്തെത്തി. ബിൽ സ്റ്റാന്റിങ് കമ്മിറ്റിക്ക് വിടണമെന്ന ആവശ്യവും പ്രതിപക്ഷം ഉയർത്തി. വഖഫ് സ്വത്തുക്കൾ തട്ടിയെടുക്കാനുള്ള മോദി സർക്കാറിന്റെ ശ്രമം ചെറുക്കുമെന്ന് മുസ്‌ലിംലീഗ് എം.പിമാർ ഡൽഹിയിൽ വാർത്താ സമ്മേളനത്തിൽ വ്യക്തമാക്കി. വഖഫ് ബോർഡുകളെ ദുർബലപ്പെടുത്താനുള്ള ബി.ജെ.പി ഗൂഢാലോചനയാണ് നീക്കത്തിനു പിന്നിലെന്ന് തമിഴ്നാട് വഖഫ് ബോർഡ് ആരോപിച്ചു. കേന്ദ്ര സർക്കാർ നീക്കത്തിനെതിരെ മുസ്‌ലിം വ്യക്തി നിയമ ബോർഡും രംഗത്തെത്തി. ബില്ലിനെ ശക്തമായി എതിർക്കുമെന്ന് സമാജ് വാദി പാർട്ടി വ്യക്തമാക്കി. എൻ.ഡി.എ സഖ്യ കക്ഷികളും ബില്ലിനെതിരെ രംഗത്തു വന്നിട്ടുണ്ട്.

### കേന്ദ്രത്തിന്റെ ദുഷ്ടലാക്ക് ചെറുക്കുമെന്ന് മുസ്‌ലിംലീഗ് എം.പിമാർ

ന്യൂഡൽഹി: പാർലിമെന്റിൽ അവതരിപ്പിക്കുന്ന വഖഫ് ഭേദഗതി ബില്ലിനെ ശക്തമായി എതിർക്കുമെന്ന് മുസ്‌ലിം ലീഗ് പാർലമെന്ററി പാർട്ടി ലീഡർ ഇ.ടി. മുഹമ്മദ് ബഷീർ, എംപിമാരായ ഡോ.എം.പി അബ്ദുസമദ് സമദാനി, പി.വി അബ്ദുൽ വഹാബ്, നവാസ് ഗനി, അഡ്വ.ഹാരിസ് ബീരാൻ എന്നിവർ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. വഖഫ് ഭൂമി തങ്ങളുടെ പരിധിയൽ നിർത്തുന്നതിന് വേണ്ടിയുള്ള ബിജെപിയുടെ കുത്സിത ശ്രമമാണ് ബില്ലിനു പിന്നിലെന്ന് നേതാക്കൾ ആരോപിച്ചു.

സർക്കാർ ഗൂഢലക്ഷ്യത്തോടെയാണ് ബിൽ കൊണ്ടുവരുന്നത്. അജണ്ടയിൽ പോലും ഉൾപ്പെടുത്താതെ ബിൽ സഭയിൽ അവതരിപ്പിക്കാനുള്ള നീക്കം തെറ്റായ കീഴ്‌വഴക്കമാണ്. വഖഫ് സ്വത്തുക്കളെ ഇല്ലാതാക്കുന്ന നീക്കമാണിത്. നിയമ ഭേദഗതി നിലവിൽ വന്നാൽ വഖഫ് ബോർഡ് സ്വന്തമായ അധികാരങ്ങളില്ലാത്ത റബർ സ്റ്റാമ്പായി മാറുമെന്നും നേതാക്കൾ ആരോപിച്ചു.



ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ആഗസ്റ്റ് 08 വ്യാഴം
ഗൾഫ് ചന്ദ്രിക

## കാഞ്ഞങ്ങാട് സ്വദേശി റാസൽഖൈമയിൽ മരിച്ചു



മുഹമ്മദ്കുഞ്ഞി

റാസൽഖൈമ: കാഞ്ഞങ്ങാട് സ്വദേശിയായ യുവാവ് ഹൃദയാഘാതത്തെ തുടർന്ന് റാസൽഖൈമയിൽ മരിച്ചു. അജാനൂർ കൊളവയലിൽ അബൂബക്കറിന്റെ മകൻ മുഹമ്മദ്കുഞ്ഞി (38) ആണ് മരിച്ചത്. റാസൽഖൈമയിൽ ചോക്ലേറ്റ് കമ്പനിയിൽ പിആർഒ ആയി ജോലി ചെയ്യുന്ന മുഹമ്മദ് കുഞ്ഞി അവധി കഴിഞ്ഞ് മൂന്ന് ദിവസം മുമ്പാണ് കുടുംബസമേതം നാട്ടിൽ നിന്നും തിരിച്ചെത്തിയത്. ഇന്നലെ വൈകുന്നേരം ഡ്യൂട്ടി കഴിഞ്ഞ് ഫ്ലാറ്റിലെത്തിയ ശേഷം നെഞ്ച് വേദന അനുഭവപ്പെടുകയായിരുന്നു. കൂടെയുണ്ടായിരുന്ന ഭാര്യ അടുത്ത് താമസിക്കുന്നവരെ അറിയിച്ച് ആശുപത്രിയിലെത്തിച്ചിരുന്നു. മൃതദേഹം നാട്ടിലെത്തിക്കും. ഭാര്യ: തസ്നീയ. മക്കൾ: മഹലൂഫ, ഹൈറ.



### കറൻസി മൂല്യം

| | |
|---|---|
| 1 യു.എ.ഇ ദിർഹം | 22.85 ₹ |
| 1 ഒമാനി റിയാൽ | 218.06 ₹ |
| 1 സൗദി റിയാൽ | 22.36 ₹ |
| 1 ഖത്തർ റിയാൽ | 23.01 ₹ |
| 1 കുവൈത്ത് ദിനാർ | 274.34 ₹ |
| 1 ബഹ്റൈൻ ദിനാർ | 222.68 ₹ |



### സ്വർണവില
(ഗ്രാമിന്-ദിർഹം)

| | |
|---|---|
| 24 കാരറ്റ് | 289.75 |
| 22 കാരറ്റ് | 268.25 |
| 21 കാരറ്റ് | 259.75 |
| 18 കാരറ്റ് | 222.50 |



# വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ കുതിച്ച് ദുബൈ രാജ്യാന്തര വിമാനത്താവളം

## യാത്രക്കാരിൽ മുന്നിൽ ഇന്ത്യ തന്നെ



ദുബൈ അന്താരാഷ്ട്ര വിമാനത്താവളം

ദുബൈ: വിനോദസഞ്ചാരത്തിനും മറ്റുമെത്തുന്ന രാജ്യാന്തര യാത്രക്കാരുടെ എണ്ണത്തിൽ വമ്പിച്ച കുതിപ്പുമായി ദുബൈ അന്താരാഷ്ട്ര വിമാനത്താവളം. ഈ വർഷത്തെ ആദ്യ ആറ് മാസത്തിനുള്ളിൽ അതിഥികളുടെ എണ്ണത്തിൽ ദുബൈ അന്താരാഷ്ട്ര വിമാനത്താവളം 8% വാർഷിക വർധനവ് രേഖപ്പെടുത്തി. 2024 ആദ്യ പാദത്തിൽ 44.9 ദശലക്ഷം അന്താരാഷ്ട്ര സന്ദർശകരെയാണ് വിമാനത്താവളം സ്വീകരിച്ചത്. പ്രതിഭകളുടെയും സംരംഭങ്ങളുടെയും നിക്ഷേപകരുടെയും ആഗോള കേന്ദ്രമെന്ന നിലയിൽ ദുബൈ അതിന്റെ വർദ്ധിച്ചുവരുന്ന ആകർഷണത്തെ സൂചിപ്പിക്കുന്നു. ദുബൈയിലെ സാമ്പത്തിക, ടൂറിസം വകുപ്പ് അടുത്തിടെ പുറത്തുവിട്ട ഈ കണക്കുകൾ ദുബൈയുടെ വളർച്ചയുമായി അടുത്ത് ബന്ധപ്പെട്ടിരിക്കുന്നു.

2024 ലെ ഒന്നാം പാദത്തിൽ 115 ബില്യൺ ദിർഹത്തിൽ എത്തിയ ജിഡിപി മുൻ വർഷത്തേക്കാൾ 3.2% വർധിച്ചു. ഇന്ത്യ പോലുള്ള പ്രധാന ഉറവിട വിപണികളിൽ നിന്നുള്ള ശക്തമായ ഡിമാൻഡും ചൈന പോലുള്ള വിപണികളുടെ പുനരുജ്ജീവനവുമാണ് റെക്കോർഡ് നേട്ടത്തിന് കാരണമെന്ന് ദുബൈ എയർപോർട്ട് സിഇഒ പോൾ ഗ്രിഫിത്ത്സ് പറഞ്ഞു. 2024ൽ 91.8 ദശലക്ഷം വാർഷിക അതിഥികളെ പ്രവചിക്കുന്ന വിമാനത്താവളം റെക്കോർഡുകൾ തകർക്കുമെന്ന പ്രതീക്ഷ അദ്ദേഹം പ്രകടിപ്പിച്ചു. ദക്ഷിണേഷ്യ, പടിഞ്ഞാറൻ യൂറോപ്പ്, ജിസിസി, കിഴക്കൻ ഏഷ്യ എന്നിവിടങ്ങളിലെ സ്ഥാപിതവും വളരുന്നതുമായ വിപണികളാണ് ദുബൈ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വിജയത്തിന് കാരണം.

2024 ന്റെ ആദ്യ പകുതിയിൽ, 6.1 ദശലക്ഷം യാത്രക്കാരുമായി ഇന്ത്യ ഏറ്റവും മികച്ച ലക്ഷ്യസ്ഥാന രാജ്യമായി തുടർന്നു, അതേസമയം ഈ കാലയളവിൽ ചൈനയുടെ ട്രാഫിക് 1 ദശലക്ഷം കവിഞ്ഞു. സൗദി അറേബ്യ, യുണൈറ്റഡ് കിംഗ്ഡം, പാകിസ്ഥാൻ എന്നിവയാണ് മറ്റ് പ്രധാന ലക്ഷ്യസ്ഥാനങ്ങൾ. മറ്റ് പ്രധാന വിപണികളിൽ യുണൈറ്റഡ് സ്റ്റേറ്റ്സ്, റഷ്യ, ജർമ്മനി എന്നിവ ഉൾപ്പെടുന്നു. ലണ്ടൻ, റിയാദ്, മുംബൈ എന്നിവയായിരുന്നു ആദ്യ മൂന്ന് നഗര ലക്ഷ്യസ്ഥാനങ്ങൾ. 106 രാജ്യങ്ങളിലായി 269 ലക്ഷ്യസ്ഥാനങ്ങളിലേക്ക് ദുബൈ അന്താരാഷ്ട്ര വിമാനത്താവളം കണക്റ്റുചെയ്തിരിക്കുന്നു. കൂടാതെ 101 അന്താരാഷ്ട്ര എയർലൈനുകൾ സേവനമനുഷ്ഠിക്കുകയും ചെയ്യുന്നു. ഇത് ദുബൈയുടെ ആഗോള ബിസിനസ്സ്, ലോജിസ്റ്റിക്സ് ഹബ് പദവി ഉയർത്തുന്നു. മൊത്തം ഫ്ലൈറ്റുകളുടെ എണ്ണം 216,000 ൽ എത്തി. കഴിഞ്ഞ വർഷത്തെ ആദ്യ ആറ് മാസത്തെ അപേക്ഷിച്ച് 7.2% വർദ്ധനവാണ് രേഖപ്പെടുത്തിയത്.

## ബോയിങ് 777ൽ പുതിയ ക്യാബിൻ അവതരിപ്പിച്ച് എമിറേറ്റ്സ്



ദുബൈ: ബിസിനസ് ക്ലാസ് യാത്രകൾക്ക് പുതിയ അനുഭവം സമ്മാനിക്കാനൊരുങ്ങി എമിറേറ്റ്സ്. ജനീവയിലേക്കുള്ള ഇകെ 83 ബോയിങ് 777 വിമാനത്തിലാണ് പുതിയ രൂപത്തിലുള്ള നോസ് ടു ടെയിൽ ക്യാബിൻ ഒരുക്കിയിരിക്കുന്നത്. വിമാനം പൂർണ്ണമായ നവീകരണത്തിന് ആകെ 37 ദിവസമെടുത്തു. ഔദ്യോഗികമായി പ്രഖ്യാപിച്ച ഷെഡ്യൂളിന് നാല് ദിവസം മുമ്പ് പണി തീർത്ത് സർവീസ് തുടങ്ങി. എയർലൈനിന്റെ പരിചയസമ്പന്നരായ ഇൻ ഹൗസ് എഞ്ചിനീയറിംഗ് ടീം എങ്ങനെയാണ് ആദ്യത്തെ എമിറേറ്റ്സ് 777 ക്യാബിനുകൾ അഴിച്ചുമാറ്റുകയും ഘടിപ്പിക്കുകയും നവീകരിക്കുകയും ചെയ്തതിന്റെ ദൃശ്യാവിഷ്കാരവും പുറത്തുവിട്ടു. പ്രീമിയം യാത്രയുടെ കാര്യത്തിൽ മാനദണ്ഡം ഉയർത്തി, പുതിയ സിഗ്നേച്ചർ ഇന്റീരിയറുകളുള്ള ഏറ്റവും പുതിയ ബോയിംഗ് 777 അവതരിപ്പിക്കുന്നതിലൂടെ സമാനതകളില്ലാത്ത ഓൺബോർഡ് അനുഭവം നൽകാനുള്ള പ്രതിജ്ഞാബദ്ധത എമിറേറ്റ്സ് അധികൃതർ വ്യക്തമാക്കി. ഏറ്റവും പുതിയ ഈ ബിസിനസ് ക്ലാസ് ക്യാബിൻ ഉപഭോക്താക്കൾക്ക് കൂടുതൽ സ്വകാര്യത നൽകുന്നു. ഓൺബോർഡ് ഉൽപ്പന്നങ്ങൾക്കായി കൂടുതൽ ബോയിംഗ് 777കളും അ380കളും പുതുക്കിയതിനാൽ, ഉപഭോക്താക്കൾക്ക് രണ്ട് തരത്തിലുള്ള വിമാനങ്ങളിലും ആകാശത്ത് മികച്ച അനുഭവങ്ങൾ സ്ഥിരമായി ആസ്വദിക്കാനാകും.

## പാർക് ചെയ്ത വാഹനം കണ്ടെത്താൻ പാടുപെടേണ്ട; ദുബൈ എയർപോർട്ടിൽ കളർകോഡിങ്




ദുബൈ: വ്യോമയാന മേഖലയിൽ പ്രധാന ഹബ്ബായി മാറിയിട്ടുള്ള ദുബൈ രാജ്യാന്തര എയർപോർട്ടിൽ വാഹന പാർകിംഗിന് പുതിയ സംവിധാനം. പാർക്കിംഗ് സ്ഥലങ്ങളിൽ വാഹനം കണ്ടെത്താൻ ഇനി പാടുപെടേണ്ടതില്ല. അധികം വൈകാതെ അതിന് പരിഹാരമുണ്ടാവും. എളുപ്പത്തിലുള്ള നാവിഗേഷനായി കളർകോഡഡ് കാർ പാർക്കുകൾ ഉൾപ്പെടെയുള്ള പുതിയ സംവിധാനങ്ങൾ ദുബൈ ഇന്റർനാഷണലിൽ വരും മാസങ്ങളിൽ അവതരിപ്പിക്കുമെന്ന് ദുബൈ എയർപോർട്ട്സ് അറിയിച്ചു. പ്രവർത്തന മികവിലും തടസ്സമില്ലാത്ത യാത്രാ അനുഭവങ്ങളിലും ശ്രദ്ധ കേന്ദ്രീകരിച്ച് യാത്രക്കാരുടെ സൗകര്യം വർദ്ധിപ്പിക്കുന്നതിനുള്ള ദുബൈ എയർപോർട്ടിന്റെ പ്രതിബദ്ധതയുടെ ഭാഗമാണിത്. പ്രതിദിനം ലക്ഷക്കണക്കിന് താമസക്കാരും വിനോദസഞ്ചാരികളും ദുബൈ ഇന്റർനാഷണൽ എയർപോർട്ടിന്റെ മൂന്ന് ടെർമിനലുകളിലേക്കും പുറത്തേക്കും പറക്കുന്നു. ആയിരക്കണക്കിന് ആളുകൾ ദിവസവും വിമാനത്താവളത്തിൽ അവരുടെ കുടുംബാംഗങ്ങളെയും സുഹൃത്തുക്കളെയും കാണാനും സ്വീകരിക്കാനും പോകുന്നു. ഈ പുതിയ വർണ്ണകോഡുള്ള കാർ പാർക്കുകൾ വാഹനമോടിക്കുന്നവർക്ക് നാവിഗേഷൻ എളുപ്പമാക്കും. ദുബൈ ഇന്റർനാഷണലിന്റെ വെബ്സൈറ്റ് അനുസരിച്ച്, പാർക്കിംഗ് നിരക്ക് ടെർമിനൽ 2ൽ മണിക്കൂറിന് 15 ദിർഹം മുതൽ 125 ദിർഹം വരെയും ടെർമിനൽ 1ലും ടെർമിനൽ 3ലും ഒരു ദിർഹം 5 മുതൽ 125 ദിർഹം വരെയും. പാർക്കിങ്ങിന് ഓരോ ദിവസത്തിന്റെയും അധിക ചെലവ് 100 ദിർഹമാണ്. മറ്റൊരു കാര്യം, ഫ്ളൈ ദുബൈ തങ്ങളുടെ യാത്രക്കാരെ എയർപോർട്ടിന്റെ ടെർമിനൽ 2 ൽ പാർക്കിംഗ് സ്ഥലം മുൻകൂട്ടി ബുക്ക് ചെയ്യാൻ അനുവദിക്കുന്നു. ഫ്ളൈ ദുബൈ വഴി 50 ദിർഹം വരെ ദിവസേന ദൈർഘ്യമേറിയതും ഹ്രസ്വകാലവുമായ കാലയളവിലേക്ക് ടെർമിനൽ 2ൽ നിങ്ങൾക്ക് പാർക്കിംഗ് സ്ഥലം മുൻകൂട്ടി ബുക്ക് ചെയ്യാം.

## ഇമാറാത്തി ഭവന പദ്ധതിക്ക് അനുമതി നൽകി യുഎഇ കാബിനറ്റ്



ദുബൈ: യുഎഇ വൈസ് പ്രസിഡന്റും പ്രധാനമന്ത്രിയും ദുബൈ ഭരണാധികാരിയുമായ ശൈഖ് മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂമിന്റെ അധ്യക്ഷതയിൽ ചേർന്ന യുഎഇ കാബിനറ്റ് 2024 ആദ്യ പകുതിയിൽ 2 ബില്യൺ ദിർഹം മൂല്യമുള്ള 2,618 ഭവന അപേക്ഷകൾക്ക് അനുമതി നൽകി. ഇമാറാത്തി പൗരന്മാർക്ക് മാന്യമായ ജീവിതവും ശരിയായ പാർപ്പിടവും നൽകുന്നതിനുള്ള ഗവൺമെന്റിന്റെ പ്രതിബദ്ധതയുടെ ഭാഗമായാണ് ഈ തീരുമാനം.
പൗരന്മാരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും അവർ മാന്യമായ ജീവിതം ആസ്വദിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനുമുള്ള യുഎഇയുടെ സമർപ്പണത്തെയും ഇത് അടിവരയിടുന്നു. പൗരന്മാരുടെ ആവശ്യങ്ങൾക്ക് മുൻഗണന നൽകുന്നതിലൂടെ, ഭവന നിർമ്മാണത്തിനുള്ള വർദ്ധിച്ചുവരുന്ന ആവശ്യം പരിഹരിക്കാനും പൗരന്മാരുടെ മൊത്തത്തിലുള്ള ക്ഷേമത്തിന് സംഭാവന നൽകാനും കാബിനറ്റ് ലക്ഷ്യമിടുന്നു.

## ഷാർജയിൽ മോഷണ സംഘം യുവാവിനെ ആക്രമിച്ച് പണം കവർന്നു



ഷാർജ: മലയാളി യുവാവിന് ചവിട്ടും തൊഴിയും, ഇരുളിന്റെ മറവിൽ മർദ്ദിച്ചവശനാക്കി അക്രമി സംഘം പണം കവർന്നു. ചൊവ്വാഴ്ച അർധ രാത്രി ഷാർജ മുസല്ല ഏരിയയിലാണ് സംഭവം. മലപ്പുറം പെരിന്തൽമണ്ണ പുലാമന്തോൾ സ്വദേശിയായ യുവാവാണ് മൂന്നംഗ മോഷണ സംഘത്തിന്റെ അക്രമത്തിനിരയായത്. കീശയിലുണ്ടായിരുന്ന പണവും നഷ്ടമായി. അൽ മനക്ക് ഏരിയയിൽ ഇന്ത്യൻ അസോസിയേഷൻ ഷാർജ ആസ്ഥാനത്തിന് സമീപം ടൈപ്പിങ് സെന്റർ ജീവനക്കാരനാണ് അക്രമിക്കപ്പെട്ട പുലാമന്തോൾ സ്വദേശി. രാത്രി ടൈപ്പിങ് സെന്റർ പൂട്ടിയതിന് ശേഷം സുഹൃത്തിനെ കാണാനായി മുസല്ല ഏരിയയിലെ ഗ്രാന്റ് മാളിന് പിറക് വശത്തെ താമസ സ്ഥലത്തേക്ക് നടന്ന് പോകുന്നതിനിടെയാണ് ആക്രമിക്കപ്പെട്ടത്. തെരുവുവിളക്കുകൾ ഇല്ലാത്ത ഈ ഭാഗത്ത് പതിയിരുന്ന സംഘം പിന്നാലെ കൂടുകയും സംഘത്തിലൊരാൾ പൊടുന്നനെ പിന്നിലൂടെ എത്തി പുലാമന്തോൾ സ്വദേശിയുടെ വായ പൊത്തി പിടിക്കുകയുമായിരുന്നു. ഒന്ന് ഒച്ച വെക്കാൻ പോലും ആവാത്ത വിധം വായ മുറുക്കിപ്പിടിച്ചിരുന്നു. മറ്റൊരാൾ ആഞ്ഞ് ചവിട്ടിയതോടെ ഇന്റർലോക്കിലേക്ക് പതിച്ച് വീണു. വീഴ്ചയിൽ അസഹനീയമായ വേദനയിൽ പിടയുന്നതിനിടെ പൊതിരെ തല്ലി പരിക്കേൽപിക്കുകയും ചെയ്തു. കൈമുട്ടിനും കാലിനും ക്ഷതമേൽപ്പിച്ച സംഘം വയറിനും പുറ ഭാഗത്തും ചവിട്ടിക്കൊണ്ടിരുന്നു. ഇതിനിടക്ക് മൂന്നാമത്തെയാൾ കീശകൾ തപ്പുകയും പേഴ്സിലുണ്ടായിരുന്ന പണമെടുത്ത് ഇരുളിലേക്ക് ഓടി മറയുകയും ചെയ്തു എന്ന് അക്രമത്തിനിരയായ പുലാമന്തോൾ സ്വദേശി 'ഗൾഫ് ചന്ദ്രിക'യോട് പറഞ്ഞു. പ്രതികളായ മൂന്ന് പേരും ആഫ്രിക്കൻ വംശജരായിരുന്നു എന്നും അദ്ദേഹം പറഞ്ഞു. ഒരിടവേളക്ക് ശേഷം എമിറേറ്റിൽ വീണ്ടും തട്ടിപ്പറി സംഘങ്ങൾ സജീവമായതായാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. അക്രമിച്ച് പണം കവരുന്ന സംഘങ്ങളെ വലയിലാക്കുന്നതിന് പോലീസ് നിരീക്ഷണം ശക്തമാക്കിയിട്ടുണ്ട്. കച്ച പാർക്കിങ്ങുകളിൽ നിർത്തിയിട്ട വാഹനങ്ങൾക്കിടയിൽ പതിയിരിക്കുന്ന ഈ സംഘം തനിച്ച് നടക്കുന്നവരെ പിന്തുടർന്ന് അക്രമിക്കുകയാണ് ചെയ്യുന്നത്. പണം തട്ടലാണ് ലക്ഷ്യം. കഴിഞ്ഞ ദിവസങ്ങളിൽ വിവിധ ഏരിയകളിൽ നിരവധി പേർ സമാന രീതിയിൽ മോഷണത്തിനിരയായി. ഇത്തരത്തിൽ പണം നഷ്ടമാവുന്നവർ പോലീസിൽ പരാതി നൽകാനോ മറ്റു നിയമ നടപടികൾക്കോ സന്നദ്ധരാവുന്നതിൽ മടി കാണിക്കുന്നത് കവർച്ച സംഘങ്ങൾക്ക് തുണയാകുന്നു.

## അജ്മാനിൽ വാടക വിപണി ഇടപാട് മൂല്യത്തിൽ വളർച്ച



അജ്മാൻ: 2024 ആദ്യ പാദത്തിൽ അജ്മാനിലെ വാടക വിപണിയിൽ ഇടപാട് മൂല്യത്തിൽ 49% വർദ്ധനവ് ഉണ്ടായി, ഇത് 2.277 ബില്യൺ ദിർഹത്തിലെത്തിയതായി അജ്മാൻ മുനിസിപ്പാലിറ്റി ആന്റ് പ്ലാനിംഗ് ഡിപ്പാർട്ട്മെന്റിന്റെ കണക്കുകൾ വ്യക്തമാക്കി. ഗവൺമെന്റ് സംരംഭങ്ങളുടെയും അടിസ്ഥാന സൗകര്യ മെച്ചപ്പെടുത്തലും നടപ്പാക്കിയതിന്റെ ഫലമായി താമസത്തിനും നിക്ഷേപത്തിനുമുള്ള മികച്ച സ്ഥലമെന്ന നിലയിൽ അജ്മാൻ വളർച്ച പ്രാപിച്ചു വരികയാണ്. റെസിഡൻഷ്യൽ റെന്റൽ കരാറുകൾ 1.211 ബില്യൺ ദിർഹത്തിലെത്തി. വാണിജ്യ, നിക്ഷേപ കരാറുകൾ യഥാക്രമം 989 ദശലക്ഷം ദിർഹം, 80 ദശലക്ഷം ദിർഹം എന്നിങ്ങനെയാണ്.

## ദുബൈയിൽ സർക്കാർ സ്ഥാപനങ്ങളുടെ പ്രവർത്തന സമയം കുറക്കുന്നു



ദുബൈ: വേനൽക്കാലത്ത് ജീവനക്കാരുടെ ജോലിഭാരം കുറക്കുന്നതിന്റെ ഭാഗമായി ദുബൈയിൽ സർക്കാർ സ്ഥാപനങ്ങളുടെ പ്രവർത്തന സമയം വെട്ടികുറക്കും. ആഗസ്റ്റ് 12 മുതൽ സെപ്റ്റംബർ 30 വരെ പതിനഞ്ചോളം ദുബൈ സർക്കാർ സ്ഥാപനങ്ങളുടെ പ്രവൃത്തി സമയം ഏഴ് മണിക്കൂറായി ലഘൂകരിക്കും. ഓഫീസ് പ്രവർത്തനം വെള്ളിയാഴ്ചകളിൽ താൽകാലികമായി നിർത്തിവെക്കും.

ദുബൈ ഗവൺമെന്റ് ഹ്യൂമൻ റിസോഴ്സ് ഡിപ്പാർട്ട്മെന്റ് ആരംഭിച്ച സമ്മർ ഈസ് ഫ്ളെക്സിബിൾ എന്ന പൈലറ്റ് പദ്ധതിയുടെ ഭാഗമാണിത്. തൊഴിൽ അന്തരീക്ഷം കൂടുതൽ വഴക്കമുള്ളതാക്കാനും ജീവനക്കാരുടെ പ്രകടനവും ജീവിത നിലവാരവും ഉയർത്താനും ലക്ഷ്യമിട്ടാണിത്. വേനൽക്കാല ജോലി സമയത്തെക്കുറിച്ച് ജീവനക്കാർക്കിടയിൽ ഒരു സർവേ നടത്തിയിരുന്നു. അതിൽ ആഗസ്റ്റ്, സെപ്തംബർ മാസങ്ങളിൽ ഓഫീസ് സമയം വെട്ടിക്കുറയ്ക്കാനുള്ള നിർദ്ദേശങ്ങൾക്ക് വലിയ പിന്തുണ ലഭിച്ചതായി വാർത്താ ഏജൻസി വാം റിപ്പോർട്ട് ചെയ്തു. ഇതൊരു പൈലറ്റ് സ്കീം ആയതിനാൽ, ഭാവി വേനൽക്കാലത്ത് ഇത് ദീർഘകാല നയമായി അവതരിപ്പിക്കണമോ എന്നതിനെക്കുറിച്ചുള്ള ശുപാർശകളുടെ അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഹ്യൂമൺ റിസോഴ്സ് വകുപ്പ് പഠന വിധേയമാക്കും. ദുബൈയെ ജീവിക്കാൻ ലോകത്തിലെ ഏറ്റവും മികച്ച നഗരമാക്കി മാറ്റാൻ ആഗ്രഹിക്കുന്ന വൈസ് പ്രസിഡന്റും ദുബൈ ഭരണാധികാരിയുമായ ശൈഖ് മുഹമ്മദ് ബിൻ റാഷിദ് അൽമക്തൂം പുറപ്പെടുവിച്ച നിർദ്ദേശത്തിന് ഈ പദ്ധതി പിന്തുണ നൽകുന്നു.

## അൽ ദഫ്രയിൽ ബുർജീൽ ആദ്യ ഡേ സർജറി സെന്റർ തുറന്നു



യുഎഇയിലെ അൽ ദഫ്രയിൽ ബുർജീൽ ഹോ ൾഡിങ്സിന്റെ ആദ്യ ഡേ സർജറി സെന്റർ അണ്ടർ സെക്രട്ടറി നാസർ മുഹമ്മദ് അൽ മൻസൂരി ഉദ്ഘാടനം ചെയ്യുന്നു

അബുദാബി: ബുർജീൽ ഹോൾഡിങ്സ് യുഎഇയിലെ അൽ ദഫ്രയിൽ ആദ്യത്തെ ഡേ സർജറി സെന്റർ തുറന്നു. അണ്ടർസെക്രട്ടറി നാസർ മുഹമ്മദ് അൽ മൻസൂരി ഉദ്ഘാടനം ചെയ്തു. മദീനത്ത് സായിദിന്റെ അൽ ദഫ്ര മാളിൽ സ്ഥിതി ചെയ്യുന്ന ഈ സെന്ററിൽ ലോകോത്തര സേവനങ്ങൾ നൽകും. രോഗിക്ക് പെട്ടെന്ന് സുഖം പ്രാപിക്കുന്നതിനും ആശുപത്രിയിൽ കുറഞ്ഞ സമയം ചെലവഴിച്ചാൽ മതിയാവും എന്നതാണ് ഈ സെന്ററിന്റെ പ്രത്യേകത. ഔട്ട്പേഷ്യന്റ് നടപടിക്രമങ്ങൾ വേഗത്തിൽ പൂർത്തികരിക്കാനും കഴിയും. അബുദാബിയുടെ ഭൂമിശാസ്ത്രപരമായ ആവശ്യങ്ങളും ജനസംഖ്യാ സവിശേഷതകളും നിറവേറ്റുന്നതിനായി ബുർജീൽ ഹോൾഡിംഗ്സ് ആരംഭിച്ച നാലാമത്തെ ശസ്ത്രക്രിയാ കേന്ദ്രമാണിത്. കാർഡിയോളജി, പീഡിയാട്രിക്സ്, ജനറൽ സർജറി, ഓർത്തോപീഡിക് സർജറി, ഗ്യാസ്ട്രോഎൻട്രോളജി, ഒബ്സ്റ്റട്രിക്സ് ആൻഡ് ഗൈനക്കോളജി, ഡെന്റൽ, ഡെർമറ്റോളജി, ഫാമിലി മെഡിസിൻ, ഇന്റേണൽ മെഡിസിൻ, ഓട്ടോളറിംഗോളജി, യൂറോളജി, പാത്തോളജി തുടങ്ങി 13 സ്പെഷ്യാലിറ്റികളിൽ ഈ കേന്ദ്രം സമഗ്രമായ സേവനങ്ങൾ വാഗ്ദാനം ചെയ്യുന്നു. അൽ ദഫ്ര മേഖലയിലെ വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ആരോഗ്യ സംരക്ഷണ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള ബുർജീൽ ഹോൾഡിംഗ്സിന്റെ പ്രതിജ്ഞാബദ്ധതയുടെ ഭാഗമാണ് ഈ കേന്ദ്രം.

## തായ്‌ലാൻഡിൽ മൂവ് ഫോർവേഡ് പാർട്ടിയെ പിരിച്ചുവിട്ടു

ബാങ്കോക്ക്: രാജനിന്ദ വിരുദ്ധ നിയമം ഭേദഗതി ചെയ്യുമെന്ന് പ്രഖ്യാപിച്ചതിന്റെ പേരിൽ പുരോഗമന മൂവ് ഫോർവേഡ് പാർട്ടി(എം.എഫ്.പി)യെ പിരിച്ചുവിട്ട് തായ്‌ലാൻഡ് ഭരണഘടനാ കോടതി. കഴിഞ്ഞ വർഷം നടന്ന പൊതു തിരഞ്ഞെടുപ്പിൽ ഏറ്റവും കൂടുതൽ സീറ്റുകൾ നേടി ഒന്നാമതെത്തിയ പാർട്ടിയുടെ എക്സിക്യൂട്ടീവ് ബോർഡിന് 10 വർഷത്തേക്ക് വിലക്കേർപ്പെടുത്തുകയും ചെയ്തു. പാർട്ടി നേതാക്കളായ പിറ്റ ലിംജാരോൻറാത്തും ചൈതാവത്ത് തുലാത്തണും വിലക്കു നേരിടുന്ന പ്രമുഖരുടെ പട്ടികയിലുണ്ട്. രാജനിന്ദ വിരുദ്ധ നിയമം ഭേദഗതി ചെയ്യുമെന്ന പ്രഖ്യാപനം ഭരണഘടനാ ലംഘനമാണെന്ന് കോടതി ചൂണ്ടിക്കാട്ടി. തായ്‌ലാൻഡിൽ ഏറ്റവും കൂടുതൽ ജനപിന്തുണയുള്ള പാർട്ടിയെ പിരിച്ചുവിട്ട നടപടിക്കെതിരെ വ്യാപക പ്രതിഷേധമുയർന്നിട്ടുണ്ട്. തായ്‌ലാൻഡിൽ രാജകുടുംബത്തെ വിമർശിക്കുന്നതും അപകീർത്തികരമായ പരാമർശങ്ങൾ നടത്തുന്നതും ശിക്ഷാർഹമായ കുറ്റമാണ്. 2023ലെ തിരഞ്ഞെടുപ്പിൽ എം.എഫ്.പി ഉജ്വല വിജയം നേടുകയും പിറ്റ ലിംജാരോൻറാത്ത് പ്രധാനമന്ത്രിയാകാൻ ശ്രമം നടത്തുകയും ചെയ്തിരുന്നു. എന്നാൽ സെനറ്റിലെ യാഥാസ്ഥിതിക ശക്തികൾ ഇടപെട്ട് നീക്കം പരാജയപ്പെടുത്തി.

## കാറഡുക്ക പ്രീമിയർ ലീഗ് സിസൺ 5 ശനിയാഴ്ച അജ്മാനിൽ

കാസർകോട്: ജില്ലയിലെ മലയോര മേഖലയായ കാറഡുക്ക പഞ്ചായത്തിലെ യുഎഇയിലുള്ള പ്രവാസികളുടെ കൂട്ടയ്മയായ കാറഡുക്ക പ്രവാസി കൂട്ടായ്മ സംഘടിപ്പിക്കുന്ന കാറഡുക്ക പ്രീമിയർ ലീഗ് സിസൺ 5 10ന് ശനിയാഴ്ച അജ്മാൻ എംസിസി ഗ്രൗണ്ടിൽ നടക്കുമെന്ന് സംഘാടകർ അറിയിച്ചു. പഞ്ചായത്തിലെ എട്ട് ടീമുകൾ മാറ്റുരുക്കുന്നു മത്സരത്തിലെ വിജയികൾക്ക് ട്രോഫിയു ക്യാഷ് അവാർഡും നൽകും. ജീവകാരുണ്യ പ്രവർത്തനങ്ങൾ മുൻ നിർത്തി സംഘടിപ്പിക്കുന്ന പരിപാടിയുടെ മുഴുവൻ വരുമാനവും ദുരന്തമനുഭവിക്കുന്ന വയനാടിന് നൽകുമെന്ന് കാറഡുക്ക പ്രീമിയർ ലീഗ് സംഘാടക സമിതി ചെയർമാൻ അശ്റഫ് എം.എം അറിയിച്ചു.




# ഗൾഫ്/വിദേശ വാർത്തകൾ

# ഗസ്സയിലും ലബനാനിലും കൊന്നുതള്ളി ഇസ്രാഈൽ

ഗസ്സ: ഫലസ്തീനികളോട് ബയ്ത് ഹാനൂനിൽനിന്ന് ഒഴിഞ്ഞുപോകാൻ ആവശ്യപ്പെട്ട് ഇസ്രാഈൽ സേന. വൻ ആക്രമത്തിനു മുന്നോടിയായുള്ള ഉത്തരവ് ജനങ്ങളെ ഭീതിയിലാഴ്ത്തിയിട്ടുണ്ട്. ഗസ്സയിലുടനീളം ഇന്നലെയും ഇസ്രാഈൽ ശക്തമായ ആക്രമണങ്ങൾ തുടർന്നു. ദെയ്റുൽ ബലാഹിൽ അഭയാർത്ഥി തമ്പുകൾക്കും രണ്ടു വീടുകൾക്കും നേരെയുണ്ടായ വ്യോമാക്രമണത്തിൽ മൂന്നുപേർ കൊല്ലപ്പെടുകയും 10 പേർക്ക് പരിക്കേൽക്കുകയും ചെയ്തു. ഗസ്സയിൽ ഇതുവരെ കൊല്ലപ്പെട്ടവരുടെ എണ്ണം 39,677 ആയിട്ടുണ്ട്. ഖാൻ യൂനിസിൽ ആറുപേർ കൊല്ലപ്പെട്ടു. അതേസമയം ഇസ്രാഈലിനെതിരെ ദക്ഷിണാഫ്രിക്ക അന്താരാഷ്ട്ര നീതിന്യായ കോടതിയിൽ നൽകിയ വംശഹത്യാ കേസിൽ കക്ഷി ചേരാൻ അനുമതി ചോദിച്ച് തുർക്കി അപേക്ഷ നൽകി. കൂടുതൽ പേർ ചേരുന്നതോടെ കേസ് കൂടുതൽ ശക്തമാകും. ലബനീസ് സായുധ സംഘടനയായ ഹിസ്ബുല്ലയും ഇസ്രാഈൽ സേനയും തമ്മിൽ ഏറ്റുമുട്ടൽ തുടരുകയാണ്. ഇസ്രാഈലിലെ സൈനിക പോസ്റ്റ് ആക്രമിച്ചതായി ഹിസ്ബുല്ല അവകാശപ്പെട്ടു. ലബനാനിൽ ഇസ്രാഈൽ നടത്തിയ ആക്രമണങ്ങളിൽ നിരവധി പേർ കൊല്ലപ്പെട്ടതായും റിപ്പോർട്ടുണ്ട്.



ഗസ്സയിലെ ദെയ്റുൽ ബലാഹിൽ ഇസ്രാഈൽ ബോംബിട്ടു തകർത്ത വീടിന്റെ അവശിഷ്ടങ്ങൾക്കിടയിലൂടെ നടന്നുനീങ്ങുന്ന സ്ത്രീ

# ഹനിയ്യയുടെ പിൻഗാമിയായി യഹ്‌യ സിൻവാർ

ഗസ്സ: ഇറാനിൽ ഇസ്രാഈൽ ആക്രമണത്തിൽ കൊല്ലപ്പെട്ട ഹമാസ് രാഷ്ട്രീയകാര്യ മേധാവി ഇസ്മാഈൽ ഹനിയ്യയുടെ പിൻഗാമിയായി യഹ്‌യ സിൻവാർ. ഹനിയ്യയുടെ കൊലപാതകത്തിന് മറുപടി നൽകാനുള്ള നീക്കവുമായി ഇറാൻ മുന്നോട്ടുപോകുന്നതിനിടെയാണ് ഹമാസ് പിൻഗാമിയെ പ്രഖ്യാപിച്ചത്.

ഒക്ടോബർ ഏഴിന് 1100ലേറെ പേർ കൊല്ലപ്പെടുകയും 200ലേറെ പേർ ബന്ദികളായി പിടിക്കപ്പെടുകയും ചെയ്ത ഹമാസ് ആക്രമണത്തിന്റെ സൂത്രധാരനായി ഇസ്രാഈൽ കാണുന്നത് 61കാരനായ സിൻവാറിനെയാണ്. ഹമാസിന്റെ സായുധ നീക്കങ്ങൾക്ക് ചുക്കാൻ പിടിക്കുന്ന അദ്ദേഹമാണ് ഖസ്സാം



യഹ്‌യ സിൻവാർ

ബ്രിഗേഡ്സിന് രൂപംനൽകിയത്. സിൻവാറിന്റെ നിയമനത്തെ ഹിസ്ബുല്ല സ്വാഗതം ചെയ്തു. ഇസ്രാഈലിനും അമേരിക്കക്കുമുള്ള മുന്നറിയിപ്പാണ് അതെന്നും ഹിസ്ബുല്ല പ്രസ്താവനയിൽ വ്യക്തമാക്കി.

എന്നാൽ സിൻവാറിനെ വെറുതെ വിടില്ലെന്നും അദ്ദേഹത്തെ കൊലപ്പെടുത്താൻ ഇസ്രാഈൽ പ്രതിജ്ഞ ബദ്ധമാണെന്നും സൈനിക വക്താവ് ഡാനിയൽ ഹഗരി പ്രതികരിച്ചു.

ഹനിയ്യയുടെ വധത്തിന് മറുപടി നൽകാതെ അടങ്ങിയിരിക്കില്ലെന്ന് ഇറാൻ പ്രസിഡന്റ് മസ്ഊദ് പെസഷ്കിയാൻ വ്യക്തമാക്കി. പശ്ചിമേഷ്യയിൽ സംഘർഷം വളരുന്ന പശ്ചാത്തലത്തിൽ ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മക്രോണിനെയാണ് അദ്ദേഹം നിലപാട് അറിയിച്ചത്.

# കലാപ ഭീതി: ബ്രിട്ടനിൽ ജാഗ്രത

ലണ്ടൻ: ബ്രിട്ടനിലെ തീരദേശ പട്ടണമായ സൗത്ത്പോർട്ടിൽ മൂന്ന് കുട്ടികൾ കുത്തേറ്റു മരിച്ചതിനെത്തുടർന്നുള്ള തീവ്ര വലതുപക്ഷ കലാപം രാജ്യത്തിന്റെ ഉറക്കംകെടുത്തുന്നു.

ഡാൻസ് ക്ലാസിൽ കത്തിയാക്രമണം നടത്തിയത് മുസ്‌ലിം കുടിയേറ്റക്കാരനാണെന്ന വ്യാജ പ്രചാരണത്തിന്റെ മറ പിടിച്ചാണ് തീവ്ര വലതുപക്ഷക്കാർ അക്രമങ്ങൾ അഴിച്ചുവിടുന്നത്. വരും ദിവസങ്ങളിൽ കൂടുതൽ ആക്രമണങ്ങൾ നടത്താൻ കലാപകാരികൾക്ക് പദ്ധതിയുണ്ടെന്ന റിപ്പോർട്ടിനെത്തുടർന്ന് പ്രധാന നഗരങ്ങളിലൊക്കെയും വൻ പൊലീസ് സേനാ വിന്യാസം നടത്തിയിട്ടുണ്ട്. അക്രമങ്ങളുമായി ബന്ധപ്പെട്ട് 400ലേറെ പേർ അറസ്റ്റിലായിരുന്നു. എതിർ പ്രതിഷേധങ്ങളുമായി തീവ്ര വലതുപക്ഷ വിരുദ്ധരും രംഗത്തിറങ്ങുന്നതോടെ തെരുവുകൾ യുദ്ധക്കളമായി മാറുമെന്ന് പൊലീസ് ഭയക്കുന്നുണ്ട്. ഇന്നലെ സംഘർഷ സാധ്യത കണക്കിലെടുത്ത് ബോൾട്ടനിൽ കടകളും റെസ്റ്റോറന്റുകളും അടച്ചു. കലാപം പടരുന്ന സാഹചര്യത്തിൽ എല്ലാവരും ഭിന്നത മറന്ന് ഒറ്റക്കെട്ടാകണമെന്ന് ലണ്ടൻ മേയർ സാദിഖ് ഖാൻ ആവശ്യപ്പെട്ടു.

## രാഷ്ട്രീയ കൊലപാതകത്തിന് പദ്ധതി: പാക് പൗരൻ യു.എസിൽ അറസ്റ്റിൽ

വാഷിങ്ടൺ: ഇറാൻ സൈനിക മേധാവി ഖാസിം സുലൈമാനിയെ കൊലപ്പെടുത്തിയതിന് പ്രതികാരമായി അമേരിക്കയിൽ രാഷ്ട്രീയ കൊലപാതകങ്ങൾ നടത്താൻ പദ്ധതി ആസൂത്രണം ചെയ്ത കേസിൽ പാക് പൗരനെ അറസ്റ്റ് ചെയ്ത് യു.എസ്. ഇറാനുമായി ബന്ധമുള്ള പാകിസ്താൻകാരൻ ആസിഫ് മെർച്ചന്റാണ് പിടിയിലായത്. അമേരിക്കയിലെ ഉന്നതനായ ഒരു രാഷ്ട്രീയ നേതാവിനെ കൊലപ്പെടുത്തുന്നതിന് വാടകക്കൊലയാളിയെ തേടി ജൂണിലാണ് ഇയാൾ ന്യൂയോർക്കിലെത്തിയതെന്ന് യു.എസ് ജസ്റ്റിസ് ഡിപ്പാർട്ട്മെന്റ് പറയുന്നു.

## ബോംബുണ്ടെന്ന് പറഞ്ഞ യാത്രക്കാരൻ പിടിയിൽ

നെടുമ്പാശ്ശേരി: സുരക്ഷ പരിശോധനയ്ക്കിടെ ലഗേജിൽ ബോംബുണ്ടെന്ന് പറഞ്ഞ യാത്രക്കാരൻ പിടിയിലായി. ഇതേതുടർന്ന് വിമാനം വൈകിയത് രണ്ട് മണിക്കൂർ. ഇന്നലെ പുലർച്ചെ തായ് എയർലൈൻസ് വിമാനത്തിൽ തായ്‌ലന്റിലേക്ക് പോകാനെത്തിയ തിരുവനന്തപുരം സ്വദേശി പ്രശാന്താണ് പിടിയിലായത്. ആഫ്രിക്കയിൽ ബിസിനസ്സ്കാരനായ ഇയാൾ ഭാര്യയും മകനും മറ്റ് നാല് പേരോടുമൊപ്പമാണ് തായ്‌ലന്റിലേക്ക് പോകാനെത്തിയത്.




ഫുജൈറ കണ്ണൂർ ജില്ലാ കെഎംസിസി പ്രവർത്തക കൺവൻഷൻ സംസ്ഥാന ട്രഷറർ സി.കെ അബൂബക്കർ ഉദ്ഘാടനം ചെയ്യുന്നു

# ഫുജൈറ കണ്ണൂർ ജില്ലാ കെഎംസിസി പ്രവർത്തക കൺവൻഷൻ

ഫുജൈറ: കണ്ണൂർ ജില്ലാ കെഎംസിസി പ്രവർത്തക കൺവൻഷൻ സംസ്ഥാന ട്രഷറർ സി.കെ അബൂബക്കർ ഉദ്ഘാടനം ചെയ്തു. ആക്ടിങ് പ്രസിഡന്റ് അമീർ തട്ടുമ്മൽ അധ്യക്ഷനായി. നിഷാദ് വാഫി മുഖ്യപ്രഭാഷണം നടത്തി. യു.കെ മുഹമ്മദ്കുഞ്ഞി, സംസ്ഥാന ജനറൽ സെക്രട്ടറി ബഷീർ ഉളിയിൽ, നിരീക്ഷകൻ സംസ്ഥാന ആക്ടിങ് പ്രസിഡന്റ് റാഷിദ് ജാതിയേരി പ്രസംഗിച്ചു.

വയനാട് ദുരിതത്തിൽ പെട്ടവർക്ക് വേണ്ടി പ്രത്യേക പ്രാർത്ഥന നടത്തി. നിസാർ ടി.കെ, ആഷിഖ് എസ്.എം, ഇംതിയാസ് ഏഴര, അബ്ദുൽകാദർ പാലോട്ട് പള്ളി, മുഹമ്മദലി കെ.പി, ഖമറുദ്ദീൻ പി.ടി, മുർഷിദ് തട്ടുമ്മൽ നേതൃത്വം നൽകി. ജനറൽ സെക്രട്ടറി ജസീർ എം.പി.എച്ച് സ്വാഗതവും സെക്രട്ടറി ഹസൻ വി.വി നന്ദിയും പറഞ്ഞു.



തിരൂർ സി.എച്ച് സെന്റർ നിർമാണത്തിന് അജ്മാൻ തിരൂർ മണ്ഡലം കമ്മിറ്റി വാഗ്ദാനം ചെയ്ത തുക മൻസൂർ ഗിഫ്റ്റ് മാനേജർ നുഹൈബ് തിരൂർ സി.എച്ച് സെന്റർ അജ്മാൻ ചാപ്റ്റർ പ്രസിഡന്റ് റാഷിദ് നെല്ലാഞ്ചേരിക്ക് കൈമാറുന്നു. തിരൂർ മണ്ഡലം പ്രസിഡന്റ് സൈഫുദ്ദീൻ,സെക്രട്ടറി സമദ്,ജില്ലാ സെക്രട്ടറി കബീർ തിരൂർ, താജുദ്ദീൻ,ഷെബീർ പങ്കെടുത്തു.

## കണ്ണീരിൽ കുതിർന്ന വയനാടിനു വേണ്ടി
# അജ്മാനിൽ പ്രാർത്ഥനാ സദസ്സ് നടത്തി

അജ്മാൻ: വയനാട് മുണ്ടക്കൈ, ചൂരൽമല ഉരുൾപ്പൊട്ടലിൽ മരണപ്പെട്ട സഹോദരങ്ങൾക്ക് വേണ്ടി അജ്മാൻ കെഎംസിസി സംസ്ഥാന കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ പ്രാർത്ഥന സംഗമവും മയ്യിത്ത് നിസ്കാരവും നടത്തി. അജ്മാൻ കെഎംസിസി ഹാളിൽ നടന്ന പരിപാടിയിൽ സലീം വയനാട് അധ്യക്ഷനായി. മുൻ സംസ്ഥാന പ്രസിഡന്റ് സൂപ്പി പാതിരാപറ്റ,സലാം വലപ്പാട്, റസാഖ് വെളിയങ്കോട്, അസീസ് തൊഴുകര, മൊയ്ദു പി.ടി, നാസർ കൊട്ടാരത്തിൽ, സിറാജ് വേളം, നൗഷാദ് കല്ലായി, നജീബ് ഗുരുവായൂർ, അൻവർ തൃത്താല, ഹാരിസ് കാഞ്ഞങ്ങാട് എന്നിവർ അനുശോചനം രേഖപ്പെടുത്തി സംസാരിച്ചു. മുഹമ്മദ് മദനി മയ്യിത്ത് നിസ്കാരത്തിന് നേതൃത്വം നൽകി.

അഷ്റഫ് നീർച്ചാൽ സ്വാഗതവും റഷീദ് എരമംഗലം നന്ദിയും പറഞ്ഞു. അജ്മാനിലെ കെഎംസിസിയുടെ നിരവധി പ്രവർത്തകർ പങ്കെടുത്തു



വയനാട് ഉരുൾപ്പൊട്ടൽ ദുരിതബാധിതർക്കു വേണ്ടി അജ്മാൻ കെഎംസിസി സംഘടിപ്പിച്ച പ്രാർത്ഥനാ സദസ്സ്

## പൈക്ക ജമാഅത്ത് ജനറൽ ബോഡി യോഗവും പ്രാർത്ഥനാ സദസ്സും

അബുദാബി: ഹൃദയ വേദനയിൽ കഴിയുന്ന വയനാട്ടിലെ ദുരിത ബാധിതർക്ക് കനിവുനൽകാൻ എല്ലാവരും പ്രതിജ്ഞാബദ്ധരാകണമെന്ന് അബുദാബി പൈക്ക ജമാഅത്ത് നാൽപതാം വാർഷിക ജനറൽ ബോഡി യോഗം ആവശ്യപ്പെട്ടു. ദുരന്തത്തിൽ മരണപെട്ടവർക്ക് വേണ്ടി പ്രാർത്ഥന നടത്തി. അബുദാബി മനാസിറിലെ ഗഫാർ പൈക്കയുടെ വസതിയിൽ ചേർന്ന യോഗം ജി.എസ് ഇബ്രാഹിം ഹാജി ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് അബ്ദുല്ല കൊയറച്ചി അധ്യക്ഷനായി. 40ാം വാർഷികത്തോടനുബന്ധിച്ച് ഒരു വർഷം നീണ്ടു നിൽക്കുന്ന വിവിധ പരിപാടികൾ യോഗം ആസുത്രണം ചെയ്തു. വാർഷിക പ്രവർത്തന റിപ്പോർട്ട് അനസ് ബി.എ അവതരിച്ചു.

2024-25വർഷത്തെ പുതിയ ഭാരവഹികളായി ബക്കർ പൈക്ക, അബ്ദുല്ല കൊയറച്ചി, ജി.എസ് ഇബ്രാഹിം ഹാജി (രക്ഷാധികാരികൾ). നിയാസ് വീട്ടിയടുക്ക (പ്രസിഡന്റ് )അനസ് ബി.എ (ജനറൽ സെക്രട്ടറി),ഹനീഫ് ബി.എ (ട്രഷറർ ) എന്നിവരെയും വൈസ് പ്രസിഡന്റുമാരായി ഹനീഫ് മമ്മുട്ടി, നൗഷാദ് കൊയർച്ചി,സെക്രട്ടറിമാരായി കെ.ഇ ബഷിർ മൗലവി,ശരീഫ് മുൽത്താൻ, ജഷിർ കെ.പി എന്നിവരെയും തിരഞ്ഞെടുത്തു. ഷമിർ പൈക്ക, ആഷിഖ് ബി.എ,ഗഫാർ പൈക്ക, അസിസ് അർളടുക്ക,നിയാസ് ചുരിപ്പള്ളം,അർഷാദ് ബി.എ എന്നിവർ പ്രവർത്തക സമിതി അംഗങ്ങളാണ്. ബക്കർ പൈക്ക തിരെഞ്ഞെടുപ്പ് നിയന്ത്രിച്ചു. കെ.ഇ ബഷീർ മൗലവി പ്രാർത്ഥന നടത്തി. ഷമിർ പൈക്ക സ്വാഗതവും ഹനീഫ് ബി.എ നന്ദിയും പറഞ്ഞു.



പൈക്ക ജനറൽബോഡി യോഗത്തിൽ നിന്ന്

## കൊല്ലം സ്വദേശി സഊദിയിൽ മരിച്ചു

ബുറൈദ: കൊല്ലം കണ്ണനല്ലൂർ സ്വദേശി മുജീബ് സഊദിയിലെ ബുറൈദയിൽ നിര്യാതനായി. മഞ്ഞപ്പിത്തം ബാധിച്ചു ചികിത്സയിലായിരുന്നു. ബുറൈദ കെഎംസിസിയുടെ നേതൃത്വത്തിൽ മൃതദേഹം സഊദിയിൽ ഖബറടക്കി. അവിവാഹിതനാണ്. പിതാവ്: നാസിമുദ്ദീൻ, മാതാവ്: മുത്തുബീവി



മുജീബ്

## മദ്രസകളിൽ എസ്.കെ.എസ്.ബി.വി 'സ്വാതന്ത്ര്യദിന പുലരി'

ചേളാരി: 76 ാം സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് ആഗസ്റ്റ് 15ന് സമസ്ത കേരള സുന്നി ബാലവേദി മദ്രസ യൂണിറ്റ് തലങ്ങളിൽ നടത്തുന്ന സ്വാതന്ത്ര്യദിന പുലരിയുടെ സംസ്ഥാനതല ഉദ്ഘാടനം രാമനാട്ടുകര റെയ്ഞ്ചിലെ പരുത്തിപ്പാറ ഹയാത്തുൽ ഇസ്‌ലാം മദ്രസയിൽ നടക്കും. രാവിലെ 7.30ന് സംസ്ഥാന കൺവീനർ പാണക്കാട് സയ്യിദ് നിയാസലി ശിഹാബ് തങ്ങൾ പതാക ഉയർത്തും. 'സ്വാതന്ത്ര ദിന പുലരി'യുടെ ഭാഗമായി സമസ്തയുടെ കീഴിലുള്ള മുഴുവൻ മദ്രസാ യൂണിറ്റുകളിലും പതാക ഉയർത്തൽ, ദേശീയ പതാക നിർമാണ മത്സരം, ദേശസ്നേഹ ഗാനാലാപന മത്സരം, കൊളാഷ് മേക്കിങ് മത്സരം എന്നിവ വിദ്യാർഥികൾക്കായി സംഘടിപ്പിക്കും.




ദുബൈ മലയാളി അസോസിയേഷനും ഷംസ് അൽ അഹല്യ മെഡിക്കൽ സെന്ററും സംയുക്തമായി സംഘടിപ്പിച്ച മെഡിക്കൽ ക്യാമ്പിന് നേതൃത്വം നൽകിയവർ

# സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു

ദുബൈ: ദുബൈ മലയാളി അസോസിയേഷന്റെയും ഷംസ് അൽ അഹല്യ മെഡിക്കൽ സെന്ററിന്റെയും സംയുക്താഭിമുഖ്യത്തിൽ സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു.ദുബൈ കരാമ അൽ അഹല്യ മെഡിക്കൽ സെന്ററിൽ നടന്ന ഏഴു ദിവസം നീണ്ടുനിന്ന മെഗാ മെഡിക്കൽ ക്യാമ്പിന്റെ ഉദ്ഘാടനം നടി പൂജിത മേനോൻ, മന്നത്ത് ഗ്രൂപ്പ് എം.ഡി ഉണ്ണികൃഷ്ണൻ എന്നിവർ ചേർന്നു നിർവഹിച്ചു. 'ആരോഗ്യമാണ് സമ്പത്ത്,ആരോഗ്യം സംരക്ഷിക്കുക,ജീവിത ശൈലി രോഗങ്ങൾ കണ്ടെത്തി തടയുക' എന്നസന്ദേശത്തിലാണ് പരിപാടി സംഘടിപ്പിച്ചതെന്ന് ദുബൈ മലയാളി അസോസിയേഷൻ യുഎഇ പ്രസിഡന്റ് അജിത അനീഷ്, അൽ അഹല്യ ചീഫ് മെഡിക്കൽ ഓഫീസർ ഡോ.സുദീപ് എന്നിവർ പറഞ്ഞു. അഷ്റഫ് കേച്ചേരി, ശിവരാജ്, ദിൽസേ 90.8 എഫ്എം അവതാരകൻ അനൂപ്, ഷീബ, അക്ഷയ്,ഉത്തമൻ പ്രസംഗിച്ചു. കുറഞ്ഞ വേതനത്തിൽ ജോലി ചെയ്യുന്നവർ,വിസിറ്റ് വിസയിലുള്ള പ്രവാസികൾ തുടങ്ങി വിവിധ ആരോഗ്യ പ്രശ്നങ്ങളുള്ളവർക്ക് മെഡിക്കൽ ക്യാമ്പ് ആശ്വാസമായി. പങ്കെടുത്ത എല്ലാവർക്കും അൽ അഹല്യ മെഡിക്കൽ സെന്റർ പ്രിവിലേജ് കാർഡ് നൽകി. അരുൺ, അഭിഷേക്,ആദർശ്, അനീഷ്,ആദിത്ത്, ദിൽസേ 90.8 എഫ്.എം ടീം മെമ്പേഴ്സ്, അജ്മാൻ, ഷാർജ, ദുബൈ കമ്മറ്റി ഭാരവാഹികൾ ക്യാമ്പിന് നേതൃത്വം നൽകി. പ്രവാസി സമൂഹത്തിന് നൽകി വരുന്ന കാരുണ്യ പ്രവർത്തനങ്ങളെ മുൻനിർത്തി അൽ അഹല്യ മെഡിക്കൽ സെന്റർ ദുബൈ മലയാളി അസോസിയേഷൻ,ദിൽസേ 90.8 എഫ്.എം എന്നിവർക്ക് പുരസ്ക്കാരം നൽകി ആദരിച്ചു.

# നീലേശ്വരം കൾച്ചറൽ സൊസൈറ്റി മുത്തലിബ് പ്രസിഡന്റ് ശിഹാബ് സെക്രട്ടറി

ദുബൈ: യുഎഇയിലെ നീലേശ്വരക്കാരുടെ കൂട്ടയ്മയായ യുഎഇ നീലേശ്വരം കൾച്ചറൽ സൊസൈറ്റിക്ക് 2024-25 പ്രവർത്തന കാലയളവിലേക്ക് പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. അജ്മാൻ റുമൈലയിൽ ചേർന്ന വാർഷിക ജനറൽ ബോഡി യോഗത്തിൽ ശംസുദ്ദീൻ പറമ്പത്ത്, അഷ്റഫ് പറമ്പത്ത്, കമറുദ്ദീൻ പള്ളിവളപ്പിൽ, അസീസ് എം.വി, ഹാരിസ് കമ്മാടം എന്നിവർ പ്രസംഗിച്ചു. ഇ.കെ റഹ്മാൻ സ്വാഗതവും ട്രഷറർ ഇസ്ഹാഖ് നന്ദിയും പറഞ്ഞു. പുതിയ ഭാരവാഹികളായി കെ മുത്തലിബ് (പ്രസിഡന്റ്), ഇക്ബാൽ പി വി (വൈസ് പ്രസിഡന്റ്), ശിഹാബ് ആലിക്കാട് (ജനറൽ സെക്രട്ടറി), ഉവൈസ് തായലകണ്ടി (സെക്രട്ടറി), ഇസ്ഹാക്ക് പി (ട്രഷറർ) എന്നിവരെ തിരഞ്ഞെടുത്തു. സംസ്ഥാന അധ്യാപക അവാർഡ് ജേതാവ് തൈക്കടപ്പുറം ടി.കെ അബുസാലി മാസ്റ്ററുടെ ആകസ്മിക മരണത്തിലും ജോർജിയയിൽ മരിച്ച ശമ്മാസ്, വയനാട് ദുരന്തത്തിൽ മരിച്ചവർ എന്നിവരുടെ പേരിലും അനുശോചനം രേഖപ്പെടുത്തി.



പ്രസിഡന്റ്,ജനറൽ സെക്രട്ടറി, ട്രഷറർ

## വയനാട്ടിൽ ദുരിതമനുഭവിക്കുന്നവർക്ക് സഹായവുമായി എബിസി കാർഗോ

ABC CARGO & COURIER

**നൂറോളം പേർക്ക് തൊഴിൽ നൽകും**
**അവശ്യ സാധനങ്ങൾ എത്തിച്ചു നൽകും**

ദുബൈ: കേരളത്തെ നടുക്കിയ വയനാട് ദുരന്തത്തിൽ സർവും നഷ്ടപ്പെട്ടവർക്ക് സഹായവുമായി എബിസി കാർഗോ. നൂറോളംപേർക്ക് തൊഴിൽ അവസരങ്ങൾ നൽകുന്നതിനൊപ്പം ദുരിതബാധിത മേഖലയിലേക്ക് ആവശ്യസാധനങ്ങൾ യുഎഇയിൽ നിന്നും സൗദിയിൽ നിന്നും തീർത്തും സൗജന്യമായി എത്തിച്ചു നൽകുന്നതാണെന്നും എബിസി മാനേജ്മെന്റ് അറിയിച്ചു.

കഷ്ടപ്പാട് അനുഭവിക്കുന്നവരിൽ നിന്നും നൂറോളംപേർക്ക് അവരുടെ തൊഴിൽ പരിചയവും വിദ്യാഭ്യാസ യോഗ്യതയും അനുസരിച്ചു എബിസി കാർഗോയുടെ ജിസിസിയിലെ ബ്രാഞ്ചുകളിലായി തൊഴിൽ അവസരങ്ങൾ ഉറപ്പാക്കിയിട്ടുണ്ട്. അർഹരായവർക്ക് +971 56 506 9893 എന്നീ നമ്പറിലൂടെ ബന്ധപ്പെടാവുന്നതാണ്.

കൂടാതെ നിലവിലെ സാഹചര്യത്തിൽ കഴിയാവുന്നത്ര സാധനങ്ങൾ ശേഖരിച്ചു അത് നാട്ടിലേക്കു എത്തിക്കുന്നതിനുള്ള തയാറെടുപ്പിലാണ് എബിസി കാർഗോ പ്രതിനിധികൾ. ഭക്ഷണം, വസ്ത്രം തുടങ്ങി എല്ലാ സാധനങ്ങളും എബിസി കാർഗോയുടെ നാട്ടിലെ ഓഫീസിൽ എത്തിച്ചതിന് ശേഷമായിരിക്കും വിവിധ ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് എത്തിക്കുക.

ഈ പ്രതിസന്ധിയിൽ നിന്നും നമ്മുടെ നാടിനെ മോചിപ്പിക്കുന്നതിനായി എബിസി കാർഗോ മാനേജ്മെന്റും ജീവനക്കാരും എപ്പോഴും സജീവമായിരിക്കുമെന്നും മാനേജ്മെന്റ് വ്യക്തമാക്കി.

തങ്ങളുടെ രക്ഷിതാവിനെ നിഷേധിച്ചവരെ, അവരുടെ കർമങ്ങളെ ഉപമിക്കാവുന്നത് കൊടുങ്കാറ്റുള്ള ഒരു ദിവസം കനത്ത കാറ്റടിച്ചു പാറിപ്പോയ വെണ്ണീറിനോടാകുന്നു. അവർ പ്രവർത്തിച്ചുണ്ടാക്കിയതിൽ നിന്ന് യാതൊന്നും അനുഭവിക്കാൻ അവർക്ക് സാധിക്കുന്നതല്ല. അത് തന്നെയാണ് വിദൂരമായ മാർഗഭ്രംശം.

( വിശുദ്ധ ഖുർആൻ: 14: 18 )

gulfchandrikanews@gmail.com

ഗൾഫ് ചന്ദ്രിക
1446 സഫർ 04 • 1199 കർക്കിടകം 24

## ഇന്ത്യയുടെ സ്വർണപുത്രി

ഇന്ത്യൻ കായിക ചരിത്രത്തിലെ ഏറ്റവും ദുരന്തനിമിഷത്തിന് പാരീസ് ഒളിംപിക്സ് വേദിയായിരിക്കുന്നു. ചരിത്രത്തിലാദ്യമായി ഒരു വനിതാതാരം ഒളിമ്പിക്സ് സ്വർണം കഴുത്തിലണിയുന്നതും കാത്ത് കഴിഞ്ഞ രാത്രി കിടന്നുറങ്ങിയ ഇന്ത്യൻ ജനത ഇന്നലെ ഉണർന്നത് അതീവ ദു:ഖത്തിലേക്കും നിരാശയിലേക്കുമായിരുന്നു. നൂറുഗ്രാം തൂക്കത്തിന്റെ പേരിൽ നൂറ്റിനാൽപ്പത് കോടിയുടെ സ്വപനങ്ങളാണ് തകർന്നടിഞ്ഞിരിക്കുന്നത്. കോമൺവെൽത്ത് ഗെയിംസിലും ഏഷ്യൻ ഗയിംസിലും സ്വർണവും എട്ട് ഏഷ്യൻ ചാമ്പ്യൻഷിപ്പുകളിൽ മെഡലുകളും നേടിയിട്ടുള്ള വിനേഷ് ഫോഗട്ട് വിസ്മയിപ്പിക്കുന്ന പ്രകടനമായിരുന്നു പാരീസിൽ നടത്തിയത്. ഒന്നരപ്പതിറ്റാണ്ടിനിടെ മൂന്നുതവണ മാത്രം പരാജയമറിഞ്ഞിട്ടുള്ള ലോക ഒന്നാം നമ്പർ താരം ജപ്പാന്റെ സുസാക്കിയെ പ്രീക്വാർട്ടറിലും യുക്രെയിനിന്റെ ഒക്സാന ലിവാച്ചിനെ ക്വാർട്ടറിലും മലർത്തിയടിച്ച അവർ ക്യൂബയുടെ യുസ്നെയിൽസിനെ നിഷ്പ്രയാസം കീഴടക്കിയാണ് ഒളിമ്പിക് ഗുസ്തി ഫൈനലിലെത്തുന്ന ആദ്യത്തെ ഇന്ത്യക്കാരിയായി മാറിയത്. അതുകൊണ്ട്തന്നെ രാജ്യം മെഡൽ ക്ഷാമം അനുഭവിക്കുന്ന പാരീസിൽ സ്വർണമോ വെള്ളിയോ നേടാൻ അവരുടെ മുന്നിൽ നിശ്ചിത സമയം മാത്രമേ തടസമായുണ്ടായിരുന്നുള്ളൂ. ഈ ഘട്ടത്തിലാണ് സ്വർണ പ്രതീക്ഷകളുമായി ഇന്നലെ ഫൈനൽ മത്സരത്തിനിറങ്ങാനിരിക്കെ ഭാരക്കൂടുതൽ ചൂണ്ടിക്കാട്ടി വിനേഷ് ഫോഗട്ടിനെ അയോഗ്യയാക്കിയത്. അനുവദിച്ച 50 കിലോഗ്രാമിലും നൂറു ഗ്രാം മാത്രം അധിക ഭാരമുണ്ടെന്ന് ചൂണ്ടിക്കാട്ടിയായിരുന്നു അയോഗ്യത. 2016 ലെ റിയോ ഒളിമ്പിക്സിലും 2021 ലെ ടോക്കിയോ ഒളിമ്പികിസിലും പ്രതീക്ഷിച്ച മെഡൽ ദൗർഭാഗ്യകരമാം വിധം അവരിൽ നിന്ന് അകന്നുപോവുകയായിരുന്നു.

നൂറുഗ്രാം തൂക്കത്തിന്റെ പേരിൽ വിനേഷ് ഒളിമ്പിക്സ് ഫൈനലിൽ നിന്ന് അയോഗ്യയാക്കപ്പെടുമ്പോൾ, കഴിഞ്ഞ ഏതാനും മാസങ്ങൾക്ക് മുമ്പ് രാജ്യ തലസ്ഥാനത്ത് അവരുടെ നേതൃത്വത്തിൽ നടന്ന അസാധാരണവും അതുല്യവുമായ സമരങ്ങളാണ് രാജ്യത്തിനുമുന്നിൽ തെളിയുന്നത്. വനിതാ ഗുസ്തി താരങ്ങളോട് മോശമായി പെരുമാറിയ ദേശീയ റെസ്‌ലിങ് ഫെഡറേഷന്റെ അന്നത്തെ പ്രസിഡന്റ് ബ്രിജ് ഭൂഷൺ ശരൺ സിങ്ങിനെതിരെ സാക്ഷി മാലിക്, ബജ്റംഗ് പുനിയ എന്നിവർക്കൊപ്പം ചേർന്ന് വിനേഷ് നടത്തിയ പോരാട്ടം ലക്ഷ്യം കണ്ടുവെന്ന് മാത്രമല്ല, കേന്ദ്ര സർക്കാറിനെ നാണംകെടുത്തുകയും ചെയ്തിരുന്നു. തനിക്കു ലഭിച്ച ഖേൽരത്ന, അർജുന പുരസ്കാരങ്ങൾ ഉപേക്ഷിക്കാൻ തയാറായ അവർ ഒരുവിധത്തിലുള്ള സമ്മർദങ്ങൾക്കും അടിപ്പെടാതിരുന്നപ്പോൾ പൊലീസിന്റെ ബലപ്രയോഗത്തിന് പലതവണ ഇരയാകേണ്ടിവന്നു. മെഡലുകൾ ഗംഗയിലേക്കെറിയാൻ താരങ്ങൾ നടന്നു നീങ്ങിയത് ശ്വാസമടക്കിപ്പിടിച്ചാണ് രാജ്യംകണ്ടുതീർത്തത്. സമരവേദികളിൽ ഒപ്പമുണ്ടായിരുന്ന സാക്ഷിയും പുനിയയും കരിയറിന്റെ അവസാനത്തിലാണെന്നും വിനേഷിനുമുന്നിൽ ധാരാളം സമയമുണ്ടെന്നും അതുനശിപ്പിക്കരുതെന്നും പലരും ഉപദേശിച്ചെങ്കിലും നീതിപുലരുന്നതുവരെ തന്റെ പോരാട്ടം തുടരുമെന്ന നിശ്ചയദാർഢ്യത്തിലായിരുന്നു അവർ.

ബ്രിജ്ഭൂഷൺ യാദവ് എന്ന ഇന്ത്യൻ ഗുസ്തിയിലേയും ഉത്തരേന്ത്യൻ രാഷ്ട്രീയത്തിലെയും അതികായനെതിരെ നേരിട്ട് ഏറ്റുമുട്ടിയപ്പോൾ തന്നെ ഭാവിയിൽ വിനേഷ് കണ്ണീർ കുടിക്കേണ്ടി വരുമെന്നത് ഉറപ്പായിരുന്നു. ഫോഗട്ട് പാരീസിലേക്കുള്ള ഇന്ത്യൻ ഒളിംപിക്സ് സംഘത്തിൽ ഇടംപിടിക്കാതിരിക്കാൻ കേന്ദ്ര സർക്കാറും ഗുസ്തി ഫെഡറേഷനും സാധ്യമായ എല്ലാ കരുനീക്കങ്ങളും നടത്തുകയും ചെയ്തു. ഇഷ്ട വിഭാഗവും പതിവായി മത്സരിക്കാറുമുള്ള 53 ഗ്രാം ഫ്രീസ്റ്റൈൽ വിഭാഗത്തിൽ വിനേഷ് ഫോഗട്ടിനെ വെട്ടി പകരം താരത്തെ നിശ്ചയിച്ചതടക്കം ഈ കളികളുടെ ഭാഗമായിരുന്നു. ഇതോടെയാണ് 50 കിലോഗ്രാം ഫ്രീസ്റ്റൈൽ വിഭാഗത്തിലേക്ക് വിനേഷിന് മാറേണ്ടി വന്നത്. ഇതിനായി ശരീര ഭാരം കുറക്കുക എളുപ്പമായിരുന്നില്ലെങ്കിലും കഠിനാധ്വാനത്തിലുടെ തന്റെ ലക്ഷ്യം എത്തിപ്പിടിച്ചാണ് ഒളിംപിക്സിന് യോഗ്യത നേടിയതും ഇന്ത്യൻ സംഘത്തിന്റെ ഭാഗമായതും. കായിക താരങ്ങളുടെ ശരീരഭാരം ഉൾപ്പെടെ നിയന്ത്രിക്കാൻ നിയമിക്കപ്പെട്ട ഒഫീഷ്യലുകൾ അടക്കം ഇപ്പോൾ സംശയ മുനയിലാണ്. കോച്ചും ഡോക്ടർമാരും ഫിസിയോ തെറാപ്പിസ്റ്റുകളും ന്യൂട്രീഷ്യൻമാരും അടക്കമുള്ളവർ എന്തു ചെയ്യുകയായിരുന്നു എന്ന ചോദ്യമാണ് ഉയരുന്നത്. പ്രധാനമന്ത്രിയുൾപ്പെടെയുള്ളവർ മുതലക്കണ്ണീരുമായി രംഗത്തെത്തിയിട്ടുണ്ടെങ്കിലും സാഹചര്യങ്ങളെല്ലാം ഭരണകൂടത്തിന്റെ പ്രതികാര നടപടിയാണ് പിന്നിലെന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ പ്രതിപക്ഷവും കായികതാരങ്ങളുമെല്ലാം വിനേഷിനു പിന്നിൽ ഉറച്ചുനിൽക്കുകയാണ്. 5,6 കിലോപോലും ഒരൊറ്റ രാത്രികൊണ്ട് കുറയ്ക്കുകയെന്നത് കായിക താരങ്ങൾക്ക് അസാധ്യമല്ലെന്നിരിക്കെ വെറും നൂറു ഗ്രാം കുറക്കാൻ വിനേഷിന് കഴിഞ്ഞില്ലെന്നത് അവിശ്വസനീയമാണെന്നാണ് മുൻ ഗുസ്തി താരം വിജേന്ദർ സിങ് പ്രതികരിച്ചത്. വിനേഷ് ഫോഗട്ടിന് പിന്തുണ നൽകേണ്ട ഘട്ടത്തിൽപോലും പരിശീലനത്തിന് ചിലവഴിച്ച തുകയുടെ കണക്ക് പറയുന്ന കേന്ദ്ര സർക്കാർ ഈ ദൗർഭാഗ്യകരമായ സാഹചര്യത്തിന്റെ ഉത്തരവാദിത്തം സ്വയം ഏറ്റെടുത്തുകൊണ്ടിരിക്കുകയാണ് എന്നതാണ് യാഥാർത്ഥ്യം.

### അടിക്കുറിപ്പ്

5,6 കിലോ ഒരൊറ്റ രാത്രികൊണ്ട് കുറയ്ക്കുകയെന്നത് ഒരു കായിക താരത്തിന് നിഷ്പ്രയാസമായ കാര്യമാണ്. അപ്പോഴാണ് നൂറു ഗ്രാമിന്റെ പേരിൽ വിനേഷ് അയോഗ്യയാക്കപ്പെടുന്നത്. ഇങ്ങനെയൊരു സംഭവം ഇന്ത്യൻ കായിക ചരിത്രത്തിൽ ഇതിന് മുമ്പുണ്ടായിട്ടില്ല. വിനേഷിന്റെ കാര്യത്തിൽ പ്രശ്നമുള്ള ആരോ ഒരാൾ അവരെ അയോഗ്യയാക്കാൻ ശ്രമം നടത്തിയിട്ടുണ്ടാകും.

**വിജേന്ദർ സിങ്**

### ചരിത്രത്തിൽ ഇന്ന്

1942 ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ബോംബെ സമ്മേളനത്തിൽ ക്വിറ്റ് ഇന്ത്യാ പ്രമേയം പാസാക്കി.
1949 ഭൂട്ടാൻ സ്വതന്ത്രമായി.
1945 സോവിയറ്റുകൾ ജപ്പാനെതിരെ യുദ്ധം പ്രഖ്യാപിച്ചു; മഞ്ചൂറിയ ആക്രമിക്കുക1974 നിക്സൺ തന്റെ രാജി പ്രഖ്യാപിച്ചു.
1963 ഗ്രേറ്റ് ട്രെയിൻ കവർച്ച.
1975 'ആഗോളതാപനം' എന്ന പദം ആദ്യമായി പ്രത്യക്ഷപ്പെട്ട1975 'ആഗോളതാപനം' എന്ന പദം ആദ്യമായി പ്രത്യക്ഷപ്പെട്ടു

# ചേർത്തുപിടിക്കാം കൂടെപ്പിറപ്പുകളെ



**സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ**

> പുനരധിവാസവുമായി ബന്ധപെട്ട് പ്രശ്നങ്ങൾ പഠിക്കാനും പരിഹാരങ്ങൾ നിർദേശിക്കാനുമായി സംസ്ഥാന കമ്മിറ്റിയുടെ നേതൃത്വത്തിൽ അഞ്ചംഗ ഉപസമിതിയും രൂപീകരിച്ചിട്ടുണ്ട്. നേതാക്കളും ഉപസമിതി അംഗങ്ങളും വയനാട്ടിൽ യോഗം ചേരുകയും സമഗ്രമായ പുനരധിവാസ പാക്കേജ് പ്രഖ്യാപിക്കുകയും ചെയ്തിരിക്കുകയാണ്. നൂറ് വീടുകളും തൊഴിൽ പദ്ധതികളും വിദ്യാഭ്യാസ സഹായവും ചികിത്സ സഹായവും ഉൾപ്പെടെയുള്ള സമഗ്ര പുനരധിവാസ പദ്ധതിയിലേക്ക് എട്ട് കോടി രൂപ ഇന്നലെ വരെ ലഭിച്ചു. അതങ്ങനെ കാരുണ്യത്തിന്റെ ഉറവയായി പ്രവഹിക്കുകയാണ്.

കേട്ടുകേൾവിയില്ലാത്ത ഭാവനയിൽപോലും സങ്കർപ്പിക്കാത്തതാണ് കൺമുന്നിൽ കാണുന്നത്. വയനാട്ടിൽ സംഭവിച്ച സമാനതകളില്ലാത്ത ഉരുൾപൊട്ടലിന്റെ നടുക്കത്തിൽ നിന്നും കേരളീയ സമൂഹം ഇതുവരെ മോചിതരായിട്ടില്ല. ആൾ നഷ്ടവും സ്വത്ത് നഷ്ടവും കൊണ്ട് സംസ്ഥാന ചരിത്രത്തിലെ ഏറ്റവും വലിയ പ്രകൃതി ദുരന്തമായാണ് അത് അടയാളപ്പെടുത്തുന്നത്. ജൂലൈ 30 ന് ഇരുണ്ട് പുലരുമ്പോഴേക്കും മുണ്ടകൈ, അട്ടമല, ചൂരൽമല തുടങ്ങിയ പ്രദേശങ്ങളിലെ 500 ൽ പരം മനുഷ്യരെയാണ് മലവെള്ളപാച്ചിൽ തട്ടിയെടുത്തത്. ഇവരിൽ പലരുടെയും മൃതദേഹങ്ങൾ കിലോമീറ്റർ ദൂരം അകലെയുള്ള ചാലിയാർ പുഴയിൽ നിന്നാണ് കണ്ടു കിട്ടിയത്. തിരിച്ചറിയാൻ കഴിയാത്ത മൃതദേഹങ്ങൾ



സർവമത പ്രാർത്ഥനക്ക് ശേഷം കൂട്ടത്തോടെയാണ് അടക്കം ചെയ്യുന്നത്. ദുരന്തം വയനാടിനെ കവർന്ന അന്നേ ദിവസം തന്നെ കുഞ്ഞാലിക്കുട്ടി സാഹിബ് ഉൾപ്പെടെയുള്ള മുസ്ലിം ലീഗ് നേതാക്കൾക്കൊപ്പം അവിടെ സന്ദർശിച്ചിരുന്നു.

ചീറിപ്പാഞ്ഞുവരുന്ന ആംബുലൻസിൽ ഉറ്റവർക്ക് ജീവന്റെ തുടിപ്പുണ്ടോയെന്നും മേശകളിൽ നിരത്തിവെച്ച മൃതദേഹങ്ങളിൽ കൂടെപിറപ്പുകളുണ്ടോയെന്നും അറിയാനായി ഹൃദയവേദനയോടെ കാത്തുനിൽക്കുന്ന മനുഷ്യരുടെ ദയനീയ മുഖങ്ങൾ ഇപ്പോഴും മനസ്സിൽ മിന്നിമറിയുകയാണ്. പ്രകൃതി മനോഹരമായ ചൂരൽമല എന്ന ഗ്രാമം കിലോമീറ്റർ ദൂരത്തിലുള്ളതും നാല് വർഷം മുൻപ് ഉരുളെടുത്തതുമായ പുത്തുമലക്ക് സമാനമായി ഏതാണ്ട് മാഞ്ഞു കഴിഞ്ഞു. നേതാക്കൾക്കൊപ്പം കഴിഞ്ഞ ദിവസം വീണ്ടും അവിടെ സന്ദർശിച്ചപ്പോഴാണ് ഒഴുക്കിലെത്തിയ മരങ്ങൾ തടഞ്ഞു നിർത്തിയ വെള്ളാർമല ജി.വി.എച്ച്.എസ് സ്കൂൾ ശ്രദ്ധിച്ചു കണ്ടത്. മഹാദുരന്തം പ്രവചനം നടത്തിയതിന് സമാനമായി ആ സ്കൂളിലെ വിദ്യാർത്ഥിനി കൂടിയായ ലയ എഴുതിയ കഥയിലെ വരികൾ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു.

ലിറ്റിൽ കെറ്റക്സ് മാഗസിനിൽ വെള്ളാരം കല്ലുകൾ എന്ന പേരിൽ പ്രസിദ്ധീകരിച്ച ലയയുടെ കഥയിലെ കൂട്ടുകാരാണ് അനശ്വരയും അലംകൃതയും. വെള്ളാർ മലയിലെ വെള്ളച്ചാട്ടം ആസ്വദിക്കാനെത്തിയ ഇരുവരോടും എവിടെനിന്നോ പറന്നുവന്നൊരു കിളിയാണ് ദുരന്തത്തെക്കുറിച്ച് മുന്നറിയിപ്പു നൽകുന്നത്. മഹാദുരന്തം വരാനിരിക്കുന്നു, നിങ്ങൾ ഇവിടെ നിന്ന് വേഗം രക്ഷപ്പെട്ടോളൂ കുട്ടികളെ എന്ന് കിളി ഇരുവരോടും പറയുകയും കഥയിൽ അവർ രക്ഷപെടുകയുമാണ്. ഉരുൾപൊട്ടലും മണ്ണിടിച്ചിലും മുൻകൂട്ടി അറിയാനുള്ള ശാസ്ത്രീയ സംവിധാനം വേണമെന്ന ചിന്തയാണ് കഥ പകർന്നത്. ലയയുടെ സ്കൂളിലെ 29 കുട്ടികൾ ഉൾപ്പെടെ നിരവധി വിദ്യാർഥികൾ ദുരന്തത്തിൽ മരണപ്പെട്ടതായും കുറെപേരെ കാണാതായിയെന്നു മുള്ള വാർത്തയും വേദനയോടെയാണ് കേട്ടത്.

ആരാധനാലയങ്ങൾ, വായന ശാലകൾ, കെട്ടിടങ്ങൾ,വീടുകൾ, വാഹനങ്ങൾ എന്നിവയുടെ നാശവും വളർത്തു മൃഗങ്ങളുടെ മരണവും ആരുടെയും നെഞ്ചുലയ്ക്കും. സൈന്യം, പൊലീസ്, ഫയർഫോഴ്സ് തുടങ്ങിയ ഔദ്യോഗിക സംവിധാനങ്ങൾ രക്ഷാ പ്രവർത്തനങ്ങളിൽ അവരുടെ ജോലി കൃത്യമായി നിർവഹിച്ചത് ശ്ലാഘനീയമാണ്. ദുരന്തഭൂമിയിൽ ജീവൻ പണയം വെച്ചും രക്ഷകരായി ഓടിയെത്തിയ മുസ്‌ലിം യൂത്ത് ലീഗിനു കീഴിലെ വൈറ്റ് ഗാർഡ് ഉൾപ്പെടെയുള്ള സന്നദ്ധ സംഘടനകൾ തീർത്ത മാതൃകകൾ മലയാളികളുടെ മാനവികതയുടെ വിളംബരം കൂടിയാണ്. ദുരന്തത്തിൽ നിന്നും രക്ഷപ്പെട്ടു വന്നവർ കഴിയുന്ന ക്യാമ്പുകളിലേക്ക് ഭക്ഷണവും വസ്ത്രവുമായി നിരവധി പ്രസ്ഥാനങ്ങളും വ്യക്തികളുമാണ് സഹായ ഹസ്തങ്ങൾ നീട്ടിയത്. മഹാദുരന്തത്തിൽ ഏതാണ്ട് ആയിരം കോടി രൂപയുടെ നഷ്ടമാണ് പ്രാഥമികമായി കണക്കാക്കുന്നത്. ഇതിലും കൂടാനാണ് സാധ്യത. ഇക്കാരണത്താലാണ് വയനാട്ടിലെ ഉരുൾപൊട്ടൽ അതിതീവ്ര ദുരന്തമായി പ്രഖ്യാപിക്കണമെന്ന് കേന്ദ്രത്തോട് കേരളം ഏകകണ്ഠേന ആവശ്യപ്പെടുന്നത്.

മലവെള്ളപാച്ചിലിൽ നിന്നും കരകയറിവന്നു ദുരിതാശ്വാസ ക്യാമ്പിൽ കഴിയുന്ന എല്ലാവരും തന്നെ ഉടുവസ്ത്രമല്ലാതെ മറ്റൊന്നും സ്വന്തമായില്ലാത്തവരാണ്. തിരിച്ചു പോകാൻ വീടോ സന്തോഷവും സങ്കടങ്ങളും പങ്കുവെക്കാനും കൂടെ ചിരിക്കാനും പൊട്ടികരയാനും ആശ്ലേഷിക്കാനും ആരുമില്ലാത്ത വിധം ഒറ്റപെട്ടു പോയവരും അക്കൂട്ടത്തിലുണ്ട്. മുറിച്ചുമാറ്റിയ മരങ്ങളുടെ കടയ്ക്കൽ നിന്ന് പുതിയ ഇലകൾ തളിർക്കുന്നതു പോലെ പുതിയ ജീവിതം സാധ്യമാണെന്നും നിങ്ങൾ ഒറ്റയ്ക്കല്ല കൂടെ ഞങ്ങൾ ഉണ്ടെന്നും നാം ആശ്വാസം പകരേണ്ട സമയമാണിപ്പോൾ. നാം ഓരോരുത്തരും മാതാപിതാക്കളായും സഹോദരങ്ങളായും മക്കളായും സ്നേഹം പകർന്ന് അവരെ ജീവിതത്തിലേക്ക് മടക്കി കൊണ്ട് വരാനുള്ള ഉത്തരവാദിത്തം ഏറ്റെടുക്കേണ്ട ഘട്ടം കൂടിയാണിത്. ആരോഗ്യവും സമ്പത്തും ആയുസും നൽകി ദൈവം അനുഗ്രഹിച്ചവർ എന്ന നിലയിൽ അത് നമ്മുടെയെല്ലാം സാമൂഹ്യ ബാധ്യതയാണ്. ഇപ്പോൾ കാണുന്ന ആൾകൂട്ടം അധിക ദിവസം ഉണ്ടാവില്ലെന്നും അവർ പിരിഞ്ഞു പോയാൽ തങ്ങൾ ഒറ്റപ്പെടുമോ എന്ന വിഷാദ ചിന്തയിൽ അവർ വീഴാതെ നോക്കേണ്ടതുമുണ്ട്. ക്യാമ്പുകളിൽ കഴിയുന്ന കുട്ടികളിൽ പലരും രാത്രിയെ ഭയപ്പെട്ടു കഴിയുന്നവരാണ്. സ്കൂളിൽ പോവാനും കളിക്കാനുമെല്ലാം അവർ ആഗ്രഹം പ്രകടിപ്പിക്കുന്നുണ്ട്. അതെല്ലാം നഷ്ടപ്പെട്ടത് അവരിൽ പലരും അറിഞ്ഞിട്ടില്ല. ക്യാമ്പുകളിൽ സന്ദർശിക്കുമ്പോൾ അവർ അനാഥരാണെന്ന് തോന്നുന്ന രീതിയിലുള്ള അപക്വമായ സംസാരം മനസ്സിൽ മുറിവേൽപ്പിക്കും. മുതുകാടിനെ പോലുള്ളവർ അവിടം സന്ദർശിച്ചതും മാനസിക സമ്മർദ്ദമകറ്റാൻ കൗൺസിലിങ് സേവനം ഉറപ്പു വരുത്തിയതുമായ ആരോഗ്യമന്ത്രിയുടെ പ്രസ്താവനയും ശ്രദ്ധയിൽ പെട്ടു.

താൽക്കാലിക സംവിധാനമായി ചുരുങ്ങാതെ നോക്കാനും ക്യാമ്പുകളിൽ നിന്ന് അവർ പിരിഞ്ഞു പോയാലും കൗൺസിലിംഗ് ഉറപ്പ് വരുത്താനും ആരോഗ്യവകുപ്പ് ശ്രദ്ധിക്കുമെന്ന് പ്രത്യാശിക്കുന്നു. അവരുടെ തുടർ ജീവിതത്തിലും നമ്മുടെയെല്ലാം സ്നേഹത്തോടെയുള്ള നോട്ടവും പുഞ്ചിരിയും നല്ല വാക്കുകളും വേദന സംഹാരികളായി മാറണം. ദുരന്തമുഖത്ത് രാഷ്ട്രീയ വാഗ്വാദങ്ങൾക്ക് ഒരിക്കലും മുസ്‌ലിം ലീഗ് പ്രസ്ഥാനം താൽപര്യം പ്രകടിപ്പിക്കാറില്ല. പുനരധിവാസത്തിൽ എല്ലാ പിന്തുണയും നൽകുന്നതോടൊപ്പം സർക്കാർ നിലപാടുകൾ പാഴ് വാക്കായി മാറാൻ പാടില്ലെന്ന കാര്യം സർവകക്ഷി യോഗത്തിൽ ലീഗ് പ്രതിനിധികൾ വ്യക്തമാക്കിയിട്ടുണ്ട്. ദുരന്ത പ്രദേശത്ത് അടിയന്തരമായി ചെയ്യേണ്ട കാര്യങ്ങൾ നിർവഹിക്കുന്നതിൽ മുസ്‌ലിം ലീഗ് എല്ലാ ഘട്ടങ്ങളിലും മുൻപന്തിയിൽ ഉണ്ടാവാറുണ്ട്.

ആംബുലൻസ് സംവിധാനവും ഉറപ്പ് വരുത്തിയും മരുന്നും ഭക്ഷണവും വസ്ത്രവും എത്തിച്ചു കൊടുത്തും വയനാടിന്റെ ദുഃഖത്തിലും ലീഗും യൂത്ത്‌ലീഗ് ഉൾപ്പെടെയുള്ള പോഷക സംഘടനകളും സജീവമാണ്. പുനരധിവാസവുമായി ബന്ധപെട്ട് പ്രശ്നങ്ങൾ പഠിക്കാനും പരിഹാരങ്ങൾ നിർദേശിക്കാനുമായി സംസ്ഥാന കമ്മിറ്റിയുടെ നേതൃത്വത്തിൽ അഞ്ചംഗ ഉപസമിതിയും രൂപികരിച്ചിട്ടുണ്ട്. നേതാക്കളും ഉപസമിതി അംഗങ്ങളും വയനാട്ടിൽ യോഗം ചേരുകയും സമഗ്രമായ പുനരധിവാസ പാക്കേജ് പ്രഖ്യാപിക്കുകയും ചെയ്തിരിക്കുകയാണ്. നൂറ് വീടുകളും തൊഴിൽ പദ്ധതികളും വിദ്യാഭ്യസ സഹായവും ചികിത്സ സഹായവും ഉൾപ്പെടെയുള്ള സമഗ്ര പുനരധിവാസ പദ്ധതിയിലേക്ക് എട്ട് കോടി രൂപ ഇന്നലെ വരെ ലഭിച്ചു. അതങ്ങനെ കാരുണ്യത്തിന്റെ ഉറവയായി പ്രവഹിക്കുകയാണ്.

അർഹതപ്പെട്ടവർക്ക് സഹായം എത്തിച്ചു കൊടുക്കാൻ ലീഗിൽ വിശ്വാസം അർപ്പിക്കുന്നുവെന്ന നടൻ ജോയ് മാത്യുവിന്റെ പ്രസ്താവനയും ഉമ തോമസ് എം.എൽ.എ നൽകിയ സഹായവും ഉദാരമതികളുടെ പിന്തുണയും പകരുന്ന ഊർജം ചെറുതല്ല. ചെറുതും വലുതുമായ സഹായങ്ങൾ തുടരേണ്ടതുണ്ട്. വയനാടിന്റെ കണ്ണീരൊപ്പാൻ കരുണയുടെ കരങ്ങൾ നീട്ടണമെന്നും ധനസമാഹരണത്തിൽ പങ്കാളികളാവണമെന്നും അഭ്യർത്ഥിക്കുന്നു.




# ആ നാട് പറഞ്ഞുവെച്ചത്

**റഹ്മത്തുല്ല സ്വലാഹി പുത്തൂർ**

കൊല്ലം ജില്ലയിൽ നിന്ന് ട്രാൻസ്ഫർ ലഭിച്ച് വയനാട് ഡി.ഡി.ഇ ഓഫീസിലെത്തിയപ്പോൾ സെക്ഷൻ ക്ലർക്കിനോട് സേവനമനുഷ്ഠിക്കാനിരിക്കുന്ന മുണ്ടക്കൈ സ്കൂളിലേക്കുള്ള അകലത്തെ ക്കുറിച്ച് ചോദിച്ചു. മേപ്പാടിയിൽ നിന്ന് അൽപം പോകാനുണ്ടെന്ന



റിഞ്ഞ ശേഷം ബസിൽ യാത്ര തുടങ്ങി. തേയിലത്തോട്ടത്തിലൂടെ വളഞ്ഞും തിരിഞ്ഞും ചൂരൽമലയിലെത്തി. അവിടെ നിന്നും ഒരു ഓട്ടോയിൽ വീണ്ടും യാത്ര... ഇതെഴുന്ന ദിനത്തിന്റെ പ്രഭാതം ഞെട്ടലോടെ കേട്ട ആ പ്രദേശത്തെത്തി. അതാണ് മുണ്ടക്കൈ !

ദിനേന യാത്ര ചെയ്തെത്തിയ ഒരു നാടാണ് മണ്ണും വൻപാറ കല്ലുകളും മരത്തടികളുമേറ്റി ഒഴുകിപ്പോയത് !അലിഫ് മുതലുള്ള അക്ഷരങ്ങൾ പഠിപ്പിച്ച പ്രിയപ്പെട്ട കുരുന്നുകളാണ് ഇഹലോകം വിട്ട കന്നുപോയത്. നിറപുഞ്ചിരിയുമായി കുശലാന്വേഷണം നടത്തിയിരുന്ന നിരവധി രക്ഷിതാക്കളാണ് മണ്ണോട് ചേർന്നത് ! വയനാടിന്റെ മനോഹാരിത വിളിച്ചറിയിച്ച മനോഹരമായ തോട്ടങ്ങളാണ് വിജന പ്രദേശങ്ങളായി മാറിയത്.

കോഴിക്കോട് നിന്നും പൂനൂരിൽ നിന്നും പുറപ്പെട്ട ഈലാഫ് സന്നദ്ധ സംഘത്തോടൊപ്പം പരീക്ഷണഭൂമിയിലെത്തിയപ്പോൾ ചാനൽ ലൈവുകൾക്കുമെത്രയോ അപ്പുറമായിരുന്നു, ഉരുൾപൊട്ടൽ കാഴ്ചകൾ.....

മൃതശരീരങ്ങളുമായി സൈറൺ മുഴക്കിപ്പായുന്ന ആംബുലൻസുകൾ. സേവന സന്നദ്ധരായി ഒഴുകിയെത്തുന്ന നാടിനെ ചേർത്തുപിടിക്കുന്ന ചെറുപ്പക്കാർ, യുദ്ധകാലാടിസ്ഥാനത്തിൽ എണ്ണയിട്ട യന്ത്രം പോലെ പ്രവർത്തിക്കുന്ന ധ്രുതകർമസേന, മുന്നിൽ നിന്ന് നയിച്ച് ജനപ്രതിനിധികൾ, കുടിവെള്ളവും അത്യാവശ്യത്തിനുള്ള ഭക്ഷണപദാർത്ഥവുമായി ഓടിനടക്കുന്ന സൻമനസിനുടമകൾ..... പല ആവശ്യങ്ങൾക്കും പോകാറുണ്ടായിരുന്ന വി.എച്ച്.എസ്.സി സ്കൂളിന്റെ വിരിമാറ് പാറക്കല്ലുകളും മണ്ണും വൻതടികളുമായുള്ള കുത്തിയൊഴുക്കിനാൽ പേടിപ്പെടുത്തുന്ന കാഴ്ചയായി മാറിയിരിക്കുന്നു. ഒലിച്ചു പോയ പാലത്തിന്റെ ഭാഗത്ത് നിൽക്കുമ്പോൾ അതാ, സ്ട്രെക്ചറിൽ ഒരു യുവാവിനെയുമായി രക്ഷാസേന കുതിച്ചു പോകുന്നു. അങ്ങനെ തുടർച്ചയായ കുതിപ്പുകൾ വീണ്ടും. അതിൽ മിക്കതും ഈ ലോക ജീവിതം വെടിഞ്ഞ് യാത്രയായവർ...

വീണ്ടും ഉരുൾ പൊട്ടി വെള്ളം വരുന്നുവെന്ന് പറഞ്ഞുള്ള കൂട്ടയോട്ടം അവിടെ ഭീതി പരത്തി. ആംബുലൻസിൽ മേപ്പാടി മസ്ജിദിലെത്തി നമസ്കാരം ജംആക്കി ഗവ: ആശുപത്രിയിലെത്തിയപ്പോൾ ഹൃദയഭേദകമായിരുന്നു അവിടുത്തെ അവസ്ഥ. പേര് രേഖപ്പെടുത്തി മൃതശരീരങ്ങൾ നിരന്നുനിൽക്കുന്നു. വിതുമ്പുന്ന ബന്ധുമിത്രാദികൾ...രക്തമൊലിക്കുന്ന ആ ശരീരങ്ങൾ നിമിഷങ്ങൾ നേരം നോക്കി നിൽക്കാനേ ആർക്കുമാവൂ. ഉറക്കം ഒരു മരണമാണല്ലോ. ആത്മാവിനെ തിരികെ ലഭിക്കാതെ രാത്രിയുറക്കത്തിൽ പ്രപഞ്ചനാഥന്റെ തീരുമാനപ്രകാരം അവനിലേക്ക് മടങ്ങിയവർ നൂറ് കവിഞ്ഞിരിക്കുന്നു.

പോസ്റ്റ്മോർട്ടം കാത്ത് കിടക്കുന്ന മൃതദേഹങ്ങളുടെ അടുത്തുകൂടെ നടക്കവെയാണ് മുണ്ടക്കൈ സ്കൂളിൽ ഇപ്പോഴുള്ള അദ്ധ്യാപികമാർ കൂടി നിന്നിടത്തേക്ക് ചെന്ന് വിവരങ്ങൾ ആരാഞ്ഞത്. 'നമ്മുടെ 11 കുട്ടികൾ മിസ്സിംഗ് ആണു മാഷേ '... വിതുമ്പിക്കൊണ്ട് അവർ മൊഴിഞ്ഞു. രാവിലെ മുതൽ വൈകുന്നേരം വരെ കൂടെ കൂട്ടി നടന്ന പിഞ്ചുമക്കളെയോർത്ത് ഏത് കണ്ണുകൾക്കാണ് കണ്ണീർ പൊഴിക്കാതിരിക്കാനാവുക?. മലപ്പുറം പോത്തുകല്ല് ഭാഗത്ത് നിന്ന് ലഭിക്കുന്ന കുട്ടികളുടെ മൃതശരീരങ്ങളെക്കുറിച്ച് മാഷിനൊന്ന് അന്വേഷിക്കാനാവുമോ എന്നവർ ചോദിച്ചപ്പോൾ സുഹൃത്ത് ജലീൽ മാമാങ്കരയെ വിളിച്ചു. മനം ഞെട്ടിക്കുന്ന ലഭ്യമായ രണ്ട് കുട്ടികളുടെ ഫോട്ടോ അയച്ചു തന്നപ്പോൾ അതവരെ കാണിക്കാനുള്ള മന:ശക്തി ഇല്ലായിരുന്നു.'ഹൃദയഭേദകം' എന്ന വാക്യം അക്ഷരാർത്ഥത്തിൽ അനുഭവേദ്യമായിരുന്നു മേപ്പാടി ചൂരൽമല യാത്ര !

പുഞ്ചിരി മട്ടത്തെയും മുണ്ടക്കൈയിലെയും ചൂരൽമലയിലെയും ജീവൻ രക്ഷപ്പെട്ട പ്രദേശവാസികളെ കണ്ട് ദുരന്തത്തിന്റെ ആഴമന്വേഷിച്ചത് ഇതെഴുതുന്നതിന്റെ മണിക്കൂറുകൾ മുമ്പാണ്. ഘോരശബ്ദം കേട്ടപ്പോൾ മരണം മുന്നിൽ കണ്ടു. മക്കളെ ചേർത്തുപിടിച്ചു നിന്നു. അയൽ വീടുകൾ ഒഴുകിപ്പോകുമ്പോൾ ഞങ്ങൾ തലനാരിഴക്കാണ് രക്ഷപ്പെട്ടത്. അവർ നൊമ്പരത്തോടെ പറഞ്ഞു. ആ സമയത്ത് മേപ്പാടി ഹയർ സെക്കണ്ടറി സ്കൂളിന്റെ മുകളിലൂടെ പറന്ന ഹെലിക്കോപ്റ്ററും റോഡിലൂടെ സൈറൺ മുഴക്കിയോടുന്ന ആംബുലൻസിന്റെ ശബ്ദവും അവരിലൊരു സഹോദരിയെ ഭീതിപ്പെടുത്തുന്നുണ്ടായിരുന്നു.

അവർക്ക് കൃത്യമായി ഭക്ഷണവും വെള്ളവും സന്ദർഭാനുസരണം ലഭിക്കുന്നുണ്ട്. കാര്യങ്ങൾ കണ്ടും കേട്ടും ഇടപെട്ട് നൽകിയും സർക്കാറിന്റെ വിവിധ ഡിപ്പാർട്ടുമെന്റുകളും മെഡിക്കൽ സംഘങ്ങളും ഒട്ടേറെ സന്നദ്ധ സേവകരുമെല്ലാം ഏറെയുണ്ട്. ക്യാമ്പിൽ നിന്നിറങ്ങിയാൽ അന്തിയുറങ്ങാനൊരിടം അവരും ബന്ധപ്പെട്ടവരും തേടിക്കൊണ്ടിരിക്കുകയാണ്. ടൗൺഷിപ്പ് സംവിധാനത്തിലൂടെയുള്ള വീടും സ്ഥലവുമൊക്കെ അതിന്റെ നടപടിക്രമങ്ങൾ പൂർത്തിയാകുമ്പോഴാണല്ലോ ലഭ്യമാവുക. പക്ഷെ അവരുടെ പ്രധാന അഭ്യർത്ഥന 'നിങ്ങളെല്ലാം ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിച്ചു കൊണ്ടേയിരിക്കണം' എന്നതായിരുന്നു.

**( ലേഖകൻ മുണ്ടക്കൈ ജി.എൽ.പി.എസ് മുൻ അദ്ധ്യാപകൻ)**

RNI Reg No. KERMAL/2009/30266. Vol No.16. Issue No. 117 Printed and Published by P K K Bava for The Muslim Printing and Publishing Company Limited, Kozhikkode at Chandrika Press, Bypass road, Malappuram - 676 509.
Editor-Kamal Varadoor ( responsible for selection of news under PRB Act). Phone: 0483-2735901, 2735902, 2733283, Email-chandrikanews@gmail.com, chandrikaadmlp@gmail.com



## സേച്ഛാധിപത്യം ഏറെ വാഴില്ല

മുംബൈ: സ്വേച്ഛാധിപതിമാർ ഏറെ വാഴില്ലെന്ന പാഠമാണ് ബംഗ്ലാദേശ് നൽകുന്നതെന്ന് ശിവസേന (ഉദ്ധവ് വിഭാഗം) എം.പി സഞ്ജയ് റാവത്ത്. ബംഗ്ലാദേശിൽ സംഭവിച്ചതിൽ നിന്ന് നമ്മുടെ രാജ്യത്തെ നേതാക്കൾ പാഠം പഠിക്കണം. സമാനമായ സാഹചര്യമാണ് ഇന്ത്യയിലും നിലനിൽക്കുന്നത്. അവിടെ പ്രതിപക്ഷ ശബ്ദം അടിച്ചമർത്തപ്പെട്ടു, തിരഞ്ഞെടുപ്പുകളിൽ അഴിമതികൾ നടന്നു, എതിരാളികളെ ജയിലിലടച്ചു, നിരവധി പേർ കൊല്ലപ്പെട്ടു, പാർലമെന്റിൽ അനാവശ്യ നിയമങ്ങൾ പാസാക്കി, വിലക്കയറ്റത്തിൽ ജനങ്ങൾ പൊറുതിമുട്ടി. ഇതേ സാഹചര്യം ഇന്ത്യയിലുണ്ട്. അതിന്റെ പ്രത്യാഘാതത്തെക്കുറിച്ച് നാം ചിന്തിക്കണം.



## വിദ്യാഭ്യാസത്തിന് മുൻഗണന

ചെന്നൈ: വിദ്യാഭ്യാസ മേഖലയ്ക്ക് മുന്തിയ പരിഗണനയാണ് തമിഴ്നാട് സർക്കാർ നൽകുന്നതെന്ന് മുഖ്യമന്ത്രി എം.കെ സ്റ്റാലിൻ. സർക്കാർ സ്കൂളുകളിൽ നിന്ന് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള പ്രമുഖ സ്ഥാപനങ്ങളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ ഉന്നത വിദ്യാഭ്യാസ ചെലവ് തമിഴ്നാട് സർക്കാർ വഹിക്കും. വിദേശത്തെ പ്രശസ്തമായ സ്ഥാപനങ്ങളിൽ പ്രവേശനം നേടിയ സർക്കാർ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ യാത്രാ ചെലവും സർക്കാർ വഹിക്കും. തമിഴ്നാട്ടിലെ സർക്കാർ സ്കൂളുകളിൽ നിന്ന് പഠിച്ചിറങ്ങിയ 447 വിദ്യാർത്ഥികൾ ഇന്ത്യയിലും വിദേശത്തുമുള്ള പ്രശസ്ത സ്ഥാപനങ്ങളിൽ പ്രവേശനം നേടിയിട്ടുണ്ട്.



### ചുരുക്കത്തിൽ

#### രാജ്യസഭ; 12 സീറ്റിൽ സെപ്റ്റംബർ 3ന് തിരഞ്ഞെടുപ്പ്

ന്യൂഡൽഹി: ഒമ്പത് സംസ്ഥാനങ്ങളിലായി ഒഴിവുള്ള 12 രാജ്യസഭ സീറ്റുകളിലേക്കുള്ള തിരഞ്ഞെടുപ്പ് അടുത്ത മാസം മൂന്നിന് നടക്കും. കേന്ദ്രമന്ത്രിമാരായ പിയൂഷ് ഗോയൽ, സർബാനന്ദ സോനോവാൾ, ജ്യോതിരാദിത്യ സിന്ധ്യ എന്നിവരുൾപ്പെടെ സിറ്റിങ് അംഗങ്ങൾ ലോക്സഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടതോടെ പത്ത് സീറ്റുകൾ ഒഴിഞ്ഞുകിടക്കുകയാണ്. രണ്ട് അംഗങ്ങൾ രാജിവച്ചതിനെ തുടർന്ന് ഈ സീറ്റുകളിലും ഒഴിവുണ്ട്. 12 സീറ്റുകളിൽ രണ്ടു വീതം അസം, ബിഹാർ, മഹാരാഷ്ട്ര എന്നിവിടങ്ങളിലാണ്. ഹരിയാന, മധ്യപ്രദേശ്, രാജസ്ഥാൻ, ത്രിപുര, തെലങ്കാന, ഒഡീഷ എന്നിവിടങ്ങളിൽ നിന്ന് ഒരു സീറ്റ് വീതവും ഒഴിവുണ്ട്. വിജ്ഞാപനം ആഗസ്റ്റ് 14ന് പുറപ്പെടുവിക്കും. പത്രിക സമർപ്പിക്കാനുള്ള അവസാന തീയതി ആഗസ്റ്റ് 21. പത്രിക പിൻവലിക്കാനുള്ള അവസാന തീയതി ആഗസ്റ്റ് 27 ആണ്. സെപ്തംബർ മൂന്നിന് തന്നെ ഫലം പ്രഖ്യാപിക്കുമെന്നും തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

#### മംഗളൂരു ഹോംസ്റ്റേ ആക്രമണം; ഹിന്ദു ജാഗരൺ പ്രവർത്തകരെ വെറുതെവിട്ടു

ദക്ഷിണ കന്നഡ: 2012ലെ കുപ്രസിദ്ധമായ മംഗളൂരു ഹോംസ്റ്റേ ആക്രമണക്കേസിൽ പ്രതികളായ 40 ഹിന്ദു ജാഗരൺ വേദികെ പ്രവർത്തകരെ വെറുതെവിട്ടു. മംഗളൂരു ആറാം അഡീഷണൽ ഡിസ്ട്രിക്ട് ആന്റ് സെഷൻസ് കോടതി തെളിവുകളുടെ അഭാവം ചൂണ്ടിക്കാട്ടി പ്രതികളെ മോചിപ്പിച്ചത്. 44 പേർക്കെതിരെയാണ് പൊലീസ് കേസ് രജിസ്റ്റർ ചെയ്തിരുന്നത്. മൂന്നുപേർ വിചാരണയ്ക്കിടെ മരിച്ചു. ഒരു മാധ്യമപ്രവർത്തകനെ കേസിൽ നിന്ന് സർക്കാർ ഒഴിവാക്കി. 2012 ജൂലൈ 28ന് മംഗളൂരുവിലെ പാഡിലിനടുത്തുള്ള മോണിംഗ് മിസ്റ്റ് ഹോംസ്റ്റേയിൽ നടന്ന ജന്മദിന പാർട്ടിയിലേക്ക് ഹിന്ദു ജാഗരൺ വേദികെ പ്രവർത്തകർ അതിക്രമിച്ചെത്തുകയും യുവാക്കളെയും യുവതികളെയും ക്രൂരമായി മർദ്ദിക്കുകയുമായിരുന്നു. 12 സ്ത്രീകൾക്കും മർദ്ദനമേറ്റു. ഇവരുടെ വസ്ത്രങ്ങൾ വലിച്ചു കീറുകയും ചെയ്തു. ഹിന്ദുത്വ സംഘടനാ നേതാവും പ്രദേശത്തെ ക്രിമിനലുമായ സുഭാഷ് പടീലിന്റെ നേതൃത്വത്തിലായിരുന്നു ആക്രമണം. ബി.ജെ.പി ഭരണത്തിൽ നടന്ന സംഭവം രാജ്യവ്യാപക പ്രതിഷേധത്തിനിടയാക്കിയിരുന്നു. സംഭവത്തെ കുറിച്ച് അന്വേഷിച്ച സംസ്ഥാന വനിതാ കമ്മീഷൻ പൊലീസിന്റെ വീഴ്ച സംബന്ധിച്ച് അന്നത്തെ ആഭ്യന്തര മന്ത്രി ആർ. അശോകിനു റിപ്പോർട്ട് നൽകിയിരുന്നു.

# വഖഫ് നിയമ ഭേദഗതി
# കേന്ദ്രത്തിന് ഗൂഢ ലക്ഷ്യം

ന്യൂഡൽഹി: കടുത്ത എതിർപ്പ് നിലനിൽക്കെ തന്നെ വഖഫ് നിയമ ഭേദഗതിയുമായി മുന്നോട്ടുപോകാനുള്ള കേന്ദ്ര സർക്കാർ തീരുമാനത്തിനു പിന്നിൽ ഗൂഢ ലക്ഷ്യങ്ങൾ. ശതകോടികൾ മൂല്യം വരുന്ന വഖഫ് സ്വത്തിൽ കണ്ണുനട്ടാണ് മോദി സർക്കാറിന്റെ നീക്കമെന്ന ആരോപണം ശക്തമായി. എട്ടു ലക്ഷം ഏക്കർ ഭൂമിയാണ് രാജ്യത്തൊട്ടാകെ വഖഫിന്റേതായുള്ളതെന്നാണ് റിപ്പോർട്ട്.

റെയിൽവേ, റവന്യൂ, പ്രതിരോധം അടക്കമുള്ള സർക്കാർ വകുപ്പുകൾ കഴിഞ്ഞാൽ ഏറ്റവും കൂടുതൽ സ്വന്തമായി ഭൂമിയുള്ളത് വഖഫിനാണ്. നിലവിലെ നിയമപ്രകാരം വഖഫ് സ്വത്തുക്കളിൽ ഇടപെടാൻ കേന്ദ്ര സർക്കാറിന് അധികാരമില്ല. വഖഫ് ബോർഡുകൾ പോലും വഖഫ് സ്വത്തിന്റെ സംരക്ഷകർ മാത്രമാണ്. ഇതിനെ മറികടന്ന് വഖഫ് സ്വത്തിൽ നേരിട്ട് കൈകടത്താനുള്ള പഴുത് നിയമഭേദഗതിയിലൂടെ സൃഷ്ടിച്ചെടുക്കുകയാണ് സർക്കാർ ലക്ഷ്യം. 1995ലെ വഖഫ് നിയമത്തിലെ 3 സി അനുഛേദത്തിന്റെ ഭേദഗതിയാണ് ഇതിൽ പ്രധാനം. നിലവിലെ നിയമത്തിലെ 3 സി(1), സി(2) വകുപ്പുകൾ പ്രകാരം സർക്കാറും വഖഫ് ബോർഡും തമ്മിൽ ഉടമസ്ഥാവകാശ തർക്കം നിലനിൽക്കുന്ന ഒരു ഭൂമിയോ വസ്തുവോ വഖഫ് സ്വത്തായി പ്രഖ്യാപിക്കാൻ കേന്ദ്രത്തിൽ വഖഫ് കൗൺസിലിനും സംസ്ഥാനങ്ങളിൽ വഖഫ് ബോർഡുകൾക്കും അധികാരമുണ്ട്. ഇത് ഭേദഗതി ചെയ്ത് വഖഫ് സ്വത്തായി പ്രഖ്യാപിക്കാനുള്ള അധികാരം ജില്ലാ കലക്ടർക്കോ സിവിൽ സർവീസ് റാങ്കിലുള്ള ഉദ്യോഗസ്ഥനോ നൽകാനാണ് കരട് ബില്ലിൽ വ്യവസ്ഥ ചെയ്യുന്നത്. പരാതി ഉയർന്നാൽ ജില്ലാ കലക്ടർ അന്വേഷണം നടത്തി ഭൂമി വഖഫ് ആണോ അല്ലയോ എന്ന് കണക്കാക്കി സംസ്ഥാന സർക്കാറിന് റിപ്പോർട്ട് നൽകണം.

കളക്ടറുടെ അന്വേഷണം പൂർത്തിയാകും വരെ തർക്കമുന്നയിക്കപ്പെട്ട വസ്തു സർക്കാർ വസ്തുവായാണ് കണക്കാക്കുക. വഖഫ് സ്വത്തായി കണക്കാക്കില്ലെന്നും നിയമഭേദഗതി പറയുന്നു. മറ്റൊരു പ്രധാന ഭേദഗതി വഖഫ് ട്രൈബ്യൂണലിന്റെ അധികാരം കവരുന്നതാണ്. നിലവിലെ നിയമത്തിലെ സെക്ഷൻ ആറ് പ്രകാരമാണ് തർക്ക ഭൂമികളുടെ കാര്യത്തിൽ വഖഫ് ട്രൈബ്യൂണലിന് തീരുമാനമെടുക്കാനുള്ള അധികാരം നൽകുന്നത്. ട്രൈബ്യൂണൽ തീരുമാനം അന്തിമമാണെന്നും നിലവിലെ നിയമത്തിൽ പറയുന്നുണ്ട്. ഇതിൽ വഖഫ് തീരുമാനം അന്തിമമാണ് എന്ന പരാമർശമാണ് പുതിയ ഭേദഗതി പ്രകാരം എടുത്തു കളയുന്നത്.

വഖഫ് സ്വത്തുക്കളിൽ തുറന്ന കോടതികളിൽ സർക്കാറിന് അവകാശം ഉന്നയിക്കാനുള്ള പഴുതുണ്ടാക്കിയെടുക്കുകയാണ് മോദി സർക്കാർ ഇതിലൂടെ ചെയ്തിരിക്കുന്നത്. വഖഫ് സ്വത്തിന്റെ രജിസ്ട്രേഷൻ ആവശ്യപ്പെട്ട് നൽകുന്ന അപേക്ഷകളിലും ജില്ലാ കലക്ടർ അന്വേഷണം നടത്തി സർക്കാർ ഭൂമിയല്ലെന്ന് ഉറപ്പാക്കി മാത്രമേ രജിസ്ട്രേഷന് അനുമതി നൽകൂ എന്ന വ്യവസ്ഥയും ബില്ലിലുണ്ട്. വഖഫ് കൗൺസിലിലേയും വഖഫ് ബോർഡുകളിലേയും അംഗങ്ങളുടെ നിയമനവുമായി ബന്ധപ്പെട്ടാണ് മറ്റൊരു പ്രധാന വിവാദ നിർദേശം പുതിയ ബില്ലിലുള്ളത്. നിലവിലെ നിയമ പ്രകാരം വഖഫ് ബോർഡ് സി.ഇ.ഒ മുസ്‌ലിം മതവിഭാഗത്തിൽ നിന്നുള്ള ആളായിരിക്കണം എന്ന വ്യവസ്ഥയുണ്ട്. എന്നാൽ പുതിയ നിയമത്തിൽ ഈ വ്യവസ്ഥ എടുത്തുകളഞ്ഞു. ഫലത്തിൽ മുസ്‌ലിംകളല്ലാത്തവർക്കും വഖഫ് ബോർഡ് സി.ഇ.ഒ പദവികളിൽ എത്താം. മൊത്തം അംഗങ്ങളിൽ രണ്ടുപേര് വനിതകളായിരിക്കണം എന്ന വിവാദ നിർദേശമാണ് മറ്റൊന്ന്. വഖഫ് കൗൺസിലിൽ വഖഫ് വകുപ്പിന്റെ ചുമതലയുള്ള കേന്ദ്രമന്ത്രി, മൂന്ന് എം.പിമാർ, മൂന്ന് മുസ്‌ലിം സംഘടനാ പ്രതിനിധികൾ, മൂന്ന് മുസ്‌ലിം നിയമ വിദഗ്ധർ എന്നിവരും സുപ്രീംകോടതിയിലേയോ ഹൈക്കോടതികളിലേയോ രണ്ട് റിട്ട. ജഡ്ജിമാരും നാല് പൗര പ്രമുഖരും സർക്കാർ പ്രതിനിധികളും അടങ്ങുന്നതാണ് വഖഫ് കൗൺസിൽ.

വഖഫ് ബോർഡുകളിൽ സംസ്ഥാന വഖഫ് മന്ത്രിയും എം.എൽ.എമാരും മൂന്ന് മുസ്‌ലിം സംഘടനാ പ്രതിനിധികളും മൂന്ന് മുസ്‌ലിം നിയമ വിദഗ്ധരും സർക്കാർ പ്രതിനിധികളും എന്നതാണ് കണക്ക്. ഇതിൽ വഖഫ് കൗൺസിലിലും വഖഫ് ബോർഡിലും ചുരുങ്ങിയത് രണ്ട് അംഗങ്ങളെങ്കിലും വനിതകൾ ആയിരിക്കണം എന്നാണ് പുതിയ നിയമ ഭേദഗതിയിൽ വ്യവസ്ഥ ചെയ്യുന്നത്.

### ബംഗ്ലാദേശ് സംഘർഷം

# എംബസി ഉദ്യോഗസ്ഥരെ തിരിച്ചെത്തിച്ച് ഇന്ത്യ

ന്യൂഡൽഹി: ഭരണവിരുദ്ധപ്രക്ഷോഭം ശക്തമായ ബംഗ്ലാദേശിലെ ഇന്ത്യൻ എംബസിയിൽ നിന്നും കോൺസുലേറ്റുകളിൽ നിന്നും അനിവാര്യമല്ലാത്ത എല്ലാ ജീവനക്കാരെയും ഒഴിപ്പിച്ചു. 190 ജീവനക്കാരേയും അവരുടെ കുടുംബത്തേയുമാണ് എയർ ഇന്ത്യ പ്രത്യേക വിമാനത്തിൽ നാട്ടിലെത്തിച്ചത്.

നയതന്ത്ര വിദഗ്ധർ ബംഗ്ലാദേശിൽ തുടരുമെന്നാണ് റിപ്പോർട്ട്. ധാക്കയിലെ ഇന്ത്യൻ ഹൈക്കമ്മീഷണർ ഉൾപ്പെടെയുള്ള പ്രിൻസിപ്പൽ ഓഫീസർമാരാണ് അവിടെ തുടരുന്നത്. ധാക്കയ്ക്കു പുറമെ, ചിറ്റഗോംഗ്, രാജ്ഷാഹി, ഖുൽന, സിൽഹെത് എന്നിവയുൾപ്പെടെ നിരവധി നഗരങ്ങളിൽ ഇന്ത്യയ്ക്ക് അസിസ്റ്റന്റ് ഹൈക്കമ്മീഷനുകളോ കോൺസുലേറ്റുകളോ പ്രവർത്തിക്കുന്നുണ്ട്. അതേസമയം ബംഗ്ലാദേശിൽനിന്ന് 205 പേരുമായി എയർ ഇന്ത്യയുടെ പ്രത്യേക വിമാനം ഡൽഹിയിൽ എത്തി. 199 മുതിർന്നവരും ആറ് ശിശുക്കളുമാണ് എ 321 നിയോ വിമാനത്തിലുണ്ടായിരുന്നത്. ഡൽഹിയിൽ നിന്ന് ദിവസേന രണ്ട് വിമാനങ്ങളാണ് ധാക്കയിലേക്ക് എയർ ഇന്ത്യ ഷെഡ്യൂൾ ചെയ്തിരിക്കുന്നത്. വിസ്താര, ഇൻഡിഗോ ഉൾപ്പെടെയുള്ള മറ്റ് എയർലൈനുകളും ഷെഡ്യൂൾ അനുസരിച്ച് ധാക്കയിലേക്ക് സർവീസ് നടത്തും. ഏകദേശം 10,000 ഇന്ത്യക്കാരാർ നിലവിൽ ബംഗ്ലാദേശിൽ താമസിക്കുന്നുണ്ടെന്ന് വിദേശകാര്യമന്ത്രി എസ് ജയ്ശങ്കർ കഴിഞ്ഞ ദിവസം പാർലമെന്റിൽ അറിയിച്ചത്. അവിടെനിന്നും ഇന്ത്യക്കാരെ പെട്ടെന്നു തന്നെ ഒഴിപ്പിക്കേണ്ട സാഹചര്യമില്ലെന്നും വീടുകൾ അടക്കമുള്ളവയ്ക്ക് നേരെയുള്ള വ്യാപകമായ ആക്രമണത്തെക്കുറിച്ച് താത്കാലിക സർക്കാരുമായി സംസാരിക്കുമെന്നും മന്ത്രി വ്യക്തമാക്കിയിരുന്നു.

## 205 പേരുമായി എയർ ഇന്ത്യ വിമാനം ഡൽഹിയിലെത്തി

ന്യൂഡൽഹി: ബംഗ്ലാദേശിൽനിന്ന് 205 പേരുമായി എയർ ഇന്ത്യയുടെ പ്രത്യേക വിമാനം ഡൽഹിയിൽ എത്തി. ആറു കുട്ടികളും 199 മുതിർന്നവരുമാണ് ഇന്നലെ രാവിലെ ഡൽഹിയിലെത്തിയത്. ബംഗ്ലാദേശിലെ സ്ഥിതിഗതികൾ ഇപ്പോൾ ഏറെക്കുറെ നിയന്ത്രണവിധേയമാണെന്ന് യാത്രക്കാരനായ അർപിത് പ്രതികരിച്ചു.

സംഘർഷങ്ങൾ ഏറെക്കുറെ നിയന്ത്രണവിധേയമാണ്. റോഡുകളും ഹൈവേകളും എല്ലാം പ്രശ്നരഹിതമാണ്. നാളെ മുതൽ എല്ലാം പൂർണമായും പ്രവർത്തിച്ചു തുടങ്ങും. ഫാക്ടറികൾ, ഓഫിസുകൾ, ബാങ്കുകൾ, കോളേജുകൾ, സ്കൂളുകൾ എല്ലാം ശരിയായി നടക്കാൻ പോവുകയാണെന്നും അർപിതിനെ ഉദ്ധരിച്ച് വാർത്താ ഏജൻസി റിപ്പോർട്ട് ചെയ്യുന്നു. പരിഭ്രാന്തിയിലായിരുന്നോ യാത്രയെന്ന ചോദ്യത്തിന് അല്ലായെന്നും എയർലൈനുകൾ എല്ലാം സർവിസ് തുടങ്ങിയതായും കുടുംബം ആശങ്കയിലായതുകൊണ്ടു മാത്രം അവരെ കാണാൻ വന്നതാണെന്നും രണ്ട് മൂന്ന് ദിവസത്തിന് ശേഷം താൻ ബംഗ്ലാദേശിലേക്ക് മടങ്ങുമെന്നും അർപിത് പറഞ്ഞു. കലാപകാരികൾ ഒരു വിഭാഗത്തിലെ ആളുകളെ മാത്രം ഉന്നമിടുന്നു എന്ന തരത്തിലുള്ള റിപ്പോർട്ടുകളെക്കുറിച്ച് ചോദിച്ചപ്പോൾ 'ഇന്ത്യക്കാരെ സംബന്ധിച്ചിടത്തോളം അത് ശരിയല്ലെന്നും എല്ലാം നല്ല രീതിയിൽ തന്നെ ആണെ'ന്നായിരുന്നു മറുപടി.

ഷെയ്ഖ് ഹസീന രാജ്യം വിട്ടതിൽ ജനങ്ങൾ സന്തുഷ്ടരാണെന്നും അർപിത് പരാമർശിച്ചു. ബംഗ്ലാദേശിലെ സ്ഥിതിഗതികൾ സാധാരണ നിലയിലായെന്ന് മറ്റൊരു യാത്രക്കാരനും പ്രതികരിച്ചു.

## മുസ്‌ലിം വേട്ട; നടപടിയെടുക്കേണ്ടത് സംസ്ഥാനങ്ങളെന്ന് കേന്ദ്രമന്ത്രി

■ സമദാനിയുടെ ചോദ്യത്തിനാണ് മന്ത്രിയുടെ മറുപടി

ന്യൂഡൽഹി: ക്രമസമാധാനവും പൊലീസും സംസ്ഥാന വിഷയങ്ങളാകയാൽ ന്യൂനപക്ഷങ്ങൾക്കെതിരായ വിദ്വേഷപ്രസംഗങ്ങൾ തടയാനും അന്വേഷിക്കാനും കുറ്റവാളികൾക്കെതിരെ നടപടിയെടുക്കാനും സംസ്ഥാന സർക്കാരുകൾക്കാണ് ഉത്തരവാദിത്തമെന്ന് ന്യൂനപക്ഷകാര്യ മന്ത്രി കിരൺ റിജിജു, ഡോ. എം.പി. അബ്ദുസ്സമദ് സമദാനിയെ അറിയിച്ചു. വിദ്വേഷപ്രസംഗങ്ങൾ തടയുന്നതിന് പര്യാപ്തവും ശക്തവുമായ നിയമനിർമ്മാണം നടത്തുവാനാവശ്യപ്പെട്ടുകൊണ്ടുള്ള ലോക്സഭയിലെ ചോദ്യത്തിന് രേഖാമൂലം നൽകിയ മറുപടിയിലാണ് മന്ത്രി ഇക്കാര്യം അറിയിച്ചത്. ഭാരതീയ ന്യായ സംഹിത (2023)യുടെ 196, 299, 353 വകുപ്പുകളിൽ വിദ്വേഷ പ്രസംഗ സംഭവങ്ങളെ നേരിടാൻ അനുയോജ്യമായ വകുപ്പുണ്ടെന്നും മന്ത്രി പറഞ്ഞു.

## അങ്കമാലി- എരുമേലി പാതക്ക് പകരം ചെങ്ങന്നൂർ- പമ്പ പദ്ധതിയുമായി റയിൽവേ

അഡ്വ. ഹാരിസ് ബീരാന്റെ ചോദ്യത്തിന് മറുപടി

ന്യൂഡൽഹി: ശബരിമലയിലേക്കുള്ള റെയിൽ ഗതാഗതം സുഗമമാക്കുന്നതിനായി തയ്യാറാക്കിയ അങ്കമാലി- എരുമേലി റയിൽവേ പാതക്കുപകരം 75 കി.മീ ദൂരത്തിൽ ചെങ്ങന്നൂർ- പമ്പ പുതിയ പാതയുടെ സർവേ ഉടനെന്ന് കേന്ദ്ര സർക്കാർ.

അഡ്വ. ഹാരിസ് ബീരാൻ എം.പി രാജ്യസഭയിൽ ഉന്നയിച്ച ചോദ്യത്തിനാണ് റയിൽവേ മന്ത്രി അശ്വിനി വൈഷ്ണവിന്റെ മറുപടിയിലാണിക്കാര്യം വ്യക്തമാക്കിയത്. 1997–98 ബജറ്റിൽ തീരുമാനമായതുപ്രകാരം പദ്ധതി ആരംഭിച്ച അങ്കമാലി- എരുമേലി പാതയുടെ ആദ്യഘട്ടം അങ്കമാലിയിൽ നിന്നും കാലടി വഴി പെരുമ്പാവൂർ വരെയുള്ള 17 കി.മീറ്ററിലേക്കുള്ള സ്ഥലമേറ്റെടുപ്പ് ആരംഭിച്ചപ്പോഴേക്കും പൊതുജന പ്രക്ഷോഭവും കേസും കാരണം പദ്ധതി ഉപേക്ഷിച്ച നിലയിലാണ്. അതിനിടെ കഴിഞ്ഞ വർഷം കേരള റയിൽവേ ഡവലപ്മെന്റ് കോർപറേഷൻ പാതയുടെ പുതുക്കിയ എസ്റ്റിമേറ്റ് നിശ്ചയിച്ചു നൽകിയിരുന്നു. നിലവിലെ പദ്ധതി പാതിവഴിയിൽ ഉപേക്ഷിച്ചെങ്കിലും പൊതുജനാവശ്യം കണക്കിലെടുത്ത് ശബരിമലയിൽ നിന്നും നാല് കിലോമീറ്റർ മാത്രം അകലെയുള്ള പമ്പയുമായി ബന്ധപ്പെടുത്തി ചെങ്ങന്നൂർ- പമ്പ പുതിയ പാതയുടെ സ്ഥലമേറ്റെടുപ്പ് സർവെക്കുള്ള അന്തിമ തീരുമാനമായതായി മന്ത്രി അറിയിച്ചു.

## പാഠപുസ്തകങ്ങളിൽ നിന്ന് ഭരണഘടന ആമുഖം നീക്കിയതിൽ രാജ്യസഭയിൽ പ്രതിഷേധം

വർഗീയ പ്രത്യയ ശാസ്ത്രം അടിച്ചേൽപ്പിക്കാൻ നീക്കം: ഖാർഗെ

ന്യൂഡൽഹി: എൻ.സി.ഇ.ആർ.ടി പാഠപുസ്തകങ്ങളിൽ നിന്ന് ഭരണഘടനയുടെ ആമുഖം നീക്കിയ സംഭവം രാജ്യസഭയിലുന്നയിച്ച് പ്രതിപക്ഷം. രാജ്യത്ത് വർഗീയ പ്രത്യയ ശാസ്ത്രം അടിച്ചേൽപ്പിക്കാനുള്ള ശ്രമങ്ങളുടെ ഭാഗമാണിതെന്ന് രാജ്യസഭ പ്രതിപക്ഷ നേതാവും കോൺഗ്രസ് അധ്യക്ഷനുമായ മല്ലികാർജുൻ ഖാർഗെ പറഞ്ഞു.

'ഇന്ത്യൻ ഭരണഘടനയുടെ ആത്മാവും അടിത്തറയുമായ ആമുഖം എൻ.സി.ഇ.ആർ.ടി പാഠപുസ്തകങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്നത് വരും തലമുറയിലേക്ക് അതിന്റെ പ്രാധാന്യം പകർന്നു നൽകുന്നതിനാണ്. എല്ലാ പൗരന്മാർക്കും നീതി, സ്വാതന്ത്ര്യം, സമത്വം, രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും നിലനിർത്തുന്നതിന് സാഹോദര്യം പ്രോത്സാഹിപ്പിക്കുക എന്നിവയാണ് ആമുഖത്തിൽ പറഞ്ഞിരിക്കുന്ന ലക്ഷ്യങ്ങൾ. സാമൂഹിക ജനാധിപത്യത്തിന്റെ അടിത്തറയിലല്ലാതെ രാഷ്ട്രീയ സ്വാതന്ത്ര്യം നിലനിൽക്കില്ല. സാമൂഹിക ജനാധിപത്യം എന്താണ് അർത്ഥമാക്കുന്നത്? സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നിവ ജീവിത തത്വങ്ങളായി അംഗീകരിക്കുന്ന ഒരു ജീവിത രീതിയെന്നാണ് അർത്ഥമാക്കുന്നത്, അദ്ദേഹം പറഞ്ഞു. ഇന്ത്യൻ ജനാധിപത്യത്തിന്റെയും ഭരണഘടനയുടെയും അടിസ്ഥാന തത്വങ്ങളെക്കുറിച്ചും മൂല്യങ്ങളും മഹാത്മാഗാന്ധി, ജവഹർലാൽ നെഹ്റു, ബി.ആർ അംബേദ്കർ, സർദാർ വല്ലഭായ് പട്ടേൽ തുടങ്ങിയ സ്വാതന്ത്ര്യ സമരസേനാനികളുടെ ത്യാഗങ്ങളെക്കുറിച്ചും ഓരോ പൗരനും പ്രത്യേകിച്ച് ഭാവി തലമുറയെ ബോധവൽക്കരിക്കേണ്ടതുണ്ടെന്നും ഖാർഗെ പറഞ്ഞു.

പാഠ്യപദ്ധതിയിൽ കൃത്രിമം കാണിച്ച് ആർ.എസ്.എസും ബി.ജെ.പിയും തങ്ങളുടെ വർഗീയ പ്രത്യയശാസ്ത്രം ജനങ്ങളുടെ മേൽ അടിച്ചേൽപ്പിക്കാൻ ശ്രമിക്കുകയാണ്. എൻ.സി.ഇ.ആർ.ടിയുടെ നടപടി ശരിയല്ലെന്നും അദ്ദേഹം പറഞ്ഞു. എന്നാൽ ഭരണഘടന സംരക്ഷിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്രമന്ത്രി ജെ.പി നദ്ദ പറഞ്ഞു.

## മണിപ്പൂർ: വർഗീയ, വിഘടന ശക്തികൾക്കെതിരെ കേന്ദ്രം നടപടിയെടുക്കണം

ന്യൂഡൽഹി: മണിപ്പൂരിനെ സംരക്ഷിക്കാൻ കേന്ദ്ര സർക്കാറിന് ഉത്തരവാദിത്തമുണ്ടെന്നും സംസ്ഥാനത്ത് കലാപമുണ്ടാക്കാൻ ശ്രമിക്കുന്ന വർഗീയ വിഘടന ശക്തികൾക്കെതിരെ നടപടിയെടുക്കണമെന്നും ഇന്നർ മണിപ്പൂർ എം.പി അംഗോംച ബിമോൾ അക്കോയിജം.

ലോക്സഭയിൽ ശ്യൂനവേളയിലാണ് അദ്ദേഹം ഇക്കാര്യം പറഞ്ഞത്. സമാധാന ശ്രമങ്ങളെ ഭിന്നിപ്പിക്കുന്ന ഘടകങ്ങളും വിദേശ ശക്തികളും അനധികൃത കുടിയേറ്റക്കാരും തടസ്സപ്പെടുത്തുകയാണെന്ന് കോൺഗ്രസ് എം.പിയായ അദ്ദേഹം പറഞ്ഞു.

'മണിപ്പൂരിനെ പ്രതിരോധിക്കാൻ ചരിത്രപരവും രാഷ്ട്രീയപരവും സാമൂഹികപരവും നിയമപരവുമായ ഉത്തരവാദിത്തം കേന്ദ്ര സർക്കാറിനുണ്ട്. മണിപ്പൂരിൽ ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷ ഉറപ്പാക്കണം. ഭരണഘടനയിലെ 19 വകുപ്പ് അനുസരിച്ച് സംസ്ഥാനത്ത് ജനങ്ങൾക്ക് സ്വതന്ത്രമായി സഞ്ചരിക്കാനുള്ള അവകാശം കേന്ദ്രവും ലോക്സഭയും ഉറപ്പുവരുത്തണ്ടേതുണ്ട്- അക്കോയിജം പറഞ്ഞു.

## സബീന വഴിതെളിച്ചു: ദുരന്തഭൂമിയിൽ ആരോഗ്യ പ്രവർത്തകർക്ക് ധൈര്യം പകർന്നു

സി.ജമാൽ
നിലമ്പൂർ

ഉരുളെടുത്ത മുണ്ടക്കൈയിലും ചൂരൽമലയിലും രക്ഷാ പ്രവർത്തനങ്ങൾ ചൂടുപിടിക്കുന്നേയുള്ളൂ. പരിക്കേറ്റവർക്ക് പ്രഥമ ശുശ്രൂഷ നൽകാൻ ആരോഗ്യ പ്രവർത്തകർ വിവിധ പ്രദേശങ്ങളിൽ നിന്നായി എത്തിക്കൊണ്ടിരിക്കുന്നു. അവിടെയെത്തിയ ആൾക്കൂട്ടങ്ങളോട് പൊലീസ് പുരുഷ നഴ്സുമാരാരെങ്കിലും ഉണ്ടോ എന്നു ചോദിക്കുന്നുണ്ട്. കുത്തിയൊഴുകുന്ന പുഴയുടെ കുറുകെ ഫയർഫോഴ്സ് സംഘം വടം കെട്ടിയിട്ടുണ്ട്. അതിലൂടെ മറുകരയിലെത്തണം. അവിടെ കുടുങ്ങിപ്പോയ ഒട്ടേറെ പേരുണ്ട്. അവരിൽ പലർക്കും ഗുരുതരമായി പരിക്കേറ്റിട്ടുണ്ട്. അവർക്ക് വേണ്ട പ്രഥമ ശുശ്രൂഷ നൽകണം. ഉരുൾപൊട്ടലിന്റെ വാർത്ത കേട്ട ആദ്യ മണിക്കൂറിൽ തന്നെ രക്ഷാപ്രവർത്തനത്തിന് അതിവേഗമെത്തിയ ഗൂഡല്ലൂരിലെ ശിഹാബ് തങ്ങൾ സെന്റർ ഫോർ ഹ്യൂമാനിറ്റി (എസ്.ടി.എസ്.എച്ച്) ഹെൽത്ത് കെയർ സംഘം ഈ സമയം ഫയർഫോഴ്സിന്റെ വാക്കുകൾ കേട്ടു. സംഘത്തിലെ നഴ്സായ സബീന മുന്നോട്ടുവന്നു. പുരുഷൻമാരെ തിരയണ്ട. ഞാൻ പൊയ്ക്കോളാം. ചൂരൽമലയിൽ നിന്നും മുണ്ടക്കൈയിലേക്ക് പുഴക്ക് കുറുകെ കെട്ടിയ വടത്തിൽ രക്ഷാപ്രവർത്തനത്തിനായി പോകാൻ സബീന തയ്യാറായി. കൂടിനിന്നവർ പ്രോത്സാഹിപ്പിച്ചു. വടത്തിൽ തൂങ്ങി സബീന മറുകരയിലെത്തി, പരിക്കേറ്റവരെ പ്രഥമ ശുശ്രൂഷ നൽകി പരിചരിച്ച നഴ്സ് സബീനയുടെ ആത്മധൈര്യത്തിന് വലിയ കയ്യടിയായിരുന്നു. ഇതോടെ അവിടെ നിന്നിരുന്ന ആരോഗ്യ പ്രവർത്തകർക്ക് ആത്മധൈര്യമായി. സബീനയുടെ വഴിയെ ഡോക്ടർമാരും മറ്റു ആരോഗ്യ പ്രവർത്തകരും ധൈര്യത്തോടെ മറുകരയിലെത്തി.



ചൂരൽമലയിൽ പുഴക്ക് കുറുകെ കെട്ടിയ വടത്തിലൂടെ മറുകരയിലേക്ക് പോകുന്ന സബീന

എസ്.ടി.എസ്.എച്ച് ഹെൽത്ത് കെയർ വളണ്ടിയർ വിഭാഗത്തിലെ നഴ്സാണ് സബീന. പാലം തകർന്നതിനാൽ മുണ്ടക്കൈയിലേക്ക് വടമുപയോഗിച്ചുള്ള സിപ്ലൈൻ ഒരുക്കിയിരുന്നു. മറുകരയിൽ രക്ഷിച്ചവർക്ക് ചികിത്സ നൽകാൻ നഴ്സുമാരെ തിരയുമ്പോഴാണ് എസ്.ടി.എച്ച് സംഘം മുന്നോട്ടുവന്നത്. വനിതാ നഴ്സുമാർ പറ്റില്ലെന്ന് അധികൃതർ പറഞ്ഞെങ്കിലും മെഡിക്കൽ കിറ്റുമായി സിപ്ലൈനിലൂടെ ശക്തമായ ഒഴുക്കുള്ള പുഴകടക്കാൻ പോകാൻ സബീന ധൈര്യപൂർവം മുന്നോട്ടുവരികയായിരുന്നു. അക്കരെയെത്തിയ സബീനക്ക് പരിക്കുകളോടെ രക്ഷപ്പെടുത്തിയ 35 പേർക്ക് പ്രാഥമിക ശുശ്രൂഷ നൽകാൻ കഴിഞ്ഞു. സബീനയുടെ ധൈര്യം മറ്റുള്ളവർക്കും പ്രചോദനമായി. പിന്നീട് എത്തിയ ഡോക്ടർമാരും പുരുഷ നഴ്സുമാരും സിപ്‌ലൈൻ വഴി അക്കരെകടക്കാൻ ധൈര്യപ്പെട്ടു. സബീനയുടെ സാഹസ പ്രകടനം സമൂഹമാധ്യമങ്ങളിലും തമിഴ്നാട്ടിലെ വാർത്താ ചാനലുകളിലും ഇടംപിടിച്ചതോടെ നീലഗിരി ജില്ലാ ഭരണകൂടം അവരെ ആദരിക്കാൻ ക്ഷണിച്ചിട്ടുണ്ട്. 40 കാരിയായ സബീന ഗൂഡല്ലൂർ ചെവിടിട്ടയിലാണ് താമസിക്കുന്നത്. നഴ്സിങിന് പഠിക്കുന്ന ഒരു മകളുണ്ട്. അർബുദമൂലം ദുരിതമനുഭവിക്കുന്ന രോഗികളെ പരിചരിക്കുന്ന എസ്.ടി.എസ്.എച്ച് വിഭാഗത്തിലെ സാന്ത്വന സേവന വിഭാഗത്തിൽ മൂന്നുവർഷമായി സബീന ജോലി ചെയ്യുന്നു. തമിഴ്നാട്ടിലെ സാമൂഹ്യ മാധ്യമങ്ങളിലിപ്പോൾ സബീനയാണ് താരം. കൂടെ എസ്.ടി.എസ്.എച്ചും. സബീനക്കും സംഘത്തിനും ആത്മധൈര്യം പകർന്ന സംഘത്തിന് നേതൃത്വം നൽകി എസ്.ടി.എസ്.എച്ചിന്റെ ജനറൽ സെക്രട്ടറി നൗഫൽ പാതാരിയും കോഓർഡിനേറ്റർ സമദ് കണ്ണിയനും ഇവർക്കൊപ്പമുണ്ട്.

## തിരൂരങ്ങാടി സബ് ആർ.ടി ഓഫീസിൽ കള്ളക്കളി തുടരുന്നു

### വ്യാജ ആർ.സികൾ ക്യാൻസൽ ചെയ്യുന്നു

തിരൂരങ്ങാടി: തിരൂരങ്ങാടി സബ് ആർ.ടി.ഓഫീസിൽ ഉദ്യോഗസ്ഥരുടെ കള്ളക്കളികൾ തുടരുകയാണ്. വ്യാജമായി നിർമിച്ചതെന്ന് ഉറപ്പുള്ള ആർ.സി ഉടമകൾക്ക് നോട്ടീസ് അയച്ചു വരുത്തി ആർ.സികൾ ക്യാൻസൽ ചെയ്യുന്ന പ്രവൃത്തികൾ പുരോഗമിക്കുകയാണ്. ഇത്തരത്തിൽ നിരവധി ആർ.സികളാണ് ഇതിനോടകം ക്യാൻസൽ ചെയ്യപ്പെട്ടത്. വിഷയം അന്വേഷണ ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടും നടപടി സ്വീകരിക്കുന്നില്ലെന്ന ആക്ഷേപം ശക്തമാണ്. ഇന്നലെയും മിനിയാന്നുമായി നിരവധി പേരാണ് ഇത്തരത്തിൽ ആർ.സി ക്യാൻസൽ ചെയ്യാനെത്തിയത്. തിരൂരങ്ങാടി സബ് ആർ.ടി.ഓഫീസിൽ ജോയിന്റ് ആർ.ടി.ഓക്ക് മുമ്പാകെ നേരിട്ട് ഹാജറാകണമെന്നാവശ്യപ്പെട്ടാണ് ഓഫീസിൽ നിന്നും ഇത്തരക്കാർക്ക് കത്ത് അയക്കുന്നത്. കത്തിൽ കൃത്യമായി കാര്യങ്ങൾ സൂചിപ്പിക്കാത്തത് കൊണ്ട് കാര്യം എന്താണെന്നറിയാൻ ഓഫീസിലെത്തുന്ന വാഹന ഉടമകളോട് നിങ്ങളുടെ ആർ.സി അനധികൃതമാണെന്നും അത് ക്യാൻസൽ ചെയ്യുകയാണെന്നുമാണ് ഉദ്യോഗസ്ഥർ പറയുന്നത്.

കഴിഞ്ഞ ദിവസം എ.ആർ നഗർ സ്വദേശി പത്തൊമ്പത്കാരനായ അഭിജിത്ത് എന്ന യുവാവ് ഒരു ഏജന്റിൽ നിന്നും വാഹനം വാങ്ങി. ആർ.സിയും ഈ കുട്ടിയുടെ പേരിലേക്ക് മാറ്റി നൽകി. നാളെറെ കഴിഞ്ഞതിന് ശേഷം തിരൂരങ്ങാടി സബ് ആർ.ടി.ഓഫീസിൽ നിന്നും കത്ത് വന്നു. ഓഫീസിൽ ഹാജറാകണമെന്ന് പറഞ്ഞ്. ഇന്നലെ ഓഫീസിലെത്തിയപ്പോഴാണ് ആർ.സി ഇത്തരത്തിൽ വ്യാജമായി നിർമ്മിച്ചതാണെന്ന് തന്നെ അറിയുന്നത്. വ്യാജ ആർ.സി കേസിൽ പൊലീസ് പിടികൂടിയ ഉള്ളണം സ്വദേശി നിസാറിന്റെ കയ്യിൽ നിന്നാണത്രേ ഈ യുവാവ് വാഹനം വാങ്ങിയത്.

വ്യാജ ആർ.സി കേസിൽ പ്രധാന പ്രതിയായി നിസാർ പിടിയിലായെങ്കിലും നിസാറിനായി ഓഫീസിലെ ഫയലുകൾ നീക്കാൻ തിരൂരങ്ങാടി സബ് ആർ.ടി.ഓഫീസിൽ ഇപ്പോഴും ഏജന്റുമാർ പ്രവർത്തിക്കുന്നുണ്ട്. ഉടമ മരണപ്പെട്ടതും ഫിനാൻസ് പിടികൂടിയതുമായ വാഹനങ്ങൾ യഥാർത്ഥ ഉടമ അറിയാതെ ആർ.സി വ്യാജമായി നിർമിക്കുന്നതായി തിരൂരങ്ങാടി സബ് ആർ.ടി.ഓഫീസിനെതിരെ പരാതി ഉയരുകയും യൂത്ത്‌ലീഗ് സമരത്തെ തുടർന്ന് ജൂലൈ രണ്ടിന് തിരൂരങ്ങാടി പൊലീസ് കേസെടുക്കുകയും ചെയ്തിരുന്നു. കേസിൽ ഇത് വരെ മൂന്ന് പേരാണ് അറസ്റ്റിലായത്. മൂന്ന് ജീവനക്കാരെ പൊലീസ് ചോദ്യം ചെയ്തിരുന്നു. ജോയിന്റ് ആർ.ടി.ഒയെ അടുത്ത ദിവസം ചോദ്യം ചെയ്യാനിരിക്കെയാണ് വ്യാജ ആർ.സി ക്യാൻസൽ ചെയ്യൽ നാടകം പുരോഗമിക്കുന്നത്.



മൈസൂരുവിൽ 17ന് നടക്കുന്ന എസ്.ടി.യു ദേശീയ എക്സിക്യൂട്ടീവ് മീറ്റിന്റെ സ്വാഗത സംഘ യോഗം ദേശീയ പ്രസിഡന്റ് അഹമ്മദ്കുട്ടി ഉണ്ണികുളം ഉദ്ഘാടനം ചെയ്യുന്നു

## എസ്.ടി.യു ദേശീയ എക്സിക്യൂട്ടീവ് മീറ്റ് 17ന് മൈസൂരുവിൽ

മൈസൂരു: എസ്.ടി.യു ദേശീയ എക്സിക്യൂട്ടീവ് മീറ്റ് ആഗസ്റ്റ് 17ന് മൈസൂരു ജാഫറുല്ലാ മുല്ലാ നഗറിൽ നടക്കും. മത്സ്യം, നിർമ്മാണം, മോട്ടോർ, കർഷകതൊഴിലാളി, ദേശീയ ഭാരവാഹികളുടെ യോഗം രാവിലെ 11 മുതൽ 12 വരെ ബെന്നി മണ്ഡപിലുള്ള പ്രസ്റ്റീജ് കൺവെൻഷൻ സെന്ററിൽ വെവ്വേറെ നടക്കും.

12 മണിക്ക് രജിസ്ട്രേഷൻ നടത്തും. ഉച്ചക്ക് രണ്ടിന് എക്സിക്യൂട്ടീവ് മീറ്റ് ആരംഭിക്കും. മുസ്‌ലിംലീഗ് ദേശീയ ഓർഗനൈസിങ് സെക്രട്ടറി ഇ.ടി മുഹമ്മദ് ബഷീർ എം.പി ഉദ്ഘാടനം ചെയ്യും. പ്രസിഡന്റ് അഹമ്മദ്കുട്ടി ഉണ്ണികുളം അധ്യക്ഷത വഹിക്കും. വയനാട് ദുരന്തത്തിൽ മരിച്ചവർക്കും എസ്.ടി.യു മുൻ ദേശീയ ജന. സെക്രട്ടറി ജാഫറുല്ല മുല്ല, സെക്രട്ടറിയേറ്റ് അംഗം അഡ്വ. വേളാട്ട് അഹമ്മദ് എന്നിവർക്കും ആദരാഞ്ജലി അർപ്പിക്കും. എസ്.ടി.യു കേരള പ്രസിഡന്റ് അഡ്വ. എം. റഹ്മത്തുല്ല മുഖ്യ പ്രഭാഷണം നടത്തും.

ദേശീയ വൈസ് പ്രസിഡന്റ് അഡ്വ. പി.എം. ഹനീഫ, എം.എം ഹമീദ്, സെക്രട്ടറി ഉമ്മർ ഒട്ടുമ്മൽ എന്നിവർ റിപ്പോർട്ട് അവതരിപ്പിക്കും. കേരളം, തമിഴ്നാട് എസ്.ടി.യു സ്റ്റേറ്റ് കമ്മിറ്റികൾ സമർപ്പിക്കുന്ന ശുപാർശ പ്രകാരം അതാതിടത്തുള്ള ദേശീയ കമ്മിറ്റിയിലെ ഒഴിവുകൾ നികത്തും. ജി. മാഹിൻ അബൂബക്കർ(കേരളം), എൻ.ഹൈദരലി (കർണാടക), കനകാത്തി മീരാൻ (തമിഴ്നാട്), അസീബുൽ അലി (അസം), മുഹമ്മദ് മുഹ്സിൻ ഷാ (തെലുങ്കാന), പി. യൂസുഫ് (പോണ്ടിച്ചേരി), അബുൽ ഹുസയിൻ മുല്ല (ബംഗാൾ), മുഹമ്മദ് ഹാറൂൻ ഷാ (മഹാരാഷ്ട്ര), ഖൈസർ അബ്ബാസ് (യു.പി) സംസാരിക്കും. എ. അബ്ദുറഹിമാൻ, എം.എ. കരീം (ദേശീയ വൈസ് പ്രസിഡന്റുമാർ) വി.എ.കെ. തങ്ങൾ, ആതവനാട് മുഹമ്മദ്കുട്ടി (സെക്രട്ടറിമാർ) എന്നിവർ സംഘടനാപ്രമേയങ്ങൾ അവതരിപ്പിക്കും. സമാപന സംഗമം തൻവീർ സേട്ട് എം.എൽ.എ ഉദ്ഘാടനം ചെയ്യും.

മൈസൂരുവിൽ ചേർന്ന സ്വാഗതസംഘം യോഗത്തിൽ മൈസൂരു ജില്ലാലീഗ് ജനറൽ സെക്രട്ടറി കെ. അബ്ദുൽഖാദർ അധ്യക്ഷത വഹിച്ചു. അഹമ്മദ്കുട്ടി ഉണ്ണികുളം ഉദ്ഘാടനം ചെയ്തു. ഭാരവാഹികളായ ഉമ്മർ ഹാജി ബത്തേരി, എൻ. ആർ. അബ്ദുൽ മജീദ്, മുഹമ്മദ് ഇസ്മായിൽ, വി.പി.യൂനുസ്, പി.പി. അഫ്സൽ, പി.ടി.കെ. യൂനുസ് പ്രസംഗിച്ചു. യോഗത്തിൽ വളണ്ടിയർ കോറിന് രൂപം നൽകി.



തിരച്ചിൽ അവസാനിപ്പിച്ചതിനെ തുടർന്ന് വിജനമായ ഉരുൾപൊട്ടലിന്റെ പ്രഭവ കേന്ദ്രങ്ങളായ പുഞ്ചിരിമട്ടം, മുണ്ടക്കൈ മേഖല.

# പ്രഭവ പ്രദേശങ്ങളിൽ തിരച്ചിൽ അവസാനിപ്പിച്ചു

പി.എ. അബ്ദുൽ ഹയ്യ്
കൽപറ്റ

ഉരുൽപൊട്ടലിന്റെ പ്രഭവ പ്രദേശങ്ങളിൽ തിരച്ചിൽ അവസാനിപ്പിച്ച് സർക്കാർ. നൂറുകണക്കിന് പച്ച മനുഷ്യർ മണ്ണിനടിയിൽപെട്ട പുഞ്ചിരിമട്ടം, മുണ്ടക്കൈ മേഖലയിലാണ് മണ്ണുമാന്തി യന്ത്രം ഉപയോഗിച്ചുള്ള തിരച്ചിൽ പൂർണമായും അവസാനിപ്പിച്ചത്. തങ്ങളുടെ പ്രിയപ്പെട്ടവരെ ജീവനോടെ തിരികെ നൽകാൻ ഒരു സംവിധാനങ്ങൾക്കും സാധിക്കില്ലെങ്കിലും തിരച്ചിൽ ഊർജ്ജിതമാക്കി അന്ത്യകർമ്മങ്ങൾ നിർവ്വഹിക്കാൻ അവരുടെ ശരീഭാഗങ്ങളെങ്കിലും തിരകെ നൽകണമെന്നാണ് ബന്ധുക്കളുടെ ആവശ്യം. എന്നാൽ സർക്കാർ സംവിധാനങ്ങൾ പിൻവലിച്ചമട്ടാണ്.

രക്ഷ ദൗത്യം തുടരുമെന്ന് മുഖ്യമന്ത്രി ഇന്നലെ വാർത്താ സമ്മേളനത്തിൽ പറഞ്ഞെങ്കിലും പല മേഖലയിയും രക്ഷാപ്രവർത്തനം പ്രവഹസമാണെന്നാണ് പ്രദേശവാസികൾ പറയുന്നത്. മുണ്ടക്കൈ, പുഞ്ചിരിമട്ടം എന്നീ പ്രദേശങ്ങളുടെ എതിർഭാഗത്ത് മൃതശരീരങ്ങളുണ്ടെന്നാണ് നാട്ടുകാർ പറയുന്നത്. ഈ മേഖലയിൽ തിരച്ചിൽ നടത്താൻ സർക്കാറിന്റെ ഒരു സംവിധാനവും ആ മേഖലയിലെത്തിയിട്ടില്ല. ഇന്നലെ രാവിലെ മുതൽ ഈ രണ്ടു പ്രദേശങ്ങളുടെ പലഭാഗങ്ങളിലും ദുർഗന്ധം വമിക്കുന്നതായി നാട്ടുകാർ ബന്ധപ്പെട്ടവരെ അറിയിച്ചിരുന്നു. എന്നാൽ അത് പരിശോധിക്കാനോ തിരച്ചിലിനു സംവിധാമുണ്ടക്കാനോ ബന്ധപ്പെട്ടവർ തയ്യാറില്ല. ഫയർഫോഴ്സിനെ ഉൾപ്പെടെ കാര്യങ്ങൾ ഗ്രഹിപ്പിച്ചിട്ടും അവർ കൈമലർത്തുകയാണുണ്ടായത്. ഇത് ശക്തമായ പ്രതിഷേധത്തിനിടയാക്കിയിട്ടുണ്ട്. ഒമ്പതാം ദിവസമായി ഇന്നലെ അഞ്ചോളം മണ്ണുമാന്തി യന്ത്രങ്ങളാണ് അപകട മേഖലയിൽ പ്രവർത്തിച്ചിരുന്നത്. ഒന്നു പോലും പുഞ്ചിരിമട്ടത്തോ, മുണ്ടക്കൈ മേഖലയിലോ പരിശോധന നടത്താൻ ഉപയോഗിച്ചിട്ടില്ല.

മുഴുവൻ സംവിധാനങ്ങളും ചൂരൽമല ബെയ്‌ലി പാലം കേന്ദ്രീകരിച്ചാണ് പ്രവർത്തിച്ചത്. വിവിധ മേഖലയായി തിരിച്ചു പരിശോധന സജീവ എന്ന രീതിയിൽ ദൃശ്യമാധ്യമങ്ങൾ വരെ റിപ്പോർട്ട് ചെയ്യുമ്പോഴും സമഗ്രമായ ഒരു സംവിധാനവും ഇന്നലെ ഇവിടെ തിരച്ചിലിനു വേണ്ടി പ്രവർത്തിച്ചിട്ടില്ല എന്നതാണ് വസ്തുത.

ഇന്നലെ നിരവധി മന്ത്രിമാരും എം.എൽ.എമാരും എൽ.ഡി.എഫിന്റെ സംസ്ഥാന, ജില്ലാ നേതാക്കളും സ്ഥലം സന്ദർശിച്ചിരുന്നു. ഇവരെയെല്ലാം കാര്യങ്ങൾ ധരിപ്പിക്കുകയും അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിരുന്നു. ആരുടെ ഭാഗത്ത് നിന്നും ഒരു അനുകൂല നടപടിയുമുണ്ടായില്ല. സൈനികർ, ഫയർ റസ്ക്യൂ, ടി.ഡി.ആർ.എഫ് ഉൾപ്പെട ഈ പ്രദേശത്ത് രാവിലെ മുതൽ ഹാജറുണ്ടെങ്കിലും പലരും കാഴ്ചക്കാർ മാത്രമാണ്. കൂടുതൽ ഫോഴ്സിനെ എത്തിച്ച് ഈ മേഖലയിൽ തിരച്ചിൽ കാര്യക്ഷമമാക്കണമെന്നാണ് നട്ടുകാർ ആവശ്യപ്പെടുന്നത്.

അപകടം നടന്ന ദിവസം തന്നെ രക്ഷാ പ്രവർത്തനത്തിലെ അപാകത മൂലം നിരവധി ജീവനുകളാണ് നഷ്ടമായത്. അടിയന്തിര ചികിത്സ ലഭിക്കാതെ രക്തം വാർന്നും മറ്റും പിടഞ്ഞു വീണു മരിച്ചത് കൺമുന്നിൽ നിന്നും മായുന്നില്ല. പാതി ജീവനുണ്ടായിട്ടും കൃത്യസമയത്ത് ആശുപത്രിയിലെത്തിക്കാൻ സാധിക്കാത്തതാണ് മരണത്തിന് കാരണമായത്. ഹെലികോപ്റ്റർ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ അപകട മേഖലയിലേക്ക് അടിയന്തിരമായി അയച്ചിരുന്നുവെങ്കിൽ മരണ സംഖ്യം ഇനിയും കുറക്കാൻ സർക്കാറിനാവുമായിരുന്നു.

എന്നാൽ അത്തരത്തിലൊരു സംവിധാനം കൃത്യസമയത്ത് ഒരുക്കാൻ സാധിച്ചിരുന്നില്ല. ഈ അനാസ്ഥ തിരച്ചിൽ വേളയും തുടർന്നാൽ വലിയ പ്രതിഷേധം നേരിടേണ്ടിവരും. സ്വകാര്യ ഫോഴ്സിനെ ഉപയോഗിച്ച് തിരച്ചിൽ ആരംഭിക്കുമെന്നും നാട്ടുകാർ പറഞ്ഞു.

## ഉറ്റവർ നഷ്ടപ്പെട്ടവർക്ക് സാന്ത്വനമായി വനിതാലീഗ്

മേപ്പാടി: വയനാട് ലോകത്തെ നടുക്കുന്ന അതി ദാരുണമായ ഉരുൾപൊട്ടലിൽ ഒരു രാത്രി കൊണ്ട് എല്ലാം നഷ്ടപ്പെട്ട, ഹോസ്പിറ്റലിലും ക്യാമ്പുകളിലുമായി കഴിയുന്ന ഒരു കൂട്ടം പച്ചയായ, വിറങ്ങലിച്ച ഒരു പറ്റം മനുഷ്യർക്ക് സാന്ത്വനമേകിയും അവരെ ആശ്വസിപ്പിച്ചും വനിതാലീഗ് സംസ്ഥാന നേതാക്കൾ. മുസ്‌ലിം ലീഗ് പുനരധിവാസ പാക്കേജ് ആയ100 വീട് പ്രഖ്യാപിച്ചപ്പോൾ ആപ് വഴിയുള്ള ധന ശേഖരണത്തിനുള്ള പ്രവർത്തനത്തിന് വനിതാ ലീഗ് ഇതിനോടകം തുടക്കം കുറിച്ചിരുന്നു. ഇതിന്റെ തുടർച്ചയായാണ് സംസ്ഥാന പ്രസിഡന്റ് സുഹ്‌റ മമ്പാട്, ജന.സെക്രട്ടറി അഡ്വ.പി കുൽസു എന്നിവരുടെ നേതൃത്വത്തിൽ വനിതാലീഗ് സംഘങ്ങൾ വയനാട്ടിലെ ദുരിതബാധിത മേഖലയിലെത്തിയത്.

ഹൃദയം ഭേദിക്കുന്ന കാഴ്ചകളാണ് അവിടെ കാണാനായി സാധിച്ചതെന്ന് വനിതാലീഗ് നേതാക്കൾ പറഞ്ഞു. നേരത്തെ തന്നെ വയനാട് ജില്ലയിലെ വനിതാ ലീഗ് പ്രവർത്തകർ വളരെ സജീവമായി രംഗത്തുണ്ടായിരുന്നു. മയ്യിത്ത് പരിപാലനത്തിനും ഭക്ഷണം ഉണ്ടാക്കി വിതരണം ചെയ്യുന്നതിനും അവശ്യ സാധനങ്ങൾ എത്തിക്കുന്നതിനും മറ്റുമായി അവർ കർമ്മ നിരതരായി. ഒറ്റപ്പെട്ടുപോയ കുട്ടികളുടെ വിദ്യാഭ്യാസവും മറ്റു ആവശ്യങ്ങളും വനിതാലീഗ് ഏറ്റെടുക്കും. വയനാട് ജില്ലാ കമ്മിറ്റിയുമായി ചെർന്നു കൊണ്ട് ദുരന്ത ബാധിതർക്ക് ആവശ്യമായ കൗൺസിലിംഗ് നടത്തുന്നതിന് തയ്യാറാണെന്ന് വനിതാലീഗ് സംസ്ഥാന നേതാക്കൾ അറിയിച്ചു. വിംസ് ഹോസ്പിറ്റലിൽ ചികിത്സയിൽ കഴിയുന്ന കൈക്കുഞ്ഞു മാത്രം ബാക്കിയായ ജസീലയും 52 കുടുംബാഗങ്ങൾ നഷ്ടപ്പെട്ട സഹോദരിമാർ റാബിയയും റൂബിയും കുടുംബത്തിൽ എല്ലാവരും നഷ്ടപ്പെട്ട് ഒറ്റപ്പെട്ടുപോയ താഹിറയും 16 കുടുംബാഗങ്ങൾ അഭിഭാഷകയും 3വയസ്സുള്ള കുഞ്ഞടക്കം 11 പേർമരണപ്പെട്ട കുടുംബവും സ്വന്തം ഉമ്മയുടെ രോഗവസ്ഥയുടെ വേദനയിലും മറ്റുള്ളവരെ സഹായിക്കാൻ ഓടി നടക്കുന്ന സാനിയ എന്ന പ്ലസ് ടു വിദ്യാർത്ഥിനിയും കണ്ണീർ നോവായി. പ്രതിനിധി സംഘത്തിൽ സംസ്ഥാന വനിതാലീഗ് ജനറൽ സെക്രട്ടറി അഡ്വ.പി കുൽസുവിനൊപ്പം വൈസ് പ്രസിഡന്റ് പി സഫിയ വടകര, വൈസ് പ്രസിഡന്റ് സാജിത നൗഷാദ്, സെക്രട്ടറി ബ്രസീലിയ ശംസുദ്ധീൻ, സെക്രട്ടറി മീര റാണി, മുസ്‌ലിം ലീഗ് ജില്ലാ വൈസ് പ്രസിഡന്റ് റസാഖ് കൽപ്പറ്റ, ജില്ലാ വനിതാ ലീഗ് ഭാരവാഹികളായ കെ.ബി നസീമ ടീച്ചർ, കെ.സി മൈമൂന, ബാനു പുളിക്കൽ, ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് അസ്മ, സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാന്മാരായ ലക്ഷ്മി കേളു, അയിഷാബി എന്നിവരും ഉൾപ്പെടുന്നു.



സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. പി കുൽസുവിന്റെ നേതൃത്വത്തിൽ വനിതാലീഗ് സംഘം മുണ്ടക്കൈ ദുരന്തത്തിൽ പെട്ടവരെ സന്ദർശിച്ച് ആശ്വസിപ്പിക്കുന്നു

## പ്രതിപക്ഷ നേതാവ് ഒരു ലക്ഷം രൂപ കൈമാറി

തിരുവനന്തപുരം: മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ ഒരു ലക്ഷം രൂപയും സംഭാവന നൽകി. ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി മന്ത്രി ഡോ. ആർ ബിന്ദു രണ്ടുലക്ഷം രൂപ കൂടി സംഭാവന നൽകി. മന്ത്രിമാർ നൽകുന്ന ഒരു മാസത്തെ ശമ്പളത്തിനു പുറമെയാണ് രണ്ട് ലക്ഷം രൂപ ദുരിതാശ്വാസ നിധിയിലേക്ക് കൈമാറിയത്.

## എ.കെ ആന്റണി 50,000 രൂപ നൽകി

തിരുവനന്തപുരം: വയനാടിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് 50,000 രൂപ സംഭാവന നൽകുമെന്ന് മുൻ മുഖ്യമന്ത്രിയും മുതിർന്ന കോൺഗ്രസ് നേതാവുമായ എ.കെ ആന്റണി. എം.പി ആയിരുന്നപ്പോൾ പ്രളയ സമയത്തൊക്കെ കൂടുതൽ തുക താൻ സംഭാവന നൽകിയിയിരുന്നു. ഇപ്പോൾ അതിനുള്ള കഴിവില്ല. എന്നാലും 50,000 രൂപയുടെ ചെക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകുന്നുണ്ടെന്നും ആന്റണി പറഞ്ഞു.

## 14 കുടുംബങ്ങൾക്ക് തണലൊരുക്കി അഹമ്മദ് കോയ

മേപ്പാടി: മുണ്ടക്കൈ ഉരുൾപൊട്ടൽ ദുരന്തത്തിൽ ഇരകളായ കുടുംബങ്ങൾക്ക് സഹായവും പിന്തുണയുമായി നാടിന്റെ വിവിധ ദിക്കുകളിൽ നിന്നുള്ളവരെത്തുന്നു. കഴിഞ്ഞ ദിവസം കെ.എം ഷാജിയുടെ നേതൃത്വത്തിൽ പതിനാല് കുടുംബങ്ങൾക്ക് താൽക്കാലിക താമസത്തിനായി വീട് അന്വേഷിച്ചപ്പോഴാണ് കൊടുവള്ളി സ്വദേശി തെറ്റുമ്മൽ അഹമ്മദ് തന്റെ ഉടമസ്ഥതയിലുള്ള മുട്ടിൽ യതീംഖാന റോഡിലെ പതിനാല് ക്വാർട്ടേഴ്സുകൾ മുണ്ടക്കൈ ദുരന്തത്തിലെ ഇരകൾക്ക് സൗജന്യമായി താമസത്തിനായി വിട്ടുനൽകാമെന്ന് പറഞ്ഞത്. യഹ്‌യ ഖാൻ, ടി. ഹംസ, തുടങ്ങിയവരുടെ നേതൃത്വത്തിലായിരുന്നു ഇടപെടൽ.

## 30 ലക്ഷം നൽകി ഐ.എം.എ

തിരുവനന്തപുരം: ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ (ഐ.എം.എ). അടിയന്തര ധനസഹായമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് 30 ലക്ഷം രൂപയുടെ ചെക്ക് ഐ.എം.എ. സംസ്ഥാന പ്രസിഡന്റ് ഡോ. ജോസഫ് ബെനവൻ, സംസ്ഥാന സെക്രട്ടറി ഡോ. കെ. ശശിധരൻ എന്നിവരടങ്ങിയ സംഘം മുഖ്യമന്ത്രിക്ക് കൈമാറി.

## ഹോമിയോ മെഡിക്കൽ എയ്ഡ്

പാലക്കാട്: ദി ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് ഹോമിയോപ്പത്സ് കേരള (ഐ.എച്ച്.കെ)സംസ്ഥാന കമ്മിറ്റിയുടെ മെഡിക്കൽ എയ്ഡ് വയനാട് ഡി.എം.ഒ ഡോ. ഉമക്ക് സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. മുഹമ്മദ് അസ്‌ലമും വയനാട് ഐ.എച്ച്.കെ ജില്ലാ സെക്രട്ടറി ഡോ. ശിശിറാം. എം എന്നിവർ ചേർന്ന് കൈമാറി.



പോത്തുകൽ പൊലീസ് ഇൻസ്പെക്ടർ എ. ദീപക് കുമാറിന്റെ നേതൃത്വത്തിൽ ചാലിയാറിന്റെ തീരങ്ങളിൽ നടത്തിയ പരിശോധന

# ചാലിയാറിൽ നിന്ന് ഒരു മൃതദേഹവും നാലു ശരീര ഭാഗങ്ങളും കണ്ടെടുത്തു

എടക്കര: മുണ്ടക്കൈ ഉരുൾപൊട്ടൽ ദുരന്തത്തിൽ ചാലിയാർ പുഴയിൽ ഒമ്പതാം ദിനത്തിൽ നടത്തിയ തിരച്ചിലിൽ ഒരു മൃതദേഹവും നാല് ശരീര ഭാഗങ്ങളും രക്ഷാപ്രവർത്തകർ കണ്ടെടുത്തു. ചലിയാറിന്റെ ഇരുട്ടുകുത്തിയിൽ നിന്ന് രണ്ടും വാണിയംപുഴ, പനങ്കയം ഭാഗങ്ങളിൽ നിന്നും ഓരോ ശരീരഭാഗങ്ങളുമാണ് കണ്ടെത്തിയത്. വാണിയംപുഴ ഗോത്രവർഗ ഊരുകാരാണ് വൈകീട്ട് ഒരു ശരീരഭാഗം പുഴയോരത്ത് കണ്ടത്. നിലമ്പൂർ ചാലിയാർ മുക്കിൽ നിന്നും 400 മീറ്റർ താഴെയായി മഞ്ചേരിയിൽ നിന്നെത്തിയ അഗ്നിരക്ഷാ സേന നടത്തിയ തിരച്ചിലിൽ അരക്ക് മുകളിലേക്കുള്ള ഒരു പുരുഷന്റെ മൃതദേഹവും കണ്ടെടുത്തു.

വൈകീട്ട് തണ്ടർബോൾട്ട് സേനയുടെ സഹായത്തോടെ പോത്തുകൽ പൊലീസ് ഇൻസ്പെക്ടർ എ. ദീപക് കുമാറിന്റെ നേതൃത്വത്തിൽ ഇരുട്ടുകുത്തി മുതൽ വാണിയംപുഴ പ്ലാന്റേഷൻ കോർപ്പറേഷൻ തോട്ടംവരെ ചാലിയാറിന്റെ ഇരുതീരങ്ങളിലും തിരച്ചിൽ നടത്തിയിരുന്നു. ഇരുട്ടുകുത്തിയിൽ നിന്നും താഴേക്കുള്ള ഭാഗങ്ങളിൽ അമ്പതംഗ എം.എസ്.പി സേനയും അഗ്നിരക്ഷാ സേനയും സന്നദ്ധ സംഘടനാ പ്രവർത്തകരും തിരച്ചിൽ നടത്തി. പോത്തുകൽ ഗ്രാമപഞ്ചായത്ത് അംഗങ്ങളുടെ നേതൃത്വത്തിൽ പ്രാദേശികമായ തിരച്ചിലും ഇന്നലെ നടന്നു. ആറ് സോണുകളിലായി വിവിധ സേനാവിഭാഗങ്ങളിൽ നിന്നുള്ള 1026 പേരാണ് ഇന്നലെയും തിരച്ചിലിൽ വ്യാപൃതരായത്. കേരള പൊലീസ്, എൻ.ഡി.ആർ. എഫ്, ആർമി, എൻ.ഡി.എം.എ റെസ്ക്യൂ സംഘം, ഡെൽറ്റാ സ്ക്വാഡ്, എസ്.ഒ.ജി, കേരള, തമിഴ്നാട് ഫയർ റെസ്ക്യൂ ടീമുകൾ, കെ 9 ഡോഗ് സ്ക്വാഡ്, വനം തുടങ്ങിയ സേനാവിഭാഗങ്ങളും ചൂരൽമല സൂചിപ്പാറ മുതൽ ചാലിയാറിന്റെ വിവിധ ഭാഗങ്ങളിലയി തിരച്ചിലിൽ ഏർപ്പെട്ടിരുന്നു. സേനാവിഭാഗങ്ങൾക്കൊപ്പം 80 ടീമുകളിലായി 524 സന്നദ്ധ പ്രവർത്തകരും ദുരന്തബാധിത പ്രദേശങ്ങളിൽ തിരച്ചിൽ നടത്തുന്നുണ്ട്. ദുർഗന്ധം വമിക്കുന്ന ഭാഗങ്ങളിൽ മണ്ണ് മാറ്റിയുള്ള പരിശോധനയിലാണ് ഇരുട്ടുകുത്തിയിൽ നിന്നും അഴുകിയ ശരീരഭാഗങ്ങൾ ലഭിച്ചത്. ഇവയെല്ലാം നിലമ്പൂർ ജില്ലാ ആശുപത്രിയിലെത്തിച്ച് പോസ്റ്റ്മോർട്ടം നടപടികൾ പൂർത്തീകരിച്ചു.

## തിരികെ മണ്ണിലേക്ക്



വയനാട്ടിൽ ഉണ്ടായ ഉരുൾപൊട്ടലിൽ തിരിച്ചറിയാത്ത മൃതദേഹങ്ങളും ശരീരഭാഗങ്ങളും പുത്തുമലയിൽ സർവമത പ്രാർത്ഥനയ്ക്ക് ശേഷം മറവ് ചെയ്യാനായി ഏറ്റുവാങ്ങുന്ന സന്നദ്ധ പ്രവർത്തകൻ

# മലവെള്ളത്തിൽ ഒലിച്ചുപോയത് ഷർബിലിന്റെ ഫുട്ബോൾ സ്വപ്നം




കൽപ്പറ്റ: രാജ്യം വിറച്ച ദുരന്തത്തിലെ ഒരിരയാണ് രാജ്യാന്തര ഫുട്ബോൾ താരം ചൂരൽമല സ്വദേശി ഷർബിൽ ആലക്കൽ. കുത്തിയൊലിച്ചു വന്ന മലവെള്ള പാച്ചിലിൽ കവർന്നെടുത്തത് തന്റെ ഫുട്ബോൾ എന്ന സ്വപ്നത്തെ കൂടിയാണ്. സ്കൂൾ തലം മുതൽ നിരവധി ദേശീയ ഫുട്ബോൾ മത്സരങ്ങളിൽ നാടിന്റെ ഗോൾ വലയം കാത്ത ഷർബിലിന് ദുരന്തത്തിൽ തന്റെ വലതു കാലിന് ഗുരുതര പരുക്കേറ്റു. 2019ലെ അണ്ടർ 17 ഫുട്ബോൾ മത്സരത്തിൽ ഇന്ത്യയിൽ നിന്നുള്ള മികച്ച ഗോൾകീപ്പറായി തിരഞ്ഞെടുത്ത ഷർബിൽ കൊൽകത്തയിൽ നടക്കുന്ന ബി. ഡിവിഷൻ ഫുട്ബോളിനു വേണ്ടിയുള്ള ഒരുക്കങ്ങൾക്കിടയെയാണ് അപകടം സംഭവിച്ചത്.

ദുരന്ത രാത്രിയുടെ ഓർമകൾ ഇന്നും ഷർബിലിന്റെ കർണപടങ്ങളെ അലോസരപ്പെടുത്തുന്നുണ്ട്. രാത്രി ഒരു മണിയോടെ വലിയ ശബ്ദം കേട്ടാണ് ഷർബിൽ ഉണർന്നത്. കട്ടിലിൽ നിന്നും എണീറ്റ് കാലു വെക്കുന്നത് മുട്ടറ്റം ചെളിയിലേക്കാണ്. വീടും പരിസരവുമെല്ലാം ചെളിയിൽ മുങ്ങി കിടക്കുന്നു. ഇരുട്ടിൽ തപ്പി ഉപ്പയും ഉമ്മയും കിടക്കുന്ന മുറിയിലെത്തി അവരെ സാഹസികമായി പുറത്തെത്തിച്ചു. അതിനിടയിൽ കാല് വൈദ്യുതി പോസ്റ്റിനിടയിൽ കുടുങ്ങി കാലിനു സാരമായ പരുക്കേറ്റു. പരുക്കു വകവെക്കാതെ ഉപ്പയേയും ഉമ്മയേയും താങ്ങിപിടിച്ച് സമീപത്തെ കുന്നിലേക്ക് കയറി. രാവിലെ ആറു മണിയോളം തോരാമഴയത്ത് ആ കുന്നിൽ കഴിച്ചു കൂട്ടി. രക്ഷാ പ്രവർത്തകരെത്തി പിന്നെ സുരക്ഷിത കേന്ദ്രത്തിലേക്ക് മാറ്റുകയായിരുന്നു.

കോഴിക്കോട് സ്വകാര്യ ആശുപത്രിയിലെ ഡോക്ടർമാരെത്തി പ്രാഥമിക ചികിത്സ നൽകിയെങ്കിലും ശസ്ത്രക്രിയ ആവശ്യമാണെന്നാണ് ഡോക്ടർമാർ പറഞ്ഞത്. അപകടം കഴിഞ്ഞ് ഇന്നലെയാണ് ഷർബിൽ തന്റെ സുഹൃത്തുക്കൾക്കൊപ്പം വീട്ടിലെത്തിയത്. തകർന്നടിഞ്ഞ വീട്ടിൽ എല്ലാം നഷ്ടപ്പെട്ടിരിക്കുന്നു. ഒരു ഫുട്ബോളും ചുമരിൽ തൂക്കിയ കുറച്ചു മെഡലും കേരള ടീമിനു വേണ്ടി താൻ അണിഞ്ഞ ജഴ്സിയുമാണ് തിരികെ ലഭിച്ചത്. കൊൽകത്തയിൽ നടക്കുന്ന ബി. ഡിവിഷൻ ഫുട്ബോളിനു വേണ്ടിയുള്ള ഒരുക്കങ്ങൾക്കിടയെയാണ് അപകടം.

തന്റെ സ്വപ്നമായിരുന്നു ഈ മത്സരം അതിൽ പങ്കെടുക്കാനുള്ള ഒരുക്കങ്ങളുടെ ഭാഗമായി തന്റെ കൂട്ടുകാർക്കൊപ്പം അന്നു വൈകുന്നേരം പോലും ചൂരൽമലയിലെ ഹൈസ്കൂൾ ഗ്രൗണ്ടിൽ ശർബിൽ പരിശീലനം നടത്തിയിരുന്നു. അന്നു കൂടെ കളിച്ച കൂട്ടുകാരായ സൽമാൻ, നാസിൻ, മുനവർ എന്നിവരെ കുറിച്ച് ഒരു വിവരം ഇന്നു വരെ ലഭിച്ചിട്ടില്ല. പന്തുതട്ടി വളർന്ന മൈതാനവും കൂടെ കളിച്ച കൂട്ടുകാരും വീടുമെല്ലാം ദുരന്തം കൊണ്ടു പോയപ്പോൾ ദുരന്തം ബാക്കിവെച്ച അവശേഷിപ്പുകൾ ഹൃദയത്തോട് ചേർത്ത് വിങ്ങി പൊട്ടുകയാണ് കേരള ടീം അണ്ടർ 19 ഫുട്ബോൾ താരം ഷർബിൽ.

# ഭക്ഷണം വിളമ്പിയവരോട് കാണിച്ച ഈഗോ പുനരധിവസിപ്പിക്കുന്നതിലും വേണം: ഷാജി

കൽപ്പറ്റ: ദുരന്തബാധിതർക്കും രക്ഷാപ്രവർത്തകർക്കും ഭക്ഷണം വിളമ്പിയ യൂത്ത് ലീഗ് വൈറ്റ്ഗാർഡ് വളണ്ടിയർമാരോട് കാണിച്ച ഈഗോ ഇരകളെ പുനരധിവസിപ്പിക്കുന്നതിലും സർക്കാരിനുണ്ടാകണമെന്ന് മുസ്ലിംലീഗ് സംസ്ഥാന സെക്രട്ടറി കെ.എം ഷാജി. ചൂരൽ മലയിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു. മുഴുവൻ രാഷ്ട്രീയ പാർട്ടികളെയും സംയോജിപ്പിച്ച് സമഗ്രമായ പുനരധിവാസ പദ്ധതിയാണ് സർക്കാർ നടപ്പിലാക്കേണ്ടത്. സർക്കാർ കൊടുക്കുന്നത് മാത്രമെ അഭിമാനത്തോടെ അവർക്ക് സ്വീകരിക്കാൻ കഴിയു. മറ്റുള്ളവയെല്ലാം ഔദാര്യമാവും. നികുതി പണത്തിൽ അവരുടെ വിയർപ്പിന്റെ അംശംകൂടിയുണ്ട് എന്നതാണ് അതിനു കാരണം. കെട്ടിടങ്ങൾ കെട്ടിപ്പൊക്കിയുള്ള പ്രഹസന പുനരവധിവാസമല്ല ഇവിടെ വേണ്ടത്. സ്നേഹവും സമാധാനവും സൗഹൃദവും സംയോചിച്ച ഈ നാടിന്റെ ഗ്രാമ പരിസ്ഥിതി വ്യവസ്ഥയിലൂന്നിയ പുനരവധിവാസം വൈകാതെ യാഥാർത്ഥ്യമാക്കണം.

കേരളം കണ്ട ഏറ്റവും വലിയ ദുരന്തമാണിത്. സുനാമി, കവളപ്പാറ, പുത്തുമല, പെട്ടിമുടി, കൂട്ടിക്കൽ ദുരന്തത്തിന്റെ ഇരകളെ എങ്ങനെയാണ് സർക്കാർ പുനരധിവസിപ്പിച്ചതെന്നും അവർ സാധാരണ ജീവിതം നയിക്കുന്നുണ്ടോയെന്നും മനസിലാകുമ്പോഴാണ് സർക്കാരിന്റെ ഇടപെടലുകൾ വ്യക്തമാകുക. താനൂർ, തട്ടേക്കാട്, തേക്കടി ബോട്ടപകടങ്ങളിലും സർക്കാരെങ്ങനെയാണ് ഇരകളുടെ നഷ്ടം നികത്തിയത്. എല്ലാം ചോദ്യ ചിഹ്നമാണ്. ദുരന്തങ്ങൾ ജനങ്ങൾ മറന്നുപോകുന്നത് പോലെ സർക്കാർ മറന്നുപോകാൻ പാടില്ലെന്നും പുനരധിവാസിപ്പിക്കുന്നതിൽ ഉത്തരവാദിത്തം വേണമെന്നും അദ്ദേഹം പറഞ്ഞു.

അന്താരാഷ്ട്ര തലത്തിൽ സംഭവിച്ചിട്ടുള്ള പ്രകൃതി വ്യതിയാനത്തിന്റെ ഭാഗമായി തുടരെ തുടരെ ദുരന്തങ്ങൾ വന്നുകൊണ്ടിരിക്കുന്നു. പ്രകൃതി ദുരന്തങ്ങൾ നേരിടാനും ഇരകളെ സംരക്ഷിക്കുവാനും രാജ്യം നിയമം പാസാക്കണം. ദുരന്തങ്ങൾ വരുമ്പോൾ ചോദ്യങ്ങൾ ചേദിക്കാൻ പാടില്ലെന്നും കേസെടുക്കുമെന്നും പറയുന്നത് ഫാസിസ്റ്റ് മനോഭാവമാണ്. മുസ്ലിംലീഗിനെ ഒരു ചാരിറ്റബിൾ ഓഗനൈസേഷനായി ആരും ധരിക്കരുത്. അത് കൃത്യമായ നിലപാടുള്ള ഒരു പൊളിറ്റിക്കൽ പാർട്ടിയാണ്. എന്നാൽ സംസ്ഥാന പ്രസിഡന്റ് പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ പ്രഖ്യാപിച്ച പുനരധിവാസ പദ്ധതികൾ കൃത്യമായി നടപ്പിലാക്കും. സർക്കാറുമായി സഹകരിക്കേണ്ട മേഖലയിൽ സഹകരിക്കും. അതേസമയം രാഷ്ട്രീയ പാർട്ടിയെന്ന നിലയിൽ ഇരകളുടെ അവകാശങ്ങളെ കുറിച്ച് പറയാനുള്ള ബാധ്യതയുണ്ടെന്നും അത് തുടരുമെന്നും ഷാജി പറഞ്ഞു.



ദുരന്ത മേഖല സന്ദർശിച്ച ശേഷം കെ.എം ഷാജി, പി.സി വിഷ്ണുനാഥ് എം.എൽ.എ, രാഹുൽ മാങ്കൂട്ടത്തിൽ എന്നിവർ ചർച്ച നടത്തുന്നു

## ദയനീയ തോൽവി; പരമ്പര നഷ്ടം



കൊളംബോ: ശ്രീലങ്കയ്ക്കെതിരായ പരമ്പര ഇന്ത്യക്ക് നഷ്ടം. മൂന്നാം ഏകദിനത്തിൽ 110 റൺസിന്റെ നാണംകെട്ട തോൽവിയാണ് ഇന്ത്യ ഏറ്റുവാങ്ങിയത്. ടോസ് നേടി ബാറ്റിങ് തിരഞ്ഞെടുത്ത ലങ്ക, 50 ഓവറിൽ ഏഴ് വിക്കറ്റ് നഷ്ടത്തിൽ 248 റൺസ് നേടിയപ്പോൾ ഇന്ത്യയുടെ മറുപടി 138 റൺസിൽ അവസാനിച്ചു. അഞ്ച് വിക്കറ്റ് വീഴ്ത്തിയ ദുനിത് വെല്ലലഗെയും 96 റൺസ് നേടിയ അവിഷ്ക ഫെർണാണ്ടോയുമാണ് ശ്രീലങ്കയുടെ വിജയ ശിൽപികൾ. ആദ്യ മത്സരം സമനിലയിലും രണ്ടാം മത്സരം ലങ്കയുടെ ജയത്തിലും കലാശിച്ചിരുന്നു. ഇതോടെ പരിശീലക ചുമതല ഏറ്റെടുത്ത ശേഷമുള്ള ആദ്യ ഏകദിന പരമ്പരതന്നെ ജയിച്ചുതുടങ്ങുക എന്ന ഗൗതം ഗംഭീറിന്റെ സ്വപ്നം പൊലിഞ്ഞു. 35 റൺസെടുത്ത ക്യാപ്റ്റൻ രോഹിത് ഒഴികെ ഇന്ത്യൻ നിരയിൽ ആരും തിളങ്ങിയില്ല. ഏകദിനത്തിൽ അരങ്ങേറിയ റയാൻ പരാഗ് ലങ്കയുടെ മൂന്ന് വിക്കറ്റുകൾ പിഴുതു. നേരത്തെ ലങ്കക്കായി അവിഷ്ക ഫെർണാണ്ടോയും (102 പന്തിൽ 96 റൺസ്) കിടിലൻ പ്രകടനമാണ് ശ്രീലങ്കയെ മികച്ച നിലയിലെത്തിച്ചത്. വിക്കറ്റ് കീപ്പർ കുഷാൽ മെൻഡിസിന്റെ (59) പ്രകടനവും തുണയായി.

## തിരിച്ചടികളുടെ ദിനം

PARIS 2024

പാരീസ്: ഇന്ത്യയുടെ സ്വർണ മെഡൽ പ്രതീക്ഷയായിരുന്ന വിനേഷ് ഫോഗട്ടിനെ ഭാരത്തിന്റെ പേരിൽ അയോഗ്യയാക്കിയ ദിനത്തിൽ ഇന്ത്യക്ക് ട്രാക്കിൽ തിരിച്ചടികൾ മാത്രം. വനിതാ ഗുസ്തിയിൽ ഇന്ത്യൻ താരം ആന്റിം പംഘാലിനു തോൽവി. വനിതാ ഫ്രീസ്റ്റൈൽ 53 കിലോഗ്രാം ക്വാർട്ടർ ഫൈനലിൽ ആന്റിം പംഘൽ ക്വാർട്ടറിൽ വീണു. ഓപ്പണിങ് റൗണ്ടിൽ 10-0നാണ് ഇന്ത്യൻ താരത്തിന്റെ തോൽവി. വനിതകളുടെ 100 മീറ്റർ ഹർഡിൽസിൽ ജ്യോതി യാരാജിക്ക് ഫൈനൽ യോഗ്യത നേടാൻ സാധിച്ചില്ല. ഹീറ്റ്സിൽ ഏഴാം സ്ഥാനത്താണ് ജ്യോതി ഫിനിഷ് ചെയ്തത്. 13.16 സെക്കൻഡാണ് ഇന്ത്യൻ താരം ഫിനിഷ് ചെയ്യാനെടുത്ത സമയം. രണ്ടാം അവസരത്തിൽ ജ്യോതി റെപ്പഷാജ് റൗണ്ടിൽ മത്സരിക്കും. പുരുഷൻമാരുടെ ഹൈജംപിൽ ഇന്ത്യൻ താരം സർവേഷ് കുഷാരെ പുറത്തായി. യോഗ്യതാ റൗണ്ടിലെ മൂന്നു ശ്രമങ്ങളിലും 2.20 മീറ്റർ ഉയരം പിന്നിടാൻ സർവേഷിനു സാധിച്ചില്ല. ജാവലിൻ ത്രോ വനിതാ വിഭാഗത്തിൽ ഇന്ത്യൻ താരം അന്നു റാണിയും പുറത്തായി. ഗ്രൂപ്പ് എയിൽ 15-ാം സ്ഥാനത്താണ് അന്നു റാണി ഫിനിഷ് ചെയ്തത്. ടേബിൾ ടെന്നീസിൽ ഇന്ത്യൻ വനിതാ ടീം ക്വാർട്ടറിൽ ജർമ്മനിയോട് 3-1ന് തോറ്റു.

ഗൾഫ് ചന്ദ്രിക

# സ്പോർട്സ്

*വിനേഷ് ഫോഗട്ടിനെപ്പോലെയുള്ളവർക്ക് ഭാരം കുറക്കുന്നതിനുള്ള മാർഗങ്ങളെക്കുറിച്ച് കൃത്യമായ അറിവുണ്ടെന്നും എന്നിട്ടും ഇങ്ങനെ സംഭവിച്ചതിൽ താൻ അട്ടിമറി സംശയിക്കുന്നുവെന്നും വിജേന്ദർ പറഞ്ഞു. ഇന്ത്യ ഒരു കായിക രാജ്യമായി ഉയർന്നു വരുന്നത് കാണാൻ താൽപര്യമില്ലാത്തവരാണ് ഇതിനു പിന്നിൽ. ഈ പെൺകുട്ടി രാജ്യത്തിനായി ഒരുപാട് നേട്ടങ്ങൾ കൊണ്ടുവന്നു. എന്നിട്ടും നിങ്ങൾ അവളുടെ ഹൃദയം തകർത്തു. ഇതിൽ കൂടുതൽ എന്താണ് അവൾക്ക് ചെയ്യാൻ കഴിയു. എന്ത് പരീക്ഷണമാണ് നേരിടാൻ കഴിയുക*

–വിജേന്ദർ സിങ്



www.chandrikadaily.com

**BREAKING** ഹോക്കി ഇന്ത്യയുടെ വെങ്കല മെഡൽ പോരാട്ടം ഇന്ന്

# ഹൃദയഭേദകം



### ഉറങ്ങാതെ വ്യായാമം; എന്നിട്ടും 'തോൽപ്പിച്ച' നിയമം

ന്യൂഡൽഹി: രാത്രി മുഴുവൻ ഉറങ്ങാതെ കഠിന വ്യായാമം, ഒടുവിൽ ശരീരഭാരം രണ്ട് കിലോയോളം കുറച്ചു, പക്ഷെ ആ 100 ഗ്രാം വിനേഷ് ഫോഗട്ടിനെ തോൽപ്പിച്ചു. വെള്ളി മെഡൽ ഉറപ്പാക്കി സ്വർണ പ്രതീക്ഷയിൽ നിൽക്കെയാണ് അനുവദനീയമായതിനേക്കാൾ 100 ഗ്രാം അധികമാണെന്ന് ഭാര പരിശോധനയിൽ കണ്ടെത്തുന്നത്. ഇതോടെ പാരീസ് ഒളിമ്പിക്സ് ഗുസ്തിയിൽ നിന്ന് ഫോഗട്ട് അയോഗ്യയായി. ചൊവ്വാഴ്ച രാത്രി മുതൽ ബുധനാഴ്ച രാവിലെ വരെ ഉറക്കമില്ലാതെ സൈക്ലിങ്ങും നടത്തവും ഉൾപ്പടെ കഠിന വ്യായാമത്തിലായിരുന്നു വിനേഷ് എന്നാണ് റിപ്പോർട്ട്. സെമിഫൈനൽ മത്സരത്തിനു ശേഷം കഠിനമായ വ്യായാമത്തിലായിരുന്നു വിനേഷ് എന്നാണ് ദൃക്സാക്ഷികളെ ഉദ്ധരിച്ച് ദേശീയമാധ്യമങ്ങൾ റിപ്പോർട്ടുചെയ്യുന്നത്. ഫൈനൽ മത്സരത്തിനായി രണ്ടുകിലോയോളം ഭാരം ഈ സമയം കൊണ്ട് അവർ കുറച്ചുവത്രെ. പക്ഷെ ഒടുവിൽ തീവ്രപരിശ്രമം ഫലം കണ്ടില്ല.

പാരീസ്: രാജ്യത്തെ 140 കോടി ജനതയുടെ പ്രതീക്ഷകൾക്കു മേൽ മങ്ങലേൽപിച്ചു കൊണ്ട് ഒളിംപിക്സിൽ നിന്നും വനിത ഗുസ്തി താരം വിനേഷ് ഫോഗട്ടിന് അയോഗ്യത. ഒളിംപിക് ഗുസ്തി ഫൈനലിൽ കടക്കുന്ന ആദ്യ ഇന്ത്യൻ വനിതയെന്ന ചരിത്രനേട്ടത്തോടെ വിനേഷ് ഫോഗട്ട് മെഡലുറപ്പിച്ചതിന്റെ ആവേശത്തിലായിരുന്നു കായിക പ്രേമികൾ. മോദി സർക്കാറിന്റെ ഡൽഹി പൊലീസിൽ നിന്നും കൈയേറ്റവും അവഹേളനങ്ങളും നേരിട്ട് കനൽപ്പാത താണ്ടി എത്തിയ താരം ബുധനാഴ്ച രാത്രി ഒളിംപിക് മെഡലുമായി തലയുയർത്തി വരുന്നതും കാത്തിരിക്കുകയായിരുന്നു രാജ്യം. എന്നാൽ ആ നിമിഷങ്ങൾക്ക് മണിക്കൂറുകൾ ബാക്കി നിൽക്കെയാണ് നിരാശ പടർത്തിയ വാർത്ത പുറത്തുവന്നത്. ശരീരഭാരം 100 ഗ്രാം അധികമായതിന്റെ പേരിൽ വിനേഷ് ഫോഗട്ട് ഒളിംപിക്സിൽ നിന്ന് അയോഗ്യയായിരിക്കുന്നു.

50 കിലോഗ്രാം ഫ്രീസ്റ്റൈൽ വിഭാഗത്തിൽ നിലവിലെ ഒളിംപിക് ചാമ്പ്യനും നാലുവട്ടം ലോകചാമ്പ്യനുമായ ജപ്പാന്റെ യുയി സുസാകിയെ അടക്കം അട്ടിമറിച്ചാണ് ഫോഗട്ട് സെമിയിലേക്ക് കടന്നിരുന്നത്. സ്വർണ മെഡലിനായി ഇന്നലെ രാത്രിയിൽ സാറാ ഹിൽഡ്ബ്രാണ്ടിനെ നേരിടാനിരിക്കെയായിരുന്നു അയോഗ്യത. തന്റെ ഇഷ്ടവിഭാഗമായ 53 കിലോയിൽ നിന്ന് 50ലേക്ക് ഭാരം കുറച്ചാണ് ഫോഗട്ട് ഇത്തവണ ഒളിംപിക്സിന് യോഗ്യത നേടിയത്. കഴിഞ്ഞ രണ്ട് വർഷങ്ങളിലായി അധികാരികളോട് നടത്തിയ പോരാട്ടവും പരിക്കുമാണ് വിനേഷിനെ 50 കിലോ വിഭാഗത്തിൽ മത്സരിപ്പിക്കുന്നതിലേക്ക് മാറ്റിയത്. പാരീസിൽ ഫോഗട്ട് ചരിത്രനേട്ടം കുറിച്ചത് 50 കിലോഗ്രാം ഫ്രീസ്റ്റൈലിലായിരുന്നു.പാരീസിൽ തന്റെ മൂന്നാം ഒളിംപിക്സിനാണ് ഫോഗട്ട് എത്തിയത്. റിയോയിൽ നടന്ന ആദ്യ ഒളിംപിക്സിൽ മത്സരത്തിനിടെ കാൽമുട്ടിന് പരിക്കേറ്റ് സ്ട്രെച്ചറിലാണ് ഗോധയിൽ നിന്ന് ഫോഗട്ട് പുറത്തേക്ക് പോയത്.

പരിക്ക് കുറച്ചുകാലം കളത്തിൽനിന്ന് മാറ്റിനിർത്തി. 2019ലും 2022ലും ലോക ചാമ്പ്യൻഷിപ്പിൽ വെങ്കലം നേടി ഗംഭീര തിരിച്ചുവരവ് ഫോഗട്ട് നടത്തി. എന്നാൽ ഇതെല്ലാം 53 കിലോ വിഭാഗത്തിലായിരുന്നു. ടോക്കിയോ ഒളിംപിക്സിൽ വനിതകളുടെ 53 കിലോഗ്രാം വിഭാഗത്തിൽ ഒന്നാം സീഡായി വിനേഷ് ഫോഗട്ട് മത്സരിച്ചത്. 2016ലെ റിയോയിൽ നിന്ന് വെങ്കല മെഡൽ ജേതാവായ സ്വീഡന്റെ സോഫിയ മാറ്റ്സണെ പ്രീക്വാർട്ടറിൽ തോൽപ്പിച്ചാണ് ഫോഗട്ട് തുടക്കം കുറിച്ചത്. എന്നാൽ ക്വാർട്ടർ ഫൈനലിൽ ബെലാറുസ് താരത്തിന് മുന്നിൽ വീണു. ടോക്കിയോയിലെ മോശം പ്രകടനത്തിന് പിന്നാലെ ഗുസ്തി ഫെഡറേഷൻ ഓഫ് ഇന്ത്യ ഫോഗട്ടിനെതിരെ അച്ചടക്ക നടപടി സ്വീകരിച്ചു. പരിശീലനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെത്തുടർന്ന് സസ്പെൻഡ് ചെയ്യുകയായിരുന്നു.

സസ്പെൻഷൻ പിന്നീട് പിൻവലിച്ചു. ഇതിനിടെ ഗുസ്തി ഫെഡറേഷന്റെ തീരുമാനത്തിന്റെ ഭാഗമായി സ്പോൺസർമാരെയും നഷ്ടമായി. 2022ൽ ബെൽഗ്രേഡിൽ നടന്ന രണ്ടാം ലോക ചാമ്പ്യൻഷിപ്പിൽ വെങ്കലവും ബിർമിങ്ഹാമിൽ നടന്ന മൂന്നാം കോമൺവെൽത്ത് ഗെയിംസ് സ്വർണവും നേടി വിനേഷ് തിരിച്ചെത്തി. പിന്നീടാണ് ഫെഡറേഷൻ പ്രസിഡന്റായിരുന്ന ബ്രിജ് ഭൂഷണുമായുള്ള പ്രശ്നങ്ങൾ ആരംഭിക്കുന്നത്.

2023 മുഴുവനായും 2024 ന്റെ ആദ്യഭാഗവും ബ്രിജ് ഭൂഷണിന്റെ നേതൃത്വത്തിലുള്ള ഗുസ്തി ഫെഡറേഷനുമായുള്ള ഏറ്റുമുട്ടലിലായിരുന്നു ഫോഗട്ടും സാക്ഷി മാലിക് അടക്കമുള്ള മറ്റു താരങ്ങളും. സമരത്തിനിടെ പൊലീസുമായുള്ള മൽപ്പിടിത്തത്തിൽ വിനേഷിനുനേരേയും കൈയേറ്റമുണ്ടായി. ഇതിനിടയിൽ അവൾക്ക് നഷ്ടമായത് പരിശീലനത്തിന്റെ നാളുകളായിരുന്നു. ഏഷ്യൻ ഗെയിംസിനായും ലോക ചാമ്പ്യൻഷിപ്പിനായും സ്വീഡനിൽ പരിശീലനത്തിനു പോകാൻ ഫോഗട്ടിന് കഴിഞ്ഞില്ല. ഏഷ്യൻ ഗെയിംസിലേക്ക് നേരിട്ട് യോഗ്യത ലഭിച്ചെങ്കിലും പരിശീലനത്തിനിടെ മുട്ടിനേറ്റ പരിക്കുമൂലം പിൻമാറേണ്ടിവന്നു. തന്റെ ഇഷ്ടവിഭാഗമായ 53 കിലോ വിഭാഗത്തിൽ യുവതാരം അംഗിത് പംഗലിന് ഗുസ്തി ഫെഡറേഷൻ ക്വാട്ട നൽകിയപ്പോൾ ഫോഗട്ടിന് പാരീസ് സ്വപ്നം അവസാനിച്ചെന്ന് കരുതി. ക്വാട്ട വിജയികൾ മാത്രം പാരീസിലേക്ക് പോ തിയെ യാൽ മ ന്ന ഗുസ്തി ഫെഡറേഷന്റെ തീരുമാനവും ഉണ്ടായിരുന്നു. ഇതോടെയാണ് 50 കിലോ വിഭാഗത്തിലേക്ക് ഫോഗട്ട് പോകാൻ നിർബന്ധിതയായതെന്നാണ് ഫോഗട്ട് പറയുന്നത്. തിരിച്ചെത്തി ഡിസംബറിൽ ഫോഗട്ട് പരിശീലനം ആരംഭിക്കുമ്പോൾ 59 കിലോ ഭാരമുണ്ടായിരുന്നു. അവിടെ നിന്ന് 50 കിലോയിലേക്ക് താഴുന്നത് വലിയ ആരോഗ്യപ്രശ്നമായിരുന്നു,

ഇത് പരിക്കുകൾക്ക് കാരണമാകുമെന്ന് ഡോക്ടർമാർ ഉപദേശിച്ചു. എങ്കിലും പോരാളിയായതിനാൽ ഫോഗട്ടിന് ഇത് ചെയ്യേണ്ടത് ആവശ്യമായിരുന്നു. അതിനാൽ അവർ റിസ്ക് എടുക്കാൻ തീരുമാനിച്ചു. ഈ കഠിനാധ്വാനമാണ് 100 ഗ്രാം കൂടിയെന്നാരോപിച്ച് ഇപ്പോൾ ഇല്ലാതാക്കുന്നത്. അധികാരത്തോടും അഹന്തയോടും പോരാടി ജയിച്ച് ശീലിച്ച വിനേഷ് ഫോഗട്ട് ഈ പ്രതിസന്ധിയും തരണം ചെയ്ത് വിജയശ്രീലാളിതയായി തിരിച്ചുവരുമെന്ന് ഉറപ്പാണ്. ആ തിരിച്ചുവരവിനായി കാത്തിരിക്കാം.

## രാജ്യവും നീരജും ഇന്ന് ലക്ഷ്യം 90 മീറ്റർ



പാരീസ്:വിനേഷ് പോഗാട്ട് അധ്യായത്തിൽ നിരാശക്കടലിലാണ് രാജ്യം. സ്വർണമുറപ്പിച്ച താരം ഫൈനൽ നാൾ അയോഗ്യയാക്കപ്പെട്ട് അവസാന സ്ഥാനത്തേക്ക് പിന്തള്ളപ്പെട്ടതിലെ സങ്കടം ചെറുതല്ല. ഒളിംപിക് വിലേജിലെ ഇന്ത്യൻ ക്യാമ്പ് മ്ലാനമാണ്. രാവിലെ ഇന്ത്യൻ ഒളിംപിക് അസോസിയേഷൻ അധ്യക്ഷ പി.ടി ഉഷയും മെഡിക്കൽ സംഘത്തെ നയിക്കുന്ന ഡോ.ദിൻഷ പർധിവാലയും പത്രക്കാരെ കണ്ടു. നിരാശ പങ്കുവെച്ചു. ഔദ്യോഗിക പ്രതിഷേധം അറിയിച്ചു. സങ്കടക്കടലിൽ നിന്നും രാജ്യത്തെ മോചിപ്പിക്കാൻ ഒരേ ഒരാൾക്കേ കഴിയൂ. നീരജ് ചോപ്ര എന്ന ഇതിഹാസത്തിന്. പുരുഷ ജാവലിനിൽ നിലവിലെ ഒളിംപിക് ചാമ്പ്യനും ലോക ചാമ്പ്യനുമായ ഹരിയാനക്കാരൻ ഇന്ന് രാത്രി ഇറങ്ങുകയാണ്. ഇവിടെ രാത്രി 8.25 മുതൽ. നാട്ടിൽ രാത്രി 11.30 മുതൽ. യോഗ്യതാ ഘട്ടത്തിൽ സീസണിലെ ഏറ്റവും മികച്ച പ്രകടനവുമായി ആദ്യ ത്രോയിൽ തന്നെ 89.34 മീറ്റർ എറിഞ്ഞ നീരജിനെ പിറകിലാക്കാൻ ഒപ്പം മൽസരിച്ച 31 പേർക്കുമായിരുന്നില്ല. സ്വപ്ന ദൂരമായ 90 മീറ്റർ പിന്നിടുക എന്നതാണ് ഇന്ന് നീരജിന്റെ ലക്ഷ്യം. യോഗ്യതാ ഘട്ടത്തിൽ മികച്ച പ്രകടനം നടത്തിയ ലോക ഒന്നാം റാങ്കുകാരൻ ചെക്കിയയുടെ യാക്കുബ് വാഡ്‌ലെക്, ജർമനിയുടെ ജൂലിയൻ വെബർ, പാകിസ്താൻ താരം അർഷാദ് നദീം, കെനിയയുടെ കെർനൻ ടോണി തുടങ്ങിയവരാണ് നീരജിന് വെല്ലുവിളി. എന്നാൽ ഇവർക്കാർക്കും യോഗ്യതാ റൗണ്ടിൽ നീരജിന് അരികിലെത്താനായിരുന്നില്ല.

## ഒളിംപിക്സ് ഗുസ്തി ഭാരനിയമം

ഗുസ്തിക്കാർ രണ്ടു തവണ ഭാരപരിശോധനയ്ക്ക് വിധേയരാകണം എന്നാണ് യുണൈറ്റഡ് വേൾഡ് റസ്‌ലിങ് റൂൾ ബുക്കിൽ പറയുന്നത്. പ്രാഥമിക മത്സരങ്ങൾക്ക് മുമ്പ് രാവിലേയും ഫൈനലിന് മുമ്പ് രാവിലേയുമാണ് ഭാര പരിശോധന. ഒരേ ഭാരം നിലനിർത്തുകയും വേണം. റസ്‌ലിങ് റൂൾ ബുക്കിലെ അനുഛേദം 11 അനുസരിച്ച്, ആദ്യത്തേയോ രണ്ടാമത്തേയോ ഭാരപരിശോധനയിൽ പങ്കെടുക്കാതിരിക്കുകയോ പരാജയപ്പെടുകയോ ചെയ്താൽ മത്സരത്തിൽ നിന്ന് പുറത്താവും. റാങ്ക് ഒന്നും തന്നെ ഇല്ലാതെ അവസാന സ്ഥാനത്തേക്ക് പിൻതള്ളപ്പെടുകയും ചെയ്യും.

## വിനേഷ് ഫോഗട്ട് ആശുപത്രിയിൽ

പാരീസ്: പാരീസ് ഒളിംപിക്സ് ഗുസ്തിയിൽ അയോഗ്യയാക്കപ്പെട്ട ഇന്ത്യൻ താരം വിനേഷ് ഫോഗട്ടിനെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. നിർജലീകരണം മൂലം ബോധരഹിതയായെന്നാണ് റിപ്പോർട്ടുകൾ.

അനുവദനീയമായതിനേക്കാൾ ഭാരം കൂടിയെന്നതിന്റെ പേരിലാണ് 50 കിലോ വിഭാഗത്തിൽ ഫൈനലിൽ പ്രവേശിച്ചിരുന്ന വിനേഷ് ഫോഗട്ടിനെ അയോഗ്യയാക്കിയത്. ഒളിംപിക് വില്ലേജിലെ ഒരു ആശുപത്രിയിൽ ചികിത്സയിലാണ് അവർ. താരത്തിന്റെ ആരോഗ്യനില തൃപ്തികരമാണെന്നും നിലവിൽ വിശ്രമിക്കുകയാണെന്നുമാണ് റിപ്പോർട്ട്.

തീരുമാനത്തിൽ അപ്പീൽ നൽകാൻ ഇന്ത്യൻ സംഘത്തിന് യാതൊരു മാർഗവുമില്ല. മുടി മുറിക്കുന്നതും രക്തം പുറന്തള്ളുന്നതും അടക്കമുള്ള അങ്ങേയറ്റമുള്ള നടപടികളെല്ലാം ഫോഗട്ടും സംഘവും കൈക്കൊണ്ടെങ്കിലും ഫലമുണ്ടായില്ല. ബുധനാഴ്ച രാവിലെ നടന്ന ഭാരപരിശോധനയിൽ, അനുവദനീയമായതിനേക്കാൾ 100 ഗ്രാം അധികമാണെന്ന് കണ്ടെത്തിയെന്ന് ഇന്ത്യൻ പരിശീലകൻ അറിയിച്ചു.

ഒളിംപിക്സ് ഗുസ്തി ഫൈനലിൽ കടക്കുന്ന ആദ്യ ഇന്ത്യൻ വനിതയെന്ന ചരിത്ര നേട്ടത്തിൽ നിൽക്കെയാണ് ഫോഗട്ടിന് അയോഗ്യത നേരിടേണ്ടിവന്നിരിക്കുന്നത്. ബുധനാഴ്ച രാത്രി പതിനൊന്നരയ്ക്ക് നടക്കേണ്ട ഫൈനലിൽ അമേരിക്കയുടെ സാറാ ഹിൽഡ്ബ്രാണ്ടുമായി ഏറ്റുമുട്ടാനിരിക്കെയായിരുന്നു തിരിച്ചടി.

സാധാരണയായി 53 കിലോഗ്രാം വിഭാഗത്തിലാണ് ഫോഗട്ട് മത്സരിച്ചിരുന്നത്. എന്നാൽ പാരീസ് ഒളിംപിക്സിൽ അവർക്ക് 50 കിലോഗ്രാമിലാണ് യോഗ്യത ലഭിച്ചത്.

# വിനേഷ്, നിന്നെ വീഴ്ത്തിയതാണ്



LOVE U PARIS 15

**കമാൽ വരദൂർ**

ഒളിംപിക്സ് മെഡലിനുള്ള വില അറിയണമെങ്കിൽ ഒളിംപിക്സ് വേദിയിലെത്തി ആ ഫീൽ അറിയണം. ഒരേ ഒരു ഉദാഹരണം ധാരാളമാണ്. നോവാക് ദ്യോകോവിച്ച് എന്ന സെർബിയൻ ടെന്നിസ് താരം കരിയറിൽ ഇതിനകം നേടിയത് 24 ഗ്രാൻഡ്സ്ലാം കിരീടങ്ങളാണ്. ഓസ്ട്രേലിയൻ ഓപ്പണും ഫ്രഞ്ച് ഓപ്പണും വിംബിൾഡണും യു.എസ് ഓപ്പണും ഓരോ ടെന്നിസ് താരവും മോഹിക്കുന്നതാണ്.

അതെല്ലാം നിരവധി തവണ സ്വന്തമാക്കിയ 36കാരൻ പാരീസിലെ റോളണ്ട് ഗാരോസിൽ നടന്ന ഒളിംപിക്സ് ടെന്നിസ് സിംഗിൾസ് ഫൈനലിൽ യുവതാരം കാർലോസ് അൽകാറസിനെ പരാജയപ്പെടുത്തി സ്വർണം സ്വന്തമാക്കിയ വേളയിൽ പൊട്ടിക്കരയുകയായിരുന്നു. വിജയം ഉറപ്പിച്ച പോയിന്റ് സ്വന്തമാക്കിയ ശേഷം അദ്ദേഹം ഗ്യാലറിയിലേക്ക് ഓടിക്കയറി പ്രിയതമക്കും മകൾക്കും രക്ഷിതാക്കൾക്കും മുത്തം കൊടുത്തു. ഈ സ്വർണമില്ലാതെ ഞാനില്ല എന്നായിരുന്നു ഇതിഹാസം പ്രതികരിച്ചത്. അത്രമാത്രമാണ് ഒളിംപിക് സ്വർണത്തിനുള്ള വില. അത് സ്വന്തമാക്കാൻ ഒരുങ്ങിയതായിരുന്നു വിനേഷ് പോഗാട്ട്. ആ ചരിത്ര മുഹൂർത്തത്തിന് സാക്ഷിയാവാനുള്ള തയ്യാറെടുപ്പിലായിരുന്നു ഞങ്ങളും. ഒളിംപിക്സിൽ നമ്മുടെ താരം സ്വർണ മണിയുന്നതും ആ വേദിയിൽ ത്രിവർണ പതാക ഉയരുന്നതും നമ്മുടെ ജനഗണമനക്കായി എല്ലാവരും എഴുന്നേറ്റ് നിൽക്കുന്നതും അനിതര സാധാരണമായ അനുഭവമാണ്. മറ്റ് രാജ്യങ്ങളുടെ ദേശീയ ഗാനങ്ങൾക്കായി നമ്മൾ എത്ര തവണയാണ് ബഹുമാനപുരസരം എഴുന്നേറ്റ് നിൽക്കുന്നത്. ഇന്ത്യയിൽ നിന്ന് 117 താരങ്ങൾ പാരീസിലെത്തിയത്. ഇവരെ പിന്തുണക്കാനും പരിചരിക്കാനുമായി 140 പേരുണ്ട് സ്പോർട്ടിങ് സ്റ്റാഫ് എന്ന ഓമനപ്പേരിൽ. ഇവരാണ് താരങ്ങളുടെ ഭക്ഷണം ഉൾപ്പെടെ എല്ലാ കാര്യങ്ങളും നിയന്ത്രിക്കുന്നത്. ചൊവാഴ്ച്ച ക്യൂബൻ പ്രതിയോഗി ഗുസ്മാൻ ലോപസിനെ നേരിടുമ്പോൾ 50 കിലോഗ്രാം ഭാരമുള്ള വിനേഷിന് മൽസരത്തിന് ശേഷം എങ്ങനെയാണ് ഭാരം കൂടിയത്..? ആരാണ് സംഭവത്തിലെ പ്രതി..? സംശയമൊന്നുമില്ല. കോച്ചും സപ്പോർട്ടിംഗ് സ്റ്റാഫും. ഗുസ്തി പരിശിലകരെയും സപ്പോർട്ടിംഗ് സ്റ്റാഫിനെയും തീരുമാനിക്കുന്നത് ഇന്ത്യൻ ഗുസ്തി ഫെഡറേഷനാണ്. ആ ഫെഡറേഷനെ ഇപ്പോഴും അണിയറയിൽ നയിക്കുന്നത് ബ്രിജ്ഭൂഷൺ സിംഗ് ശരണാണ്. ഇയാൾക്കെതിരെ വിനേഷും സാക്ഷി മാലിക്കും ബജ്റംഗ് പൂനിയയും നടത്തിയ ഐതിഹാസിക ഡൽഹി സമരം അറിയാത്തവരില്ല. സമരം തുടർന്നാൽ രാജ്യത്തെ രാജ്യാന്തരമേളകളിൽ പ്രതിനിധീകരിക്കാൻ അവസരം നൽകില്ലെന്ന് ഇവരെ ഭീഷണിപ്പെടുത്തിയിരുന്നു ഫെഡറേഷൻ. ഇന്നലെ രാവിലെ ഞങ്ങൾക്ക് കിട്ടിയ വാട്ട്സാപ്പ് സന്ദേശത്തിൽ വിഷയത്തിൽ വിനേഷിന്റെ സ്വകാര്യത മാനിക്കണമെന്നും അവരെ വെറുതെ വിടണമെന്നുമായിരുന്നു. ഭാരം കുറക്കാനായി രാത്രി ഉറക്കമില്ലാതെ വിനേഷ് ജിമ്മിലും ജോംഗിങിലുമെല്ലാമായിരുന്നു എന്നായിരുന്നു പറയപ്പെട്ടത്. പിന്നിട് നിർജലികരണം കാരണം ആശുപത്രിയിലുമായത്രെ..! ഈ അത്യാധുനിക സാങ്കേതിക കാലത്ത് കരുത്തയായ ഒരു ഗുസ്തി താരത്തെ സംരക്ഷിക്കാൻ പോലും കഴിയാതെ വരുമ്പോൾ എവിടെയാണ് നമ്മുടെ നിലവാരം. മെഡലുകൾ ചൈനക്കാർ വാരുമ്പോൾ അവർക്ക് മുന്നിൽ നമ്മൾ ശിശുക്കളാണ്. ചൈനീസ് മികവിനെ അംഗീകരിക്കുമ്പോൾ തന്നെ അവരില്ലാത്ത ഗുസ്തി കളത്തിൽ ജപ്പാനെയും ക്യൂബയെയുമെല്ലാം പിറകിലാക്കിയ ഒരു മിടുക്കിയാണ് ചതി പ്രയോഗത്തിൽ പിന്തള്ളപ്പെട്ടത്. ഒരു രാജ്യം മുഴുവൻ തേങ്ങുമ്പോൾ ഡൽഹിയിലും യു.പിയിലുമെല്ലാം ചിലർ ഹാപ്പിയായിരിക്കും. എന്നോട് കളിച്ചാൽ ഇതായിരിക്കും അനുഭവമെന്ന് പറഞ്ഞ് ഷോലെ സിനിമയിലെ ഗബ്ബാർ സിംഗിനെ പോലെ ബ്രിജ്ഭൂഷൺ പൊട്ടിചിരിക്കുന്നുണ്ടാവും. അസുയക്കാരുടെയും ഏകാധിപതികളുടെയും വിളനിലമാണ് നമ്മുടെ കായികരംഗം. ഒളിംപിക് സ്വർണത്തെക്കാൾ അവർക്ക് വലുത് സ്വന്തം പോക്കറ്റും സ്ഥാനമാനങ്ങളുമാണ്. ഇന്ത്യൻ ഒളിംപിക് അസോസിയേഷനും കായിക മന്ത്രാലയവും ഇവിടെയുള്ള മെഡിക്കൽ സംഘത്തലവൻ ഡോ. ദിൻഷ പർദിവാല ഉൾപ്പെടെ ആര് എന്തെല്ലാം ന്യായവാദങ്ങൾ ഉയർത്തിയാലും നഷ്ടമായത് തിരികെ ലഭിക്കില്ല. വിനേഷിന് മൽസരത്തിന് മുമ്പും ശേഷവും എന്തെല്ലാമാണ് നൽകേണ്ടതെന്ന് കോച്ചിനും ടീമിലെ ന്യൂട്രീഷ്യനും അറിയാതെ വരുമോ..? പുറത്താക്കപെട്ട ശേഷം മുടി മുറിച്ച് ഭാരം കുറച്ചിട്ട് കാര്യമില്ലല്ലോ.. പാരീസിലെ ഗുസ്തി വേദിയിൽ നിന്നും വിനേഷ് സ്വർണം നേടിയ സന്തോഷവാർത്തക്കൊപ്പം ജനഗണമനയുടെ ഓളത്തിൽ എഴുതാൻ കരുതിയ കുറിപ്പാണിത്. പക്ഷേ ഇതെഴുതുമ്പോൾ പുരുഷ ഹൈജംപ് യോഗ്യതാ റൗണ്ടിൽ സർവേശ് കുഷാരേ പുറത്തായിരിക്കുന്നു. വനിതാ ജാവലിൻ യോഗ്യതാ റൗണ്ടിൽ അന്നു റാണി പുറത്തായിരിക്കുന്നു, വനിതകളുടെ 100 മീറ്റർ ഹർഡിൽസിൽ ജ്യോതി യരാജിയും പുറത്തായിരിക്കുന്നു. കരുത്തോടെ അകത്ത് കയറിയ ഒരു താരത്തെ നമ്മുടെ ഉന്നതന്മാരെല്ലാം ചേർന്ന് ചവിട്ടി പുറത്താക്കുകയും ചെയ്തിരിക്കുന്നു. സ്റ്റഡ് ഡി ഫ്രാൻസ് സ്റ്റേഡിയം ഇപ്പോൾ നിറഞ്ഞ് കൈയ്യടിക്കുകയാണ്. പുരുഷന്മാരുടെ 800 മീറ്റർ ഹീറ്റ്സിൽ ഫ്രഞ്ച് താരം ബെഞ്ചമിൻ റോബർട്ട് മുന്നേറുകയാണ്. സ്വന്തം നാട്ടുകാരനായി ജനം സ്വയം മറക്കുമ്പോൾ മെഡൽ പട്ടികയൊന്ന് നോക്കുക. അവർ ഉയരങ്ങളിലാണ്. ഈ നാട്ടിൽ ചതിയൻ ചന്തുമാരില്ല..



സംതൃപ്തരായ ദശലക്ഷക്കണക്കിന് ഹജ്ജ്, ഉംറ തീർത്ഥാടകരുടെ പ്രാർഥനാ പിൻബലത്തോടെ.
അൽഹിന്ദ് ഹജ്ജ് ഉംറ
ഖുർആൻ ചരിത്രഭൂമിയിലൂടെ
വിവിധ നിരക്കിലുള്ള വ്യത്യസ്ത പാക്കേജുകൾ ലഭ്യമാണ്
alhind TOURS & TRAVELS PVT.LTD.
9446 066 999
9446 888 444
INDIA - UAE - SAUDI ARABIA - KUWAIT - QATAR - OMAN - BANGLADESH

## ശ്രീജേഷിന് ഇന്ന് ലാസ്റ്റ് മാച്ച്



പാരീസ്: രാജ്യാന്തര ഹോക്കിയിൽ പി.ആർ ശ്രീജേഷ് എന്ന ഇതിഹാസത്തെ ഇന്ന് കൂടിയേ കാണാനാവു.. ഒളിംപിക്സോടെ രാജ്യാന്തര ഹോക്കി വിടുമെന്ന് പറഞ്ഞ വൻമതിലിന് മെഡലോടെ യാത്രയയപ്പ് നൽകാൻ ഹർമൻപ്രീതും സംഘവും ഇന്നിറങ്ങുന്നു.

വെങ്കലമെഡൽ അങ്കത്തിലെ പ്രതിയോഗികൾ സ്പെയിൻ. പോരാട്ടം ഇവിടെ രണ്ട് മണിക്ക് നാട്ടിൽ വൈകീട്ട് അഞ്ചര. പാരിസിലെത്തിയ ശേഷം ഗംഭീരമായിരുന്നു ഇന്ത്യൻ സംഘം.കളിച്ച ഏഴ് മൽസരങ്ങളിൽ രണ്ട് തോൽവി മാത്രം. പ്രാഥമിക റൗണ്ടിൽ ബെൽജിയത്തോട് പരാജയപ്പെട്ട ടീം സെമിയിൽ ജർമനിയോടും തോറ്റിരുന്നു. ഓസ്ട്രേലിയ ഉൾപ്പെടെ കരുത്തരെ മറികടക്കുകയും ചെയ്തിരുന്നു. എല്ലാ മൽസരങ്ങളിലും ഇന്ത്യൻ വല കാത്തത് ശ്രീജേഷായിരുന്നു. നിരവധി കിടിലൻ സേവുകളുമായി അദ്ദേഹം ബാറിന് കീഴിൽ വൻമതിലായി. ക്വാർട്ടർ ഫൈനലിൽ ബ്രിട്ടനെതിരെ പെനാൽട്ടി സ്ട്രോക്ക് വിധിയെഴുതിയപ്പോൾ മിന്നും സേവുമായി അദ്ദേഹം അരങ്ങ് തകർത്തു. ജർമനിക്കെതിരെയും പതിവ് മികവ്. അവസാനത്തിലെ ഗോളിലാണ് ലോക ചാമ്പ്യന്മാർ രക്ഷപ്പെട്ടത്. ഇന്ന് ശ്രീജേഷിന് മെഡലും യാത്രയയപ്പും സാധ്യമാവണമെങ്കിൽ സ്പെയിനിനെ വീഴ്ത്തണം. ബെൽജിയത്തെ വീഴ്ത്തിയാണ് സ്പെയിൻ സെമിയിലെത്തിയത്. അവിടെ പക്ഷേ നെതർലൻഡ്സിനോട് നാല് ഗോൾ വാങ്ങി തോൽക്കുകയായിരുന്നു.

## അധ്യാപകർക്ക് എ.ഐ പരിശീലനം നൽകും

മലപ്പുറം: മലപ്പുറം ജില്ലയിലെ അധ്യാപകർക്ക് അധ്യാപന രംഗത്ത് ആധുനിക പരിശീലനം നൽകുന്നതിന്റെ ഭാഗമായി ജില്ലാ കെ.എസ്.ടി.യു ആർട്ടിഫിഷ്യൽ ഇന്റലിജൻസിൽ പരിശീലനം നൽകുന്നു. എൽ.പി, യു.പി, എച്ച്.എസ് വിഭാഗത്തിലെ അധ്യാപകർക്കാണ് ഒന്നാംഘട്ടം പരിശീലനം നൽകുന്നത്. 11-ാം തിയ്യതി രാവിലെ 9 മണിക്ക് സിവിൽ സ്റ്റേഷനു സമീപമുള്ള ഖാജ്‌ദെ മില്ലത്ത് ഹാളിലാണ് പരിശീലനം. പരിശീലനത്തിൽ പങ്കെടുക്കുന്നവർ ലാപ്ടോപ് കൊണ്ടുവരേണ്ടതാണ്. ജൂലൈ 7 ന് ജില്ലാ കെ.എസ്.ടി.യു ജില്ലയിലെ പുതുതായി ചേർന്ന പ്രധാനധ്യാപകർക്ക് ഒരു ദിവസത്തെ പരിശീലനം നൽകിയിരുന്നുവെന്നും തുടർന്നും ഇത്തരം അധ്യാപക ശാക്തീകരണ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുമെന്നും ജില്ലാ പ്രസിഡന്റ് എൻ.പി മുഹമ്മദലി, ജനറൽ സെക്രട്ടറി വീരാൻകുട്ടി കോട്ട, ട്രഷറർ കെ.എം ഹനീഫ എന്നിവർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 94474 68509, 98468 93761

## സർക്കാർ നിലപാട് പ്രതിഷേധാർഹം

മലപ്പുറം: വ്യാപാരികൾ നേരിടുന്ന വിവിധ വിഷയങ്ങൾ പരിഹരിക്കുവാൻ തയ്യാറാകാത്ത കേന്ദ്ര-സംസ്ഥാന സർക്കാറുകളുടെ നടപടിയിൽ കേരള വ്യാപാരി വ്യവസായി ഏകോപന സമിതി പ്രഥമ ജില്ലാ പ്രവർത്തക സമിതി യോഗം പ്രതിഷേധം രേഖപ്പെടുത്തി. വരുന്ന തദ്ദേശ സ്വയംഭരണ തിരഞ്ഞെടുപ്പിൽ വ്യാപാരികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്ന ആളുകളെ മാത്രം വിജയിപ്പിക്കുമെന്ന സംസ്ഥാന കമ്മിറ്റിയുടെ തീരുമാനം ജില്ലയിലും നടപ്പിലാക്കും. വയനാട്ടിൽ ദുരിത ബാധിതരെ പുനഃരധിവസിപ്പിക്കുന്നതിന് സഹായം ചെയ്യും. ജില്ലാ പ്രസിഡന്റ് പി. കുഞ്ഞാവു ഹാജി അധ്യക്ഷനായി. ജനറൽ സെക്രട്ടറി എം. കുഞ്ഞുമുഹമ്മദ്, ജില്ലാ ട്രഷറർ നൗഷാദ് കളപ്പാടൻ പ്രസംഗിച്ചു.

## റാങ്ക് പട്ടിക റദ്ദായി

മലപ്പുറം: ജില്ലയിൽ എക്സൈസ് വകുപ്പിൽ സിവിൽ എക്സൈസ് ഓഫീസർ ട്രെയിനി തസ്തികയിലേക്കുള്ള തിരഞ്ഞെടുപ്പിനായി 2023 ജൂലൈ 21ന് നിലവിൽ വന്ന റാങ്ക് പട്ടികയുടെ കാലാവധി 2024 ജൂലൈ 20ന് പൂർത്തിയായതിനാൽ റാങ്ക് പട്ടിക റദ്ദായതായി പി.എസ്.സി അറിയിച്ചു.




ചാലിയാർ തീരത്ത് നടത്തിയ തിരച്ചിൽ


നിലമ്പൂർ ചാലിയാർ മുക്കിൽ നിന്നും ലഭിച്ച മൃതദേഹം ഫയർഫോഴ്സ് ബോട്ടിലേക്ക് മാറ്റുന്നു.

# ചാലിയാറിൽ ജലവിതാനം കുറയുന്നു

## തിരച്ചിൽ എളുപ്പമാകും :: കൂടുതൽ ശരീരാവശിഷ്ടങ്ങൾ ലഭിച്ചേക്കും

നിലമ്പൂർ: വയനാട് ഉരുൾപൊട്ടലിൽ ചാലിയാർ പുഴയിലൂടെ ഒഴുകിവന്ന മൃതദേഹങ്ങൾക്കായി ഇന്നലെയും തിരച്ചിൽ നടത്തി. തിരച്ചിലിന്റെ ഒമ്പതാം ദിവസമായ ഇന്നലെ ഒരു മൃതദേഹവും 4 ശരീര ഭാഗങ്ങളും കൂടി ലഭിച്ചു. നിലമ്പൂർ ചന്തക്കുന്ന് ടൗണിന് സമീപം ചാലിയാർമുക്കിൽ നിന്നാണ് ഒരു പുരുഷന്റെ മൃതദേഹം ലഭിച്ചത്. മുണ്ടേരി വനത്തിലെ ഇരുട്ടുകുത്തിയിൽ നിന്ന് മൂന്ന് ശരീര ഭാഗങ്ങളും വാണിയമ്പുഴ നഗറിലെ പുഴയോരത്ത് നിന്ന് ഒരു ശരീര ഭാഗവുമാണ് കണ്ടെടുത്തത്. ഇതോടെ മലപ്പുറം ജില്ലയിൽ നിന്ന് ലഭിച്ച് നിലമ്പൂർ ജില്ലാ ആശുപത്രിയിലെത്തിച്ച ആകെ മൃതദേഹങ്ങൾ 77 ഉം ശരീര ഭാഗങ്ങൾ 165 ഉം ആയി. ആകെ 242 എണ്ണം. 39 പുരുഷന്മാരുടെയും 31 സ്ത്രീകളുടെയും 3 ആൺകുട്ടികളുടെയും 4 പെൺകുട്ടികളുടെയും മൃതദേഹങ്ങളാണ് ലഭിച്ചത്. ഉരുൾപൊട്ടലുണ്ടായതിനു ശേഷം ഒമ്പതു ദിവസമായി ചാലിയാറിന്റെ വിവിധ ഭാഗങ്ങളിൽ പരിശോധന തുടരുകയാണ്. നിലമ്പൂർ ജില്ലാ ആശുപത്രിയിൽ കൊണ്ടുവന്ന മൃതദേഹങ്ങളിൽ 241 മൃതദേഹങ്ങളുടെയും അവശിഷ്ടങ്ങളുടെയും പോസ്റ്റ്മോർട്ടം പൂർത്തിയായി. 227 എണ്ണം വയനാട്ടിലേക്ക് കൊണ്ട് പോകുകയും മൂന്നെണ്ണം ബന്ധുക്കൾ ഏറ്റെടുക്കുകയും ചെയ്തു. 7 ശരീരഭാഗങ്ങൾ പൂർണമായി ഡി.എൻ.എ പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്. ഇന്ന് ലഭിച്ച മൃതദേഹവും ശരീരഭാഗങ്ങളും ഇന്ന് വയനാട്ടിലേക്ക് കൊണ്ട് പോകും. വനമേഖലയിൽ കഴിഞ്ഞ ദിവസങ്ങളിൽ ആദിവാസികൾ കൂടുതൽ മൃതദേഹങ്ങൾ കണ്ടെത്തിയതിനാൽ ഈ ഭാഗത്ത് വ്യാപക തിരച്ചിൽ നടത്തി. ആറ് സോണുകളിലായി വിവിധ സേനാവിഭാഗങ്ങളിൽ നിന്നുള്ളവരാണ് ഇന്നലെയും തിരച്ചിലിൽ വ്യാപൃതരായത്. കേരള പൊലീസ്, എൻ.ഡി.ആർ.എഫ്, ആർമി, എൻ,ഡി,എം,എ റെസ്ക്യൂ ടീം, ഡെൽറ്റാ സ്ക്വാഡ്, എസ്.ഒ.ജി, കേരള, തമിഴ്നാട് ഫയർ റെസ്ക്യു ടീമുകൾ, കെ 9 ഡോഗ് സ്ക്വാഡ്, ഫോറസ്റ്റ് തുടങ്ങിയ സേനാവിഭാഗങ്ങളും തിരച്ചിൽ ദൗത്യങ്ങളിൽ സജീവമാണ്. സേനാവിഭാഗങ്ങൾക്കൊപ്പം 80 ടീമുകളിലായി 524 സന്നദ്ധ പ്രവർത്തകരും ദുരന്തബാധിത പ്രദേശങ്ങളിൽ തിരച്ചിലിൽ പങ്കെടുത്തു. മമ്പാട് ഓടായിക്കൽ റഗുലേറ്ററിൽ അടിഞ്ഞ മരത്തടികൾ മുറിച്ച് മാറ്റിയും പരിശോധനകൾ നടത്തി. തിരച്ചിൽ ഇന്നും തുടരും. അതേസമയം മഴ മാറിനിൽക്കുന്നതിനാൽ ചാലിയാറിലെ ജലവിതാനം താഴുകയാണ്. പുഴയിലെ വെള്ളം കുറയുന്നതോടെ ചെളിയിലുള്ള ശരീരാവശിഷ്ടങ്ങൾ കരയിൽ കാണാവുന്ന രൂപത്തിൽ പൊങ്ങിവരാൻ സാധ്യത കൂടുതലാണെന്ന് തിരച്ചിൽ സംഘങ്ങൾ പറഞ്ഞു.

## തദ്ദേശ തിരഞ്ഞെടുപ്പ് മുന്നൊരുക്കം

## ഏറനാട് മഞ്ചേരി വള്ളിക്കുന്ന് വേങ്ങര മണ്ഡലം നേതൃസംഗമങ്ങൾ പൂർത്തിയായി


മുസ്‌ലിംലീഗ് മണ്ഡലംതല നേതൃസംഗമം ജില്ലാ ജനറൽ സെക്രട്ടറി പി അബ്ദുൽഹമീദ് എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു

മലപ്പുറം: പ്രാദേശിക ഭരണകൂടങ്ങളിലേക്ക് നടക്കാനിരിക്കുന്ന ഹളരഞ്ഞെടുപ്പിന്റെ മുന്നൊരുക്കങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി വള്ളിക്കുന്ന്,വേങ്ങര, ഏറനാട്, മഞ്ചേരി എന്നീ നിയോജക മണ്ഡലങ്ങളുടെ നേതൃസംഗമങ്ങൾ പൂർത്തിയായി. ജില്ലാ ജനറൽ സെക്രട്ടറി പി അബ്ദുൽഹമീദ് എംഎൽഎ, അഡ്വ.യു.എ. ലത്തീഫ് എം.എൽ.എ, എം.എ കാദർ, ഉമ്മർ അറക്കൽ, എം.കെ ബാവ,പി സൈതലവി മാസ്റ്റർ, എം കുഞ്ഞാപ്പ ഹാജി, കെ.എം അബ്ദുൽ ഗഫൂർ, ഇസ്മായിൽ മൂത്തേടം, പി.എം.എ സമീർ, വല്ലാഞ്ചിറ മുഹമ്മദലി, അൻവർ മുള്ളമ്പാറ, ഉസ്മാൻ താമരത്ത്, കെ ടി. അഷറഫ്, അഡ്വ ഹാരിഫ്, ഇബ്രാഹിം മുത്തൂർ, നൗഷാദ് മണ്ണശ്ശേരി, ഡോ വി.പി ഹമീദ് മാസ്റ്റർ, പി കെ അസലു, പി.പി സഫറുല്ല, കണ്ണിയൻ അബൂബക്കർ, ബക്കർ ചെർണൂർ, ഗഫൂർ കുറുമാടൻ, പി.എച്ച് ഷമീം പ്രസംഗിച്ചു.

### ഇന്നത്തെ സംഗമങ്ങൾ മാറ്റി

മലപ്പുറം: മുസ്‌ലിം ലീഗ് സംസ്ഥാന പ്രവർത്തകസമിതി അടിയന്തരമായി കോഴിക്കോട് വിളിച്ചു ചേർത്തിട്ടുള്ളതിനാൽ ജില്ലാ മുസ്‌ലിം ലീഗ് ഓഫീസിൽ നടത്താൻ നിശ്ചയിച്ചിരുന്ന ഇന്നത്തെ താനൂർ, തിരൂരങ്ങാടി, നിലമ്പൂർ, വണ്ടൂർ എന്നീ മണ്ഡലങ്ങളുടെ നേതൃയോഗങ്ങൾ മാറ്റിവെച്ചതായി ജില്ലാ ജനറൽ സെക്രട്ടറി പി അബ്ദുൽഹമീദ് എം.എൽ.എ അറിയിച്ചു. താനൂർ നിയോജക മണ്ഡലം നേതൃയോഗം നാളെ 3 മണിക്കും തിരൂരങ്ങാടി മണ്ഡലം യോഗം 10 ന് 3 മണിക്കും വണ്ടൂർ, നിലമ്പൂർ നിയോജകമണ്ഡലങ്ങളുടെ നേതൃയോഗം 14ന് രാവിലെ 9 മണിക്കും നടക്കുന്നതാണെന്നും അദ്ദേഹം അറിയിച്ചു.



തൃപ്പനച്ചി മുഹമ്മദ് മുസ്‌ലിയാർ ഉറൂസ് മുബാറകിന്റെ ഭാഗമായുള്ള മതപ്രഭാഷണ സദസ്സ് പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്യുന്നു

## സൂഫികളുടെ വഴി അല്ലാഹുവിലേക്ക് അടുക്കാനുള്ള എളുപ്പമാർഗം: സാദിഖലി തങ്ങൾ

മഞ്ചേരി: അല്ലാഹുവിലേക്ക് അടുക്കാൻ വിശ്വാസികൾക്കുള്ള എളുപ്പമാർഗം സൂഫി വഴിയാണെന്ന് പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ. തൃപ്പനച്ചി മുഹമ്മദ് മുസ്‌ലിയാർ 13-ാം ഉറൂസ് മുബാറക്കിലെ മതപ്രഭാഷണ സദസ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു തങ്ങൾ. ശൈഖ് ജീലാനി, ശൈഖ് രിഫാഇ, അജ്മീർ ഖാജ തുടങ്ങി ഔലിയാക്കളുടെയെല്ലാം ജീവിതം പോലെ ഐഹിക ലോകത്തോട് ഇച്ഛയില്ലാതെ അല്ലാഹുവിൽ ലയിച്ചവരായിരുന്നു തൃപ്പനച്ചി ഉസ്താദ്. മഹാൻമാരുടെ തുടർച്ചയാണ് ഇപ്പോഴുമുള്ളതെന്നും റബ്ബിന്റെ സ്മരണകൾ പകർന്നു നൽകുകയായിരുന്നു തൃപ്പനച്ചി ഉസ്താദിന്റെ ജീവിതമെന്നും തങ്ങൾ പറഞ്ഞു. ഹിഫ്ള് പൂർത്തിയാക്കിയ വിദ്യാർഥികൾക്കുള്ള സനദ് ദാനം തങ്ങൾ നിർവഹിച്ചു. ഡോ.ബഹാഉദ്ദീൻ മുഹമ്മദ് നദ്‌വി കൂരിയാട് അധ്യക്ഷനായി. കുമ്മനം നിസാമുദ്ദീൻ അസ്ഹരി പ്രഭാഷണം നടത്തി. അബ്ദുസലാം ബാഖവി ഒഴുകൂർ, ഉമ്മർ പാണ്ടികശാല, ബാലത്തിൽ ബാപ്പുഹാജി, കുഞ്ഞിമോൻ കാക്കിയ,ബാപ്പു തങ്ങൾ കുന്നുംപുറം, ബി.എസ്.കെ തങ്ങൾ, ഒളവണ്ണ അബൂബക്കർ ദാരിമി, കെ.എ റഹ്മാൻ ഫൈസി, ആർ.വി കുട്ടി ഹസൻ ദാരിമി, ഉമർ മുസ്‌ലിയാർ തനിയംപുറം, പി.എ ജബ്ബാർ ഹാജി, ബാലത്തിൽ ബാപ്പു ഹാജി, ഒ.പി കുഞ്ഞാപ്പു ഹാജി, പി.സി അബ്ദുറഹ്മാൻ, യു.ശാഫി ഹാജി, അബ്ദുല്ല ദാരിമി, എ.ടി തങ്ങൾ, പി.എ സലാം, കെ.ടി അഹമ്മദ് ഹാജി പൂക്കൊളത്തൂർ, ടി.കെ ഇണ്ണി മമ്മദ് ഹാജി, പി.കോമു ഹാജി സി.എച്ച് കുഞ്ഞാപ്പ, സി.ചെറിയാപ്പു, പി.വി ഉസ്മാൻ കാവനൂർ, ഹാഫിള് ഷറഫുദ്ദീൻ ഫലഖി, ഹാഫിള് മുഹമ്മദ് അബൂസറുർ ഗഫ്ഫാരി, അബ്ദുൽ ഗഫൂർ ഹാജി അരിമ്പ്ര പ്രസംഗിച്ചു. സിയാറത്തിന് ശിബിൻ ബദ്റു വാഫി പൂച്ചേങ്ങൽ നേതൃത്വം നൽകി. അഖില കേരള മുശാഅറ മത്സരം പാണക്കാട് സയ്യിദ് റാജിഹ് അലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്തു. അബ്ദുല്ല ദാരിമി വളമംഗലം അധ്യക്ഷനായി. നിഹാൽ കെ.പി വാഴയൂർ, ചെമ്പൻ അഹമ്മദ് ഹാജി പ്രസംഗിച്ചു. ഇന്ന് വൈകീട്ട് ഏഴിന് സ്വലാത്ത് മജ്‌ലിസ് പാണക്കാട് സയ്യിദ് ബഷീറലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്യും. സയ്യിദ് ബാപ്പു തങ്ങൾ ജമലുല്ലൈലി കുന്നുംപുറം നേതൃത്വം നൽകും. രാത്രി ഒമ്പതിന് ജലാലിയ്യ റാതീബിന് ശൈഖ് ഇബ്രാഹീം അൽ ഖലീൽ ആന്റ് പാർട്ടി നാഗൂർ ശരീഫ് നേതൃത്വം നൽകും. നാളെ മതപ്രഭാഷണം പാണക്കാട് സയ്യിദ് ഹമീദലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്യും. മാനുതങ്ങൾ വെള്ളൂർ അധ്യക്ഷനാകും. വലിയുദ്ദീൻ ഫൈസി വാഴക്കാട് അദ്കാറുൽ മസാഇന് നേതൃത്വം നൽകും.

# ഇനി കളിമാറും... സൂപ്പർ ലീഗിൽ സൂപ്പറാകാൻ മലപ്പുറം ഫുട്ബോൾ ക്ലബ്ബ്

ഷഹബാസ് വെള്ളില
മലപ്പുറം

ഫുട്ബോളിന് ഏറെ ഇഷ്ടക്കാരുള്ള കേരളത്തിൽ പുതിയ ആവേശം തീർക്കാൻ ഒരുങ്ങുകയാണ് സൂപ്പർ ലീഗ്. വലിയ തോതിൽ പണം ചിലവഴിച്ചാണ് ടീമുകളെല്ലാം താരങ്ങളെ റാഞ്ചുന്നത്. ഐ ലീഗിലേയും ഐ.എസ്.എല്ലിലേയും വിദേശ താരങ്ങളടക്കം കേരള സൂപ്പർ ലീഗിൽ പന്തുതട്ടാനെത്തുന്നുണ്ട്. ഐ.എസ്.എല്ലിനെ വരെ ഞെട്ടിച്ച് ലോക ഫുട്ബോൾ താരങ്ങളും കേരളത്തിലെത്തുന്നുമെന്ന അഭ്യൂഹങ്ങളും പരക്കുന്നു. അന്തർദേശീയ ശ്രദ്ധ നേടിയ പരിശീലകരും സൂപ്പർ ലീഗിന്റെ ഭാഗമാവുന്നു. സിനിമ താരങ്ങളടക്കമുള്ള സെലിബ്രിറ്റികളും ബിസിനസ് ഭീമന്മാരുമാണ് ഓരോ ടീമുകളെയും സ്വന്തമാക്കിയിരിക്കുന്നത്. കേരളത്തിൽ തന്നെ ഏറെ ഫുട്ബോൾ ആരാധകരുള്ള മലപ്പുറത്തിന്റെ സ്വന്തം സൂപ്പർ ലീഗ് ടീമായ മലപ്പുറം എഫ്.സിയിൽ വലിയ പ്രതീക്ഷയിലാണ് മലപ്പുറത്തെ ഫുട്ബോൾ പ്രേമികൾ. നിലവിൽ ഔദ്യോഗികമായി അഞ്ച് താരങ്ങളെയാണ് മലപ്പുറം എഫ്.സി സ്വന്തമാക്കിയിരിക്കുന്നത്. ആരാധകുടെ പ്രതീക്ഷ കാത്ത സൈനിങ് ആയിരുന്നു ഇവയെല്ലാം. അനസ് എടത്തൊടിക, ഗുർജിന്ദർ കുമാർ എന്നിവർ മുൻ ഇന്ത്യൻ താരങ്ങളാണ്. കൂടാതെ ബ്രസീലിയൻ താരം സെർജിയോ ബർബോസ, സന്തോഷ് ട്രോഫി താരങ്ങളായ റിസ്വാനും കേരളത്തിന്റെ എക്കാലത്തേയും മികച്ച ഗോൾ കീപ്പർമാരിലൊരാളായ മിഥുനും നിലവിൽ മലപ്പുറം എഫ്.സിക്കൊപ്പം ചേർന്നിട്ടുണ്ട്. ഐ.എസ്.എൽ ക്ലബ്ബ് ചെന്നൈയിൻ എഫ്.സിയുടെ പരിശീലകനായിരുന്ന ജോൺ ഗ്രിഗറിയാണ് മുഖ്യപരിശീലകൻ. ക്ലിയോഫസ് അലക്സ് സഹപരിശീലകനാണ്. മുംബൈ സ്വദേശിയായ വിൽബർ ലസ്റാഡോ ആണ് ടീമിന്റെ ഓപ്പറേഷൻ ഹെഡ്. മഞ്ചേരി പയ്യനാട് സ്റ്റേഡിയമാണ് ടീമിന്റെ ഹോം ഗ്രൗണ്ട്. ഓഗസ്റ്റ് 31ന് ആരംഭിക്കുന്ന ടൂർണമെന്റിന്റെ ഫിക്ചർ പുറത്തുവിട്ടിട്ടില്ല.

### ഐ.എസ്.എൽ ചാമ്പ്യൻ ഗ്രിഗറി



സൂപ്പർ ലീഗ് കേരളയിലെ ഗ്ലാമർ പരിശീലകനാരെന്ന് ചോദിച്ചാൽ ഒറ്റ ഉത്തരമേ ഒള്ളൂ. ജോൺ ചാൾസ് ഗ്രിഗറി. മലപ്പുറം എഫ്സിയുടെ പരിശീലകൻ. ഐ.എസ്.എല്ലിൽ ചെന്നൈ എഫ്.സി ചാമ്പ്യന്മാരാകുമ്പോൾ മുഖ്യപരിശീലകൻ ഗ്രിഗറിയായിരുന്നു. ഇംഗ്ലണ്ടിനായി ആറു രാജ്യാന്തര മത്സരങ്ങൾ കളിച്ചിട്ടുണ്ട് ഈ മധ്യനിര താരം. പോർട്സ്മൗത്തിനേയും ആസ്റ്റൻ വില്ലയേയും പരിശീലിപ്പിച്ച ഗ്രിഗറിയുടെ ചുമലിലാണ് ഇനി മലപ്പുറത്തിന്റെ പ്രതീക്ഷകൾ. മികച്ച ടീം തന്നെയാകും മലപ്പുറം എഫ്.സിക്കായി കളത്തിലിറങ്ങുകയെന്നും മലപ്പുറത്തു നിന്നും മികച്ച താരങ്ങളെ കണ്ടെത്തുകയും അവരെ കൂടി ഉയർത്തികൊണ്ടുവരികയും ചെയ്യുക എന്നത് കൂടിയായിരിക്കും ക്ലബ്ബിന്റെ ലക്ഷ്യമെന്നും ഗ്രിഗറി പറയുന്നു. ആരാധകർക്ക് ഈ ടീമിൽ നിരാശരാവേണ്ടി വരില്ലെന്നും ആശാൻ ഉറപ്പുനൽകുന്നു.

### മലപ്പുറത്തിന്റെ സ്വന്തം അനസ് എടത്തൊടിക



മലപ്പുറത്തുകാരുടെ വികാരമാണ് അനസ് എടത്തൊടിക. ഐ.ലീഗിലും ഐ.എസ്.എല്ലിലും നിരവധി ടീമുകൾക്കായി കളത്തിലിറങ്ങിയ അനസ് മലപ്പുറത്തിന്റെ സ്വന്തം ക്ലബ്ബിനായി പന്തുതട്ടുമ്പോൾ ഏറെ പ്രതീക്ഷയിലാണ് ആരാധകരും. ദേശീയ ടീമിനായി നിരവധി തവണ ജഴ്സിയണിഞ്ഞ അനസ് ടീമിന്റെ പ്രതിരോധ നിരക്ക് കരുത്താകും. സ്വന്തം നാടിന് വേണ്ടി കളിക്കുന്നു എന്നതും അനസിന് കരുത്താകും. 21 മത്സരങ്ങളാണ് അനസ് ദേശീയ ടീമിനായി കളിച്ചത്. മുംബൈ, പൂനെ, ഡൽഹി, മോഹൻബഗാൻ, ജംഷഡ്പൂർ, എടികെ, ഗോകുലം തുടങ്ങിയ ഐ ലീഗ്, ഐ.എസ്.എൽ ടീമുകൾക്കായി പന്തു തട്ടിയ അനസ് കേരളക്കാരുടെ സ്വന്തം ടീമായ കേരള ബ്ലാസ്റ്റേഴ്സിനായും പ്രതിരോധം കാത്തു. പ്രതിഭയും പരിചയ സമ്പത്തും കൈമുതലായുള്ള അനസ് മലപ്പുറം എഫ്.സിക്കായി പ്രതിരോധം കാക്കുമ്പോൾ വലിയ പ്രതീക്ഷയിലാണ് ആരാധകരും.

### ഗോളടിക്കാൻ ബ്രസീൽ താരം ബാർബോസ



മലപ്പുറം ഫുട്ബോൾ ക്ലബ്ബിനായി ഗോളടിച്ചുകൂട്ടാൻ എത്തുന്നത് ഐ ലീഗിലെല്ലാം തിളങ്ങിയ ബ്രസീൽ താരം സെർജിയോ ബാർബോസാ. സ്ട്രൈക്കറായും മധ്യനിര താരമായും തിളങ്ങിയിട്ടുള്ള താരത്തിന് ഇന്ത്യയിൽ മുൻപരിചയമുള്ളതും ഗുണം ചെയ്യും. ഐ ലീഗിൽ ഡൽഹി എഫ്.സിക്കായി കഴിഞ്ഞ സീസണിൽ 13 ഗോളുകൾ നേടിയിട്ടുണ്ട് താരം. മലപ്പുറം എഫ്.സിക്കായി മികച്ച കളി തന്നെ താരം പുറത്തെടുക്കുമെന്ന പ്രതീക്ഷയിലാണ് ഏവരും.

### പ്രതിരോധം ശക്തമാക്കാൻ ഗുർജിന്ദർ



അനസ് എടത്തൊടികയോടൊപ്പം പ്രതിരോധത്തിൽ ശക്തമായ പിന്തുണ നൽകാൻ ഗുർജിന്ദർ കുമാർ എന്ന യുവ പഞ്ചാബി താരത്തിനാകും. അണ്ടർ 23 വിഭാഗത്തിലൂടെ ദേശീയ ടീമിലേക്ക് എത്തിയ താരം സീനിയർ ടീമിനായും പന്തുതട്ടി. ലെഫ്റ്റ് ബാക്കായ താരം പുനെ സിറ്റി, മിനർവ പഞ്ചാബ്, മോഹൻബഗാൻ, നോർത്ത് ഈസ്റ്റ് യുണൈറ്റഡ് ടീമുകൾക്കായും ജഴ്സിയണിഞ്ഞു. മികച്ച ക്ലബ്ബ് കരിയറുള്ള ഗുർജിന്ദർ മലപ്പുറം ഫുട്ബോൾ ക്ലബ്ബിന്റെ മികച്ച സൈനിങ് ആവും.

### ഗോൾ വല കാക്കാൻ മിഥുൻ



2018, 2022 സന്തോഷ് ട്രോഫി കിരീടം നേടിയ കേരള ടീമിന്റെ വല കാത്ത മിഥുൻ വിയാണ് ഗോൾ കീപ്പറായി മലപ്പുറം എഫ്.സി ടീമിലെത്തിച്ചിരിക്കുന്നത്. എസ്.ബി.ടി താരമായ മിഥുൻ ഏറെ പരിചയ സമ്പത്തുള്ള താരമാണ്. 2018ൽ കേരളം ബംഗാളിൽ നിന്നും സന്തോഷ് ട്രോഫി നേടുമ്പോൾ ടീമിന്റെ ക്യാപ്റ്റനായിരുന്നു. മിഥുൻ പെനാൽറ്റി കിക്ക് തടുത്തതിനെ തുടർന്നാണ് ടീമിന് വിജയം നേടാനായത്. ദേശീയ ഗെയിംസിൽ വെള്ളി മെഡൽ നേടിയ കേരള ടീമിന്റെ വല കാത്തതും ഈ കണ്ണൂർക്കാരനായിരുന്നു. മിഥുൻ ടീമിലെത്തുന്നത് മലപ്പുറത്തിന് ഗുണം ചെയ്യും.

### മധ്യനിരയിൽ കളി മെനയുന്ന റിസ്‌വാൻ

മധ്യനിരയിൽ കേരളത്തിൽ തന്നെ മികച്ച ഭാവിയുള്ള താരമാണ് കാസർകോട് തൃക്കരിപ്പൂർ സ്വദേശി റിസ്‌വാൻ. ഐ ലീഗ് ക്ലബായ ചെന്നൈ എഫ്.സിക്കായി പന്തുതട്ടി. കേരള സന്തോഷ് ട്രോഫി ക്യാമ്പിൽ ഇടം നേടുന്ന പ്രായം കുറഞ്ഞ താരം എന്ന ഐ.എം വിജയന്റെ റെക്കോർഡ് തകർത്തത് റിസ്‌വാനാണ്. 2018ലെ ഓൾ ഇന്ത്യ ഇന്റർ യൂണിവേഴ്സിറ്റി ചാമ്പ്യൻഷിപ്പിൽ മോസ്റ്റ് വാല്യുബൾ പ്ലയറായി തിരഞ്ഞെടുക്കപ്പെട്ടു. സന്തോഷ് ട്രോഫി, ദേശീയ ഗെയിംസ് ടീമുകളിലെല്ലാം കേരളത്തിനായി മികച്ച കളി പുറത്തെടുത്ത റിസ്‌വാൻ കെ.പി.എല്ലിൽ കേരള യുണൈറ്റഡിനായിട്ടാണ് ജഴ്സിയണിഞ്ഞത്.







ലൈംഗികാരോപണം നേരിട്ട ഗുസ്തി ഫെഡറേഷൻ പ്രസിഡന്റായിരുന്ന ബ്രിജ് ഭൂഷൺ സിങ് ശരണിനെതിരെ നടപടി ആവശ്യപ്പെട്ട് സമരം ചെയ്ത വിനേഷ് ഫോഗട്ടിനെ പൊലീസ് അറസ്റ്റ് ചെയ്ത് നീക്കുന്നു (ഫയൽ ചിത്രം)



## വിനേഷ് ഫോഗട്ടിന്റെ ഒളിംപിക്സ് അയോഗ്യത

# ഗൂഢാലോചന ആരോപിച്ച് പ്രതിപക്ഷം

### പാർലമെന്റിൽ പ്രതിഷേധമുയർത്തി; സഭയിൽ നിന്ന് ഇറങ്ങിപ്പോയി

ന്യൂഡൽഹി: നൂറ്റിനാൽപ്പത് കോടി ജനതയുടെ സ്വപ്നങ്ങളെ കണ്ണീരിൽ മുക്കിയ പാരിസ് ഒളിംപിക്സിൽ നിന്നുള്ള ഗുസ്തി താരം വിനേഷ് ഫോഗട്ടിന്റെ പുറത്താകലിനു പിന്നാലെ കേന്ദ്ര സർക്കാറിനെതിരെ ഗുരുതര ആരോപണങ്ങളുമായി പ്രതിപക്ഷം. വിനേഷ് ഫോഗട്ടിനെതിരെ ഗൂഢാലോചന നടന്നെന്ന് പ്രതിപക്ഷം ആരോപിച്ചു. വിഷയം പാർലമെന്റിൽ ഉന്നയിച്ച പ്രതിപക്ഷം കേന്ദ്ര സർക്കാറിനെതിരെ ആഞ്ഞടിച്ചു. വിനേഷിന് എല്ലാ സൗകര്യങ്ങളും ഒരുക്കി നൽകിയെന്ന കേന്ദ്ര കായിക മന്ത്രി മൻസൂഖ് മാണ്ഡവ്യയുടെ സഭയിലെ പ്രസ്താവനയിൽ പ്രതിഷേധിച്ച് പ്രതിപക്ഷം സഭയിൽ നിന്ന് ഇറങ്ങിപ്പോയി. തുടർന്ന് പാർലമെന്റ് കവാടത്തിൽ സംഘടിച്ചും പ്രതിപക്ഷം പ്രതിഷേധിച്ചു.

സ്വർണ പ്രതീക്ഷകളുമായി ഇന്നലെ ഫൈനൽ മത്സരത്തിനിറങ്ങാനിരിക്കെയാണ് ഭാരക്കൂടുതൽ ചൂണ്ടിക്കാട്ടി വിനേഷ് ഫോഗട്ടിനെ അയോഗ്യയാക്കിയത്. അനുവദിച്ച 50 കിലോഗ്രാമിലും നൂറു ഗ്രാം മാത്രം അധിക ഭാരമുണ്ടെന്ന് ചൂണ്ടിക്കാട്ടിയായിരുന്നു അയോഗ്യത. ഗുസ്തി ഫെഡറേഷൻ പ്രസിഡണ്ടും ബി.ജെ.പി മുൻ എം.പിയുമായ ബ്രിജ് ഭൂഷൺ ശരണിനെതിരെ ഡൽഹിയിലെ തെരുവുകളിൽ നടത്തിയ ഐതിഹാസിക സമര പോരാട്ടങ്ങൾക്ക് മുൻനിരയിലുണ്ടായിരുന്ന ഫോഗട്ട് പാരീസിലേക്കുള്ള ഇന്ത്യൻ ഒളിംപിക്സ് സംഘത്തിൽ ഇടംപിടിക്കാതിരിക്കാൻ കേന്ദ്ര സർക്കാറും ഗുസ്തി ഫെഡറേഷനും സാധ്യമായ എല്ലാ കരുനീക്കങ്ങളും നടത്തിയിരുന്നു. ഇഷ്ട വിഭാഗവും പതിവായി മത്സരിക്കാറുമുള്ള 53 ഗ്രാം ഫ്രീസ്റ്റൈൽ വിഭാഗത്തിൽ വിനേഷ് ഫോഗട്ടിനെ വെട്ടി പകരം താരത്തെ നിശ്ചയിച്ചതടക്കം ഈ കളികളുടെ ഭാഗമായിരുന്നു. ഇതോടെയാണ് 50 കിലോഗ്രാം ഫ്രീസ്റ്റൈൽ വിഭാഗത്തിലേക്ക് വിനേഷിന് മാറേണ്ടി വന്നത്. ഇതിനായി ശരീര ഭാരം കുറക്കുക എളുപ്പമായിരുന്നില്ലെങ്കിലും കഠിനാധ്വാനത്തിലൂടെ തന്റെ ലക്ഷ്യം എത്തിപ്പിടിച്ചാണ് ഒളിംപിക്സിന് യോഗ്യത നേടിയതും ഇന്ത്യൻ സംഘത്തിന്റെ ഭാഗമായതും. ഈ കഠിനാധ്വാനത്തിനു മുന്നിൽ ഒറ്റ ലക്ഷ്യമേ ഉണ്ടായിരുന്നുള്ളൂ. ഒളിംപിക്സിൽ സ്വർണമെഡൽ കഴുത്തിലണിഞ്ഞ് തന്നെ തെരുവുകളിൽ വലിച്ചിഴവർക്ക് മറുപടി നൽകുക. എന്നാൽ ആ ലക്ഷ്യത്തിലേക്കുള്ള അവസാന മണിക്കൂറുകളിലാണ് താരം പുറത്താക്കപ്പെട്ടത്.

ലോക ഒന്നാംനമ്പർ താരത്തെ വരെ അട്ടിമറിച്ച് ആധികാരിക വിജയത്തിലൂടെ ഫൈനൽബെർത്ത് വരെ മുന്നേറിയ താരം പാരീസ് ഒളിംപിക്സിലെ ഇന്ത്യയുടെ വിരലിലെണ്ണാവുന്ന സ്വർണ പ്രതീക്ഷകളിൽ ഒന്നായിരുന്നു. അതാണ് ഇന്നലെ രാജ്യത്തെ മുഴുവൻ കണ്ണുനീരിലാഴ്ത്തി അട്ടിമറിക്കപ്പെട്ടത്.

കായിക താരങ്ങളുടെ ശരീരഭാരം ഉൾപ്പെടെ നിയന്ത്രിക്കാൻ നിയമിക്കപ്പെട്ട ഒഫീഷ്യലുകൾ അടക്കം ഇതോടെ സംശയ മുനയിലാണ്. കോച്ചും ഡോക്ടർമാരും ഫിസിയോ തെറാപ്പിസ്റ്റുകളും ന്യൂട്രീഷ്യൻമാരും അടക്കമുള്ളവർ എന്തു ചെയ്യുകയായിരുന്നു എന്ന ചോദ്യമാണ് ഉയരുന്നത്.

## രാജ്യം ഒന്നടങ്കം ഒപ്പമുണ്ട്

# സമാശ്വസിപ്പിച്ച് രാഹുൽഗാന്ധി

ന്യൂഡൽഹി: ഭാരപരിശോധനയിൽ പരാജയപ്പെട്ട് പാരിസ് ഒളിംപിക്സിൽ നിന്നും അയോഗ്യയാക്കപ്പെട്ട വിനേഷ് ഫോഗട്ടിനെ സമാശ്വസിപ്പിച്ച് പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി. രാജ്യം ഒന്നടങ്കം ഒപ്പമുണ്ടെന്നും വിനേഷ് ഫോഗട്ട് എന്നും രാജ്യത്തിന്റെ അഭിമാനമാണെന്നും അദ്ദേഹം പറഞ്ഞു. ഗുസ്തി രംഗത്തേക്ക് കൂടുതൽ ശക്തമായി തിരിച്ചെത്തുമെന്ന് ഉറപ്പുണ്ടെന്നും അദ്ദേഹം പറഞ്ഞു. വിനേഷ് ഫോഗട്ടിന്റെ അയോഗ്യക്കെതിരെ അപ്പീൽ നൽകാൻ എല്ലാ ശ്രമങ്ങളും നടത്തണമെന്നും രാഹുൽഗാന്ധി കേന്ദ്ര സർക്കാറിനോട് അഭ്യർത്ഥിച്ചു. രാജ്യത്തിന്റെ അഭിമാനമാണ് വിനേഷ് ഫോഗട്ടെന്ന് കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ പറഞ്ഞു. ലോക ചാമ്പ്യന്മാരെ പരാജയപ്പെടുത്തിയ ഫോഗട്ട് സാങ്കേതിക കാരണങ്ങളാലാണ് അയോഗ്യയാക്കപ്പെട്ടതെന്നും ഖാർഗെ പറഞ്ഞു. രാജ്യത്തെ നിരവധി പേരുടെ സ്വപ്നങ്ങൾക്ക് ശക്തി പകർന്ന വിനേഷ് ഫോഗട്ടിന്റെ അവിശ്വസനീയമായ യാത്ര എന്നും ഓർമിക്കപ്പെടുമെന്നും ശക്തയായി അവർ തിരിച്ചുവരുമെന്ന് ഉറപ്പുണ്ടെന്നും കോൺഗ്രസ് ജനറൽ സെക്രട്ടറി പ്രിയങ്ക ഗാന്ധി പറഞ്ഞു. 'നിങ്ങളുടെ ധൈര്യവും കഠിനാധ്വാനവും അർപ്പണബോധവും ഞാൻ നേരിൽ കണ്ടതാണ്. ഒളിംപിക്സിൽ രാജ്യത്തെ കോടിക്കണക്കിന് പെൺകുട്ടികളുടെ സ്വപ്നങ്ങൾക്കായി നിങ്ങൾ പോരാടുകയായിരുന്നു. നിങ്ങളുടെ മിന്നുന്ന പ്രകടനങ്ങൾ ചെറുപട്ടണങ്ങളിൽ നിന്ന് വരുന്ന ദശലക്ഷക്കണക്കിന് പെൺകുട്ടികളുടെ സ്വപ്നങ്ങൾക്ക് ചിറകുകൾ നൽകി. എന്റെ സഹോദരി, നിങ്ങൾ ഒറ്റക്കാണെന്ന് കരുതരുത്. നിങ്ങൾ ഞങ്ങളുടെ ചാമ്പ്യനായിരുന്നു. എല്ലായിപ്പോഴും നിങ്ങൾ ഞങ്ങളുടെ ചാമ്പ്യനായിരിക്കുമെന്നും ഓർക്കുക. നിങ്ങൾ കൂടുതൽ കരുത്തോടെ തിരിച്ചുവരുമെന്ന് എനിക്ക് പൂർണ വിശ്വാസമുണ്ട്, പ്രിയങ്ക ഗാന്ധി പറഞ്ഞു.

## പിന്തുണയുമായി കായിക താരങ്ങളും രാഷ്ട്രീയ നേതാക്കളും

ന്യൂഡൽഹി: പാരീസ് ഒളിംപിക്സിൽ ഫൈനൽ മത്സരത്തിന് തൊട്ടു മുമ്പ് അയോഗ്യത നേരിട്ടതിനു പിന്നാലെ ഗുസ്തി താരം വിനേഷ് ഫോഗട്ടിന് പിന്തുണയുമായി കായിക താരങ്ങളും രാഷ്ട്രീയ നേതാക്കളും. രാഷ്ട്രപതി ദ്രൗപതി മുർമു, പ്രധാനമന്ത്രി നരേന്ദ്രമോദി, പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി അടക്കമുള്ള രാഷ്ട്രീയ നേതാക്കളും കായിക രംഗത്തുനിന്നുള്ള അനവധി താരങ്ങളുമാണ് വിനേഷിനെ ആശ്വസിപ്പിച്ചും പിന്തുണ അറിയിച്ചും രംഗത്തെത്തിയത്. വിനേഷ് സ്വർണമെഡൽ നേടുമെന്ന് പ്രതീക്ഷിച്ചിരുന്നതായി ബാഡ്മിന്റൺ താരം പി.വി സിന്ധു പറഞ്ഞു. ഞങ്ങളുടെ കണ്ണിൽ നിങ്ങളാണ് എപ്പോഴും ചാമ്പ്യൻ. മെച്ചപ്പെടുന്നതിനായി എപ്പോഴും പോരാടുന്ന അമാനുഷിക വനിതയാണ് താങ്കൾ. എപ്പോഴും നിങ്ങൾക്കൊപ്പമുണ്ടെന്നും പി.വി സിന്ധു എക്സിൽ കുറിച്ചു. സാക്ഷി മാലിക് അടക്കമുള്ള ഗുസ്തി താരങ്ങളും വിനേഷിനെ പിന്തുണച്ച് രംഗത്തെത്തി.

## മോദിയുടെ സമാശ്വസിപ്പിക്കൽ ഒരുമുഴം മുന്നേ എറിഞ്ഞതോ?

ന്യൂഡൽഹി: ഒളിംപിക്സിൽ നിന്ന് ഭാരക്കൂടുതൽ ചൂണ്ടിക്കാട്ടി അയോഗ്യയാക്കപ്പെട്ടതിനു പിന്നാലെ ഗുസ്തി താരം വിനീഷ് ഫോഗട്ടിന് പിന്തുണയുമായി പ്രധാമന്ത്രി നരേന്ദ്രമോദി എത്തിയത് രാഷ്ട്രീയ വിവാദങ്ങൾ ഭയന്ന് ഒരു മുഴം മുന്നേ എറിഞ്ഞതോ? അയോഗ്യതാ വാർത്ത വന്നതിനു തൊട്ടു പിന്നാലെയാണ് മോദി വിനേഷിനെ പിന്തുണച്ചും വാനോളം പുകഴ്ത്തിയും രംഗത്തെത്തിയത്. ''വിനേഷ്, താങ്കൾ ചാംപ്യന്മാരുടെ ചാംപ്യനാണ്. താങ്കൾ ഇന്ത്യയുടെ അഭിമാനവും ഓരോ ഇന്ത്യക്കാരനും പ്രചോദനവുമാണ്. ഇന്നത്തെ ഈ തിരിച്ചടി വേദനിപ്പിക്കുന്നു. ഈ നിമിഷം ഞാൻ അനുഭവിക്കുന്ന നിരാശ വാക്കുകൾ കൊണ്ട് പ്രകടിപ്പിക്കാനായിരുന്നെങ്കിൽ എന്ന് ആഗ്രഹിച്ചു പോകുന്നു. പ്രതിരോധത്തിന്റെ പ്രതീകമാണ് താങ്കളെന്ന് എനിക്കറിയാം. വെല്ലുവിളികളെ തലയുയർത്തിത്തന്നെ നേരിടുന്നതാണ് താങ്കളുടെ രീതി. ശക്തമായി തിരിച്ചുവരൂ. ഞങ്ങളെല്ലാം ഒപ്പമുണ്ട്'' എന്നാണ് മോദി എക്സിൽ കുറിച്ചത്.

ഇതേ മോദിയുടെ കീഴിലുള്ള ഡൽഹി പൊലീസ് തന്നെയാണ് ബ്രിജ് ഭൂഷൺ ശരണിനെതിരായ പ്രക്ഷോഭത്തിന്റെ പേരിൽ വിനേഷ് ഫോഗട്ട് അടക്കമുള്ള താരങ്ങളെ തെരുവിൽ വലിച്ചിഴച്ചത്. കൊടിയ മർദ്ദന മുറകളാണ് അന്ന് ഗുസ്തി താരങ്ങൾ നേരിട്ടത്. അറസ്റ്റ് ചെയ്തും കേസെടുത്തും വേട്ടയാടി. ഗത്യന്തരമില്ലാതെ, അതുവരെ രാജ്യത്തിനായി നേടിയ മെഡലുകൾ ഗംഗയിൽ ഒഴുക്കാനുള്ള കടുത്ത തീരമാനവുമായി ഗംഗാ നദിയുടെ ഓരത്ത് മണിക്കൂറുകൾ കണ്ണീർ വാർത്തിരുന്നപ്പോൾ പോലും ഒരക്ഷരം ഉരിയാടാനോ താരങ്ങൾ ഉന്നയിച്ച പ്രശ്നങ്ങളിൽ പരിഹാരം ഉണ്ടാക്കാമെന്ന ഒറ്റവരി സമാശ്വാസ പ്രസ്താവന നടത്താൻ പോലുമോ തയ്യാറാകാതെ മോദി മഹാമൗനത്തിൽ ഒളിക്കുകയായിരുന്നു. അതുകൊണ്ടുതന്നെ സാങ്കേതിക കാരണങ്ങളാൽ വിനേഷ് ഫോഗട്ട് കലാശപ്പോരാട്ടത്തിൽ നിന്ന് പുറത്താകുമ്പോൾ, അത് തനിക്കും തന്റെ സർക്കാറിനുമെതിരായ മൂർച്ചയുള്ള രാഷ്ട്രീയ ആയുധമായി പ്രതിപക്ഷം മാറ്റുമെന്ന് മറ്റാരേക്കാളും നന്നായി മനസ്സിലാക്കിയതു കൊണ്ടാണ് മോദിയുടെ പെട്ടെന്നുള്ള ഇടപെടൽ എന്നാണ് രാഷ്ട്രീയ നിരീക്ഷകർ ചൂണ്ടിക്കാട്ടുന്നത്. ഇന്ത്യൻ ഒളിംപിക്സ് അസോസിയേഷൻ പ്രസിഡണ്ട് പി.ടി ഉഷയെ വിളിച്ച് സാധ്യമായ എല്ലാ ഇടപെടലുകളും നടത്താൻ പ്രധാനമന്ത്രി അഭ്യർത്ഥിച്ചിരുന്നെങ്കിലും കാര്യമായ നീക്കങ്ങളൊന്നുമുണ്ടായില്ല.

## ലാവോസിലേക്ക് മനുഷ്യക്കടത്ത് ഒരാൾ അറസ്റ്റിൽ

കൊച്ചി: ലാവോസിലെ ചൈനീസ് കമ്പനിയിലേക്ക് മനുഷ്യക്കടത്ത് നടത്തിയ കേസിൽ ഒരാൾ അറസ്റ്റിൽ. പള്ളുരുത്തി തങ്ങൾ നഗർ സ്വദേശി അഫ്സർ അഷറഫ് (34) ആണ് അറസ്റ്റിലായത്. തട്ടിപ്പിന് ഇരയായ എറണാകുളം പനമ്പിള്ളി നഗറിൽ ബിഎസ്എൻഎൽ ക്വാർട്ടേഴ്സിൽ താമസിക്കുന്ന ഷുഹൈബ് ഹസൻ അടക്കമുള്ളവർ നൽകിയ പരാതിയിൽ തോപ്പുംപടി പൊലീസാണ് ഇയാളെ അറസ്റ്റ് ചെയ്തത്. നാല് ലക്ഷം രൂപയ്ക്ക് ചൈനീസ് കമ്പനിക്ക് പരാതിക്കാരെ പ്രതി വിറ്റെന്ന് പൊലീസ് പറയുന്നു. പരാതിക്കാരിൽ നിന്നും ജോലി വാഗ്ദാനം ചെയ്ത് 50000 രൂപ വീതം തട്ടിയെടുത്തതിന് ശേഷമാണ് ചൈനീസ് കമ്പനിക്ക് വിറ്റത്. ലാവോസിലെ ചൈനീസ് കമ്പനി യിങ് ലോൺ എന്ന സ്ഥാപനത്തിൽ ഇൻവെസ്റ്റ്മെന്റ് സ്കീമിൽ ജോലി വാഗ്ദാനം ചെയ്താണ് ഷുഹൈബ് ഹസൻ ഉൾപെടെ ആറ് പേരെ ലാവോസിലേക്ക് കൊണ്ട് പോയത്. ഓൺലൈൻ തട്ടിപ്പുശൃംഖലയുടെ ഭാഗമാക്കി ജോലിയെടുപ്പിക്കുന്നതിനാണ് കൊണ്ടുവന്നതെന്ന് അവിടെയെത്തിയപ്പോഴാണ് മനസിലായത്. ഒരാൾക്ക് നാലു ലക്ഷം രൂപ വീതം ഏജന്റിന് ചൈനീസ് കമ്പനി നൽകുകയും ചെയ്തതായി എഫ്ഐആറിൽ പറയുന്നു. പോയവർ തിരികെയെത്തി പൊലീസിൽ പരാതിപ്പെടുകയായിരുന്നു. ചൈനീസ് കമ്പനിയെ അടക്കം പ്രതിയാക്കിയാണ് പൊലീസ് കേസെടുത്തിരിക്കുന്നത്. കേസിൽ ലാവോസിലെ ഗോൾഡൻ ട്രയാങ്കിളിൽ പ്രവർത്തിക്കുന്ന യിങ് ലോൺ ജീവനക്കാരായ രണ്ടുപേർ കൂടി പ്രതികളാണ്.

നേരത്തെ തിരുവനന്തപുരത്തും സമാനമായ രീതിയിലുള്ള സംഭവം നടന്നിരുന്നു. മനുഷ്യക്കടത്തിന്റെ ഭാഗമായി ആളുകളെ വിദേശത്ത് എത്തിക്കുകയും അവിടെ വെച്ച് ചൈനീസ് കമ്പനികൾക്ക് വിറ്റ് അവരെ പിന്നീട് ഓൺലൈൻ തട്ടിപ്പിന്റെ ഭാഗമാക്കി മാറ്റുകയും ചെയ്തു എന്നായിരുന്നു ആരോപണം. സമാനമായ രീതിയിൽ ആറ് പേരാണ് തോപ്പുംപടി ഭാഗത്ത് നിന്ന് ലാവോസിലേക്ക് പോയത്. ലാവോസിലെ സ്ഥാപനത്തിൽ ഇപ്പോഴും നിരവധി പേർ ഇത്തരത്തിൽ നിയമ വിരുദ്ധ ജോലി ചെയ്തു വരുന്നതായാണ് പോലീസിന് ലഭിച്ചിട്ടുള്ള വിവരം.കൊണ്ടുപോയ ആളുകളെ ഓൺലൈൻ തട്ടിപ്പിന്റെ ഭാഗമാക്കി മാറ്റി ഒരു മുറിയിൽ അടച്ചു എന്നാണ് പൊലീസ് പറയുന്നത്. അവിടെ മലയാളികൾ അടക്കമുള്ള മറ്റ് ആളുകളും ഉണ്ടായിരുന്നു. പലരെയും മർദിക്കുന്നത് തങ്ങൾ കണ്ടിട്ടുണ്ട് എന്നാണ് ഇവർ പൊലീസിനോട് പറഞ്ഞിരിക്കുന്നത്. ഇവർ അവിടെ തടവിലായിരുന്നു. ഇത് മനുഷ്യക്കടത്തിന്റെ ഭാഗമാണ് എന്ന് ചൂണ്ടിക്കാട്ടിയാണ് പൊലീസ് ഇപ്പോൾ കേസെടുത്തിരിക്കുന്നത്. സംഭവത്തിൽ അന്വേഷണം നടത്തി വരുന്നതായും പൊലീസ് അറിയിച്ചു.

## ഖാദർ കമ്മിറ്റി റിപ്പോർട്ട് ഒറ്റയടിക്ക് നടപ്പാക്കില്ലെന്ന് വിദ്യാഭ്യാസമന്ത്രി

തിരുവനന്തപുരം: വിദ്യാഭ്യാസ മേഖലയിൽ ഘടനാപരമായ സമഗ്ര മാറ്റം ശുപാർശ ചെയ്ത് ഡോ.എം.എ.ഖാദർ അധ്യക്ഷനായ സമിതി സമർപ്പിച്ച റിപ്പോർട്ട് സംബന്ധിച്ച് ചർച്ചകളും വിമർശനങ്ങളും തുടരുന്ന സാഹചര്യത്തിൽ ഒറ്റയടിക്ക് റിപ്പോർട്ട് പൂർണമായി നടപ്പാക്കാൻ കഴിയില്ലെന്ന് വ്യക്തമാക്കി വിദ്യാഭ്യാസമന്ത്രി വി.ശിവൻകുട്ടി. ഖാദറിന്റെ വിമർശനം അദ്ദേഹത്തിന്റെ വ്യക്തിപരമായ അഭിപ്രായം മാത്രമാണെന്നും മന്ത്രി പറഞ്ഞു.

സർക്കാർ സ്കൂളുകളിൽ പഠിക്കുന്നതിനേക്കാൾ കുട്ടികൾ എയ്ഡഡ് മാനേജ്മെന്റ് സ്കൂളുകളിലാണ് പഠിക്കുന്നത്. പല കാര്യങ്ങളും ഒറ്റയടിക്ക് നടപ്പാക്കാൻ കഴിയില്ല. ഖാദർ കമ്മിറ്റി സമർപ്പിച്ച രണ്ട് റിപ്പോർട്ടുകളും സർക്കാർ അംഗീകരിച്ചിട്ടുണ്ട്. അത്തരത്തിൽ വിദഗ്ധർ നൽകുന്ന മുഴുവൻ നിർദേശങ്ങളും ശുപാർശകളും നടപ്പാക്കാൻ കഴിയുമോയെന്ന് ചോദിച്ച മന്ത്രി, ചില കാര്യങ്ങൾ പെട്ടെന്ന് നടപ്പാക്കുംമെന്നും മറ്റു ചിലത് കുറച്ചു നാളത്തേക്ക് മാറ്റിവെക്കേണ്ടിവരുമെന്നും പറഞ്ഞു. അതിൽ ആരും ബേജാർ ആകേണ്ട കാര്യമില്ലെന്നും മന്ത്രി അറിയിച്ചു. സമുദായ സംഘടനകളടക്കം എതിർക്കുന്ന സ്കൂൾ സമയമാറ്റ നിർദേശം നടപ്പാക്കില്ല. എയ്ഡഡ് സ്കൂൾ നിയമനം പബ്ലിക്ക് സർവിസ് കമ്മിഷനു വിടുന്നതു പരിഗണനയിലില്ല. പല നിർദേശങ്ങളും പ്രായോഗികമല്ലെന്നും സമൂഹത്തിന്റെയും അധ്യാപക സംഘടനകളുടെയും അഭിപ്രായങ്ങൾ കൂടി പരിഗണിച്ചാകും നടപ്പാക്കുകയെന്നും അദ്ദേഹം പറഞ്ഞു.അതേസമയം, കമ്മിഷൻ ശുപാർശകൾ വളരെ നേരത്തേ നടപ്പാക്കേണ്ടതായിരുന്നുവെന്നും വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വർധിപ്പിച്ചാലേ നമ്മുടെ കുട്ടികൾ രക്ഷപ്പെടുകയുള്ളൂവെന്നും ഡോ. എം.എ.ഖാദർ പ്രതികരിച്ചു.

## നവകേരള സദസിന്റെ ക്ഷണക്കത്തിന് മാത്രം 9.16 കോടി പണം അനുവദിച്ച് സർക്കാർ

തിരുവനന്തപുരം: ഏറെ വിവാദങ്ങൾക്ക് ഇടയാക്കിയ രണ്ടാം പിണറായി സക്കാരിന്റെ നവകേരള ധൂർത്തിന് പണം അനുവദിച്ചു. മുഖ്യമന്ത്രിയും മന്ത്രിസഭയും പങ്കെടുത്ത നവകേരള സദസുകളുടെ ക്ഷണക്കത്ത് പ്രിന്റ് ചെയ്തതിന് 7.47 കോടിയാണ് അനുവദിച്ചത്. ഈമാസം രണ്ടിനാണ് തുക അനുവദിച്ചത്. 9.16 കോടി രൂപക്കായിരുന്നു ക്ഷണക്കത്ത് അച്ചടി കരാർ. ബാക്കി തുക മെയ് നാലിന് അനുവദിച്ചിരുന്നു. കഴിഞ്ഞ വർഷം നവംബർ 18ന് തുടങ്ങി ഒരുമാസമാണ് മന്ത്രിസഭ നവകേരള സദസെന്ന പേരിൽ കേരള പര്യടനം നടത്തിയത്. സി ആപ്റ്റിനാണ് സർക്കാര് പണം നൽകി ഉത്തരവിറക്കിയത് നവകേരള സദസ്സിന് വേണ്ട പോസ്റ്ററും ബ്രോഷറും ക്ഷണക്കത്തും തയ്യാറാക്കിയതിന് 9.16 കോടി രൂപയായിരുന്നു ചെലവ്. ക്വട്ടേഷൻ പോലും വിളിക്കാതെയാണ് പിആർഡി സി ആപ്റ്റിന് സർക്കാർ കരാർ നൽകിയത്. മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടേയും പടം വച്ച് പരിപാടിക്ക് വേണ്ടി 25.40 ലക്ഷം പോസ്റ്ററാണ് അടിച്ചത്. പ്രതിസന്ധികാലത്ത് സർക്കാർ ധൂർത്തെന്ന പ്രതിപക്ഷ ആരോപണം നിലനിൽക്കെയാണ് ചെലവുകളുടെ കണക്ക് ഒരോന്നായി പുറത്തുവരുന്നത്.

## ജസ്റ്റിസ് കെ.ഹേമ കമ്മീഷൻ റിപ്പോർട്ട് ഹർജിയിൽ 13ന് വിധി പറയും

കൊച്ചി: ജസ്റ്റിസ് കെ.ഹേമ കമ്മീഷൻ റിപ്പോർട്ടിന്റെ ഉള്ളടക്കം പ്രസിദ്ധീകരിക്കുന്നത് ചോദ്യം ചെയ്തുള്ള ഹർജിയിൽ ഹൈക്കോടതി 13ന് വിധി പ്രസ്താവിക്കും. മലയാളം ചലച്ചിത്രമേഖലയിലെ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ പഠിക്കുന്നതിനും അവയ്ക്ക് പരിഹാരം നിർദ്ദേശിക്കുന്നതിനുമാണ് 2017ൽ ജസ്റ്റിസ് കെ. ഹേമ കമ്മിറ്റിയെ ചുമതലപ്പെടുത്തിയത്.ഹേമ കമ്മീഷൻ റിപ്പോർട്ടിലെ ഉള്ളടക്കം കമ്മീഷനിൽ സാക്ഷ്യപ്പെടുത്തിയവരുടെയും മറ്റ് ബന്ധപ്പെട്ടവരുടെയും സ്വകാര്യതയെ ബാധിക്കുന്ന ഭാഗങ്ങൾ തിരുത്തി വെളിപ്പെടുത്തണമെന്ന സംസ്ഥാന വിവരാവകാശ കമ്മീഷണറുടെ ഉത്തരവ് ചോദ്യം ചെയ്തായിരുന്നു ഹർജി. മലയാളം ചലച്ചിത്ര നിർമ്മാതാവ് സജിമോൻ പാറയിൽ ആണ് ഹർജി നൽകിയത്. ജസ്റ്റിസ് വി ജി അരുൺ 2024 ഓഗസ്റ്റ് 13ന് വിധി പറയാൻ മാറ്റി.സംസ്ഥാന സർക്കാർ സമിതി രൂപീകരിച്ച് നടപടി സ്വീകരിച്ചതിനാൽ റിപ്പോർട്ടിലെ ഉള്ളടക്കം പ്രസിദ്ധീകരിക്കുന്നതിൽ പൊതുതാൽപര്യമില്ലെന്ന് ഹർജിക്കാരന് വേണ്ടി അഭിഭാഷകൻ സൈബി ജോസ് കിടങ്ങൂർ വാദിച്ചു. സിനിമാ മേഖലയിൽ പ്രവർത്തിക്കുന്ന സ്ത്രീകൾക്ക് വേണ്ടിയുള്ള നയം രൂപീകരിക്കാൻ കമ്മറ്റി രൂപീകരിച്ച രാജ്യത്തെ ഏക സംസ്ഥാനം കേരളമാണെന്ന് വാദമുയർന്നു. ജസ്റ്റിസ് ഹേമ കമ്മീഷൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പരിഗണിച്ചാണ് നയം രൂപീകരിക്കുന്നതെന്നും വ്യക്തമാക്കി.

## ബി.എഡ് സീറ്റിന് കോഴ: സിൻഡിക്കേറ്റ് അംഗത്തെ പുറത്താക്കാൻ വി.സിയെ തടഞ്ഞ് എം.എസ്.എഫ്



ബിഎഡ് സീറ്റിന് കോഴ ആവശ്യപ്പെട്ട സിൻഡിക്കേറ്റ് അംഗത്തെ പുറത്താക്കണമെന്ന് ആവശ്യപ്പെട്ട് എം.എസ്.എഫ് പ്രവർത്തകർ വി.സിയുടെ വാഹനം തടയുന്നു

തേഞ്ഞിപ്പലം: കാലിക്കറ്റ് സർവകലാശാലക്കു കീഴിലുള്ള പാലക്കാട് ജില്ലയിലെ സിൻഡിക്കേറ്റ് അംഗത്തിന്റെ കോളജിൽ ബി.എഡ് സീറ്റിന് കോഴ ആവശ്യപ്പെട്ട സംഭവത്തിൽ സിൻഡിക്കേറ്റ് അംഗം ഇ.അബ്ദുറഹീമിനെ സിൻഡിക്കേറ്റിൽ നിന്ന് പുറത്താക്കണമെന്ന് ആവശ്യപ്പെട്ട് എം.എസ്.എഫ് പ്രവർത്തകർ വൈസ് ചാൻസലറുടെ വാഹനം തടഞ്ഞു. ഭരണകാര്യാലയത്തിന്റെ കോമ്പൗണ്ടിലേക്ക് വി.സിയുടെ വാഹനം കടന്നുവരുന്ന വഴിയിൽ റോഡിൽ കുത്തിയിരുന്നായിരുന്നു എം.എസ്.എഫിന്റെ പ്രതിഷേധം. വാഹനം തടഞ്ഞതിനെ തുടർന്ന് വൈസ് ചാൻസലർ കാറിൽ നിന്നിറങ്ങി ഭരണകാര്യാലയത്തിലേക്ക് നടന്നുപോവുകയായിരുന്നു.

ബി.എഡ് സീറ്റിന് സിൻഡിക്കേറ്റംഗം കോഴ ആവശ്യപ്പെടുന്ന ഒരു ശബ്ദരേഖ കഴിഞ്ഞ ദിവസം ഒരു ചാനൽ പുറത്തുവിട്ടിരുന്നു. മലപ്പുറം ജില്ലയിലെ മറ്റൊരു ബി.എഡ് കോളജിലെ മാനേജ്മെന്റ് പ്രതിനിധിയും രണ്ടര ലക്ഷം രൂപ വീട്ടിലെത്തിക്കാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ശബ്ദരേഖയും പുറത്തുവന്നിരുന്നു. എയ്ഡഡ് സ്വാശ്രയ ബി.എഡ് കോളജുകളിൽ ബി.എഡ് സീറ്റിന് രേഖകൾ ഒന്നും നൽകാതെ രണ്ടു ലക്ഷം രൂപ മുതൽ മൂന്നു ലക്ഷം രൂപ വരെ കോഴ സാധാരണയായി വാങ്ങി വരുന്നുണ്ട്. എന്നാൽ ഇതിനു യാതൊരു തെളിവും ഉണ്ടാകാറില്ലെന്നതാണ് സവിശേഷത. സിൻഡിക്കേറ്റംഗങ്ങൾ ഉൾപ്പെടെയുള്ള രണ്ടുപേർ കോഴ ആവശ്യപ്പെട്ടുകൊണ്ടുള്ള തെളിവ് പുറത്തുവന്നതോടെയാണ് കോഴ വാങ്ങുന്ന മാനേജ്മെന്റുകൾക്ക് ഇത് തിരിച്ചടിയായത്. സിൻഡിക്കേറ്റ് അംഗം കോഴ ആവശ്യപ്പെട്ട സംഭവത്തിൽ ചാൻസലർക്ക് പരാതി ലഭിച്ചിട്ടുള്ളതിനാൽ ഗവർണറുടെ ഇടപെടൽ ഈ കാര്യത്തിൽ ഉണ്ടാകുന്നതിനാണ് സാധ്യത. സെനറ്റ് അംഗങ്ങളായ റഹീസ് ആലുങ്ങൽ, കെ.പി അമീൻ റാഷിദ്, പി.കെ മുബഷിർ, സാജിദ് അലി, ഹിബ, ടി.പി ഫിദ, നാജിയ എന്നിവർ സമരത്തിന് നേതൃത്വം നൽകി.

## മുതലപ്പൊഴിയിൽ വള്ളം മറിഞ്ഞ് തൊഴിലാളിക്ക് പരിക്ക്

തിരുവനന്തപുരം : പെരുമാതുറ മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്ത് വള്ളം മറിഞ്ഞ് തൊഴിലാളിക്ക് പരിക്ക്. പെരുമാതുറ സ്വദേശി താജുദ്ദീൻ (38) ആണ് പരിക്കേറ്റത്. ഇന്നലെ രാവിലെ 6:15 ഓടെയാണ് സംഭവം.

മത്സ്യബന്ധനത്തിനായി പോകവേ ശക്തമായ തിരയിലും ചുഴിയിലുംപ്പെട്ട വള്ളം തലകീഴായി മറിഞ്ഞാണ് അപകടമുണ്ടായത്.താജുദ്ദീനൊപ്പം വള്ളത്തിലുണ്ടായിരുന്ന പെരുമാതുറ സ്വദേശികളായ മുഹമ്മദ് ഷാ (28), ഷാഫി (38), എന്നീ തൊഴിലാളികൾ തെറിച്ച് കടലിലേക്ക് വീണെങ്കിലും പരിക്കേൽക്കാതെ രക്ഷപ്പെടുകയായിരുന്നു. വള്ളത്തിലിടിച്ച് നിസ്സാര പരിക്കേറ്റ താജുദ്ദീനെ ചിറയിൻകീഴ് താലൂക്കാശുപത്രിയിലെത്തിച്ച് പ്രാഥമിക ചികിത്സയ്ക്ക് ശേഷം വിട്ടയച്ചു.

അപകടത്തിൽപ്പെട്ട ഉടനെ മത്സ്യതൊഴിലാളികളും, കോസ്റ്റൽ പോലീസും, ഫിഷറീസ് ഗാർഡുകളും ചേർന്നാണ് കടലിൽ വീണവരെ രക്ഷപ്പെടുത്തിയത്. വള്ളം കടലിലേക്ക് ഒഴുകിപോയെങ്കിലും മറ്റൊരു വള്ളത്തിൽ കെട്ടിവലിച്ച് കരയ്ക്കെത്തിക്കുകയായിരുന്നു.പെരുമാതുറ ഒറ്റപ്പന സ്വദേശി സവാദിന്റെ ഉടസ്ഥതയിലുള്ള ഫ്രണ്ടസ് എന്ന വള്ളമാണ് അപകടത്തിൽപ്പെട്ടത്. വള്ളത്തിനും എഞ്ചിനും കേടുപാടുകമുണ്ടായി.രണ്ട് ലക്ഷം രൂപയുടെ നഷ്ടം കണക്കാക്കുന്നു, തിങ്കളാഴ്ചയും മണൽ തിട്ടയിലിടിച്ച് വള്ളം മറിഞ്ഞ് അപകടമുണ്ടായിരുന്നു.